2006

മെയ്

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

മലങ്കരസഭ

MALANKARASABHA

Rs. 7



കതിരുകൾക്കായി ഇടവമാസത്തിലും,
വിത്തിനുവേണ്ടി മകരത്തിലും,
മുന്തിരിക്ക് ചിങ്ങത്തിലും
പ. കന്യകയെപ്രതി വർഷം
മൂന്ന് പെരുനാളുകൾ...

ഈ പെരുനാളുകൾ
കൊണ്ടാടണമെന്ന ഉദ്ബോധനവുമായി
യോഹന്നാൻ ശ്ലീഹാ, എഴുതപ്പെട്ട
ഗ്രന്ഥങ്ങളുടെ പിൻബലത്തോടെ
എഫേസൂസിൽ പ്രസംഗിച്ചപ്പോൾ
പനിമഴ പെയ്തിറങ്ങിയ ചരിത്രം...


രണ്ടാമത്തെ സ്വർഗ്ഗവും
സന്തോഷത്തിന്റെ കതിരുമായ
പ. കന്യകയുടെ ഭാഗ്യ ചരിതം
സ്മൃതിപഥങ്ങളിലൂടെ
വീണ്ടും വീണ്ടും...

വിശപ്പിന്റെ വ്യസനവും വിലാപങ്ങളും നിലനില്ക്കെ
അമ്മ നല്കുന്ന അന്നം
കതിരായ് കാരുണ്യമായ്...

മെയ് 15

കതിരുകൾക്കുവേണ്ടിയുള്ള ദൈവമാതാവിന്റെ പെരുനാൾ

ജന്മദിനാശംസകൾ



H.G. DR. THOMAS MAR MAKARIOS METROPOLITAN

'സഭയിലൂടെ വളരുന്നതിനേക്കാൾ സഭയെ വളർത്തുവാൻ ആഗ്രഹിക്കുന്ന ആത്മീയ പിതാവ്.'
തന്നെ പകയ്ക്കുന്നവരോടും നന്മയിലൂടെ മറുപടി പറയുന്ന വ്യക്തിത്വം'

മലങ്കര സഭയുടെ നിർണ്ണായകഘട്ടങ്ങളിൽ ദിശാബോധത്തോടെ നേതൃത്വം നൽകി, കഴിഞ്ഞ അര നൂറ്റാണ്ടിലധികം സഭാ നേതൃനിരയിൽ ജ്വലിച്ചു നിൽക്കുന്ന ഊർജ്ജസ്വലനും, കർമ്മനിരതനുമായ ഭദ്രാസന മെത്രാപ്പോലീത്തായ്ക്ക് ജന്മദിനാശംസകൾ.

Inserted by

CANDADA - UK-EUROPE DIOCESE

Regional Office : 10-1285 Bristol Road West
Mississauga - Ontario, Canada-L5V2H5
Phone: 905-819-2965

മലങ്കരസഭ

ലക്കം 5, പുസ്തകം 62
മെയ്, 2006



വരിസംഖ്യ

ഇന്ത്യയിൽ		
ഒറ്റപ്രതി	:	7 രൂപ
ഒരുവർഷം	:	75 രൂപ
4 വർഷം	:	300 രൂപ
10 വർഷം	:	750 രൂപ
വിദേശത്തേക്ക്		
ഒരു വർഷം	:	600 രൂപ

Cover Design & Type Setting:-
M.S. Graphics, Devalokam.

ഉൾത്തുടിപ്പുകൾ

ദേവലോകം, കോട്ടയം - 686 038. ഫോൺ: 0481 - 2573234
Fax : +91 481 2573234

എഡിറ്റോറിയൽ

സംഘടനാ പ്രവർത്തനം – ഒരു വീണ്ടു വിചാരം

സംഘടനാ പ്രവർത്തനത്തെക്കുറിച്ചുള്ള നമ്മുടെ ധാരണകൾ പുനരവലോകന വിധേയമാക്കേണ്ടത് ഏറെ പ്രസക്തമായിരിക്കുന്നു. മലങ്കര സഭയിൽ പ്രായഭേദമെന്യേ പ്രവർത്തന സാധ്യതകൾ നൽകുന്ന വ്യത്യസ്ത സംഘടനകൾ നിലവിലുണ്ട്. വിശ്വാസികളെ സഭാ ജീവിതത്തിൽ സജീവരാക്കുന്നതിന് ഇവ ഉപയുക്തമാണ്. സഭയുടെയും സമൂഹത്തിന്റെയും പുരോഗമനപരമായ പ്രയാണത്തിന് നായകത്വം വഹിക്കേണ്ട വൈദികരെയും അൽമായ നേതൃത്വത്തെയും രൂപപ്പെടുത്തുന്നതിൽ ഇവയുടെ പങ്ക് നിസ്തുലമാണ്.

സമീപകാലത്തായി, ചില വൈദിക-അൽമായ സംഘടനകൾ ഒന്നിനു പിന്നാലെ മറ്റൊന്നായി സഭയുടെ മേൽവിലാസത്തിൽ മുളച്ചുപൊങ്ങുന്നത് സാധാരണ സംഭവമായിരിക്കുന്നു. സഭാ നേതൃസ്ഥാനങ്ങളിലിരിക്കുന്നവരുടെ പിന്താങ്ങലുകൾ ഉണ്ടെന്ന് അവകാശപ്പെടുന്ന ഇവരുടെ മാർഗ്ഗവും ലക്ഷ്യവും വിശ്വാസികൾക്ക് ഇനിയും അവ്യക്തമാണ്. ഇത്തരം സംഘടനകളുടെ പേരിൽ വരുന്ന പ്രസ്താവനകളും അതിനു പിന്നാലെയുള്ള നിശബ്ദതയുമാണ് ഇങ്ങനെയൊരു കുറിപ്പിന് നിദാനം. ചില ഉദാഹരണങ്ങൾ:-

i) മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി അഹോരാത്രം അദ്ധ്വാനിച്ച സഭാ മാനേജിംഗ് കമ്മറ്റിയംഗം മലങ്കര വർഗ്ഗീസിന്റെ ദാരുണ മരണം സഭയ്ക്ക് തീരാനഷ്ടമാണ്. അദ്ദേഹത്തിന് വധത്തിന് പിന്നിലുള്ളവരെ നിയമത്തിന് മുമ്പാകെ കൊണ്ടുവരാനുള്ള ക്രിയാത്മക ശ്രമം ഇതുവരെയും ഉണ്ടായിട്ടില്ല. പ്രതിസന്ധി ഘട്ടങ്ങളിൽ രംഗത്തിറങ്ങി ശരിയായ ദിശാബോധം നൽകേണ്ട അൽമായ നേതൃത്വം ഇതിനുവേണ്ടി എന്തെങ്കിലും ചെയ്തതായി അറിവുമില്ല. എപ്പിസ്ക്കോപ്പൽ-വൈദിക സ്ഥാനങ്ങളിൽ നിന്ന് ഒരു ചലനവും ഉണ്ടാകുന്നില്ല എന്ന പരാതിയോടെ ആരെയൊക്കെയോ ഭീഷണിപ്പെടുത്തുന്ന പ്രസ്താവനകൾ ഇറക്കിയ ചില സംഘടനകളുടെ ശബ്ദവും ഇപ്പോൾ കേൾക്കുന്നില്ല. പ്രതികൾ ഇപ്പോഴും വിശുദ്ധരായി വിലസുന്നു.

ii) പുതിയ ഭരണഘടനയുണ്ടാക്കി പുതിയ സഭയുമായി പുറത്തായവർക്ക് മലങ്കരയിലെ പള്ളികളിൽ ഒരവകാശവും ഇല്ല എന്നത് സാധാരണ ബുദ്ധിക്കു മനസ്സിലാകുന്ന സത്യമാണ്. എന്നാൽ വ്യക്തമായ കോടതിവിധികൾ ഉണ്ടായിരുന്നിട്ടും, വിഘടിത വിഭാഗത്തിന്റെ ഭീഷണിക്കു മുമ്പിൽ വഴങ്ങി നിൽക്കുന്ന സർക്കാർ നയങ്ങളോടു പ്രതികരിക്കുവാനോ, പള്ളിപൊതുയോഗങ്ങളും കമ്മറ്റികളും സഭാ ഭരണഘടന പ്രകാരം വിളിച്ചുകൂട്ടപ്പെട്ടാൽ കണക്കുകൾ പലതും ബോധിപ്പിക്കേണ്ടി വരും എന്ന ഭയത്താൽ വിശ്വാസികളുടെ അജ്ഞതയെ ചൂഷണം ചെയ്ത് "സമാധാനവും പങ്കു വെയ്ക്കലും" നടപ്പിലാക്കുവാൻ വെമ്പൽ കൊള്ളുന്ന "ഓർത്തഡോക്സ്" നേതാക്കന്മാരോട് പ്രതികരിക്കുവാനോ ഒരു സംഘടനയും മുന്നോട്ടു വന്നില്ല. സത്യവും നീതിയും എല്ലാവരും അനുസരിക്കണമെന്ന പ്രധാന തത്വത്തിൽ ഉറച്ചുനിന്നുകൊണ്ട് സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ വിട്ടുവീഴ്ചാ മനോഭാവത്തോടെ ഇപ്പോൾ നിലവിലുള്ളവയുടെ അംശം വിഘടിത വിഭാഗത്തിന് നൽകുവാനുള്ള സംവിധാനങ്ങൾ സഭയിലെ സംഘടനകളും നേതാക്കളും കൊണ്ടുവരട്ടെ.

iii) എരിതീയിൽ എണ്ണ എന്നവണ്ണം പ. ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനിയുടെ സ്ഥാനാരോഹണത്തിനെതിരെ കേസു കൊടുത്തത് സഭാ വിശ്വാസികളാണെന്നാണ് മാധ്യമങ്ങളുടെ വെളിപ്പെടുത്തൽ. സഭാ പിതാവിന്റെ സ്ഥാനത്തെ ചോദ്യം ചെയ്തുകൊണ്ട് മക്കൾ കേസ് കൊടുക്കുന്ന വിരോധാഭാസത്തിനെതിരെ ഒരു സംഘടനയും ശബ്ദിച്ചതായി അറിവില്ല. ഇതിന്റെയൊക്കെ പിന്നിൽ ഒളിച്ചിരിക്കുന്ന നിഗൂഢ ശക്തികളുടെ മാർഗ്ഗവും ലക്ഷ്യവും വെളിച്ചത്തു കൊണ്ടുവരുവാൻ സംഘടനകൾക്കും നേതാക്കൾക്കും സാദ്ധ്യമാകണം.

iv) സഭാ വിഷയങ്ങളിൽ അധികമൊന്നും പ്രതികരിച്ചിട്ടില്ലാത്ത വി. എസ്. അച്യുതാനന്ദൻ ഉമ്മൻചാണ്ടിയെ ലക്ഷ്യമാക്കി ഉന്നയിച്ച ആരോപണം സഭയ്ക്ക് ആക്ഷേപകരമായ സംഗതിയാണ്. സത്യം മനസ്സിലാക്കി പ്രതികരിക്കുവാൻ ധാരാളം അവസരങ്ങൾ ഉണ്ടായിട്ടും തെരഞ്ഞെടുപ്പടുത്ത നേരം വോട്ട് ലക്ഷ്യമാക്കിയുള്ള ഇത്തരം അഭിപ്രായങ്ങൾ ഒരു സംഘടനയുടെയും സജീവ പരിഗണനയ്ക്ക് വിധേയമായില്ല. ആർക്ക് വോട്ട് ചെയ്യണമെന്നത് വിശ്വാസികളുടെ തീരുമാനമാണ്. എന്നാൽ സഭയെ അവഹേളിക്കുന്ന രാഷ്ട്രീയ പ്രഹസനങ്ങളോട് ശ്രദ്ധാപൂർവ്വം പ്രതികരിക്കുവാൻ സഭയിലെ നേതാക്കൾക്കും സംഘടനകൾക്കും കഴിയണം.

യോഗം വിളിച്ചുകൂട്ടിയും പ്രസ്താവനകളിറക്കിയും സംതൃപ്തരാകുന്ന സംഘടനകളല്ല സഭയുടെ പുരോഗതിക്ക് കാരണമാകുന്നത്. സ്വാർത്ഥതയും രാഷ്ട്രീയ ലാഭവും വച്ചു പുലർത്തുന്ന വൈദിക-അൽമായ-നേതാക്കളേയും സഭ നിരസിക്കുന്നു. സഭയെയും രാഷ്ട്രത്തേയും നിസ്വാർത്ഥമായി സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്ന നേതാക്കളും സംഘടനകളും ഉണ്ടാകട്ടെ!

– പണിക്കരച്ചൻ

❖

പ. ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ



92-ാം ഓർമ്മ

പാമ്പാക്കുട ചെറിയ പള്ളിയിൽ

മഹാപുരോഹിതസന്ദേശം



വാത്സല്യ മക്കളേ,

നമ്മുടെ കർത്താവിന്റെ പുനരുത്ഥാനത്തിന്റെ സ്മരണ പുതുക്കുന്ന നാളുകളിലൂടെയാണല്ലോ നാം കടന്നു പോകുന്നത്. നിദ്ര കൊണ്ടവരിൽ ആദ്യഫലമായി ഉത്ഥിതനായ ക്രിസ്തു, താൻ സ്വീകരിച്ച മർത്ത്യശരീരത്തെ തേജോമയമായി രൂപാന്തരീകരിച്ചതിലൂടെ നമുക്കേവർക്കും തേജസ്ക്കരണത്തിന്റെ പൂർണ്ണത കൈവരും എന്ന പ്രത്യാശ നൽകിയിരിക്കുകയാണ്. ഇത് പഴയതിനെ പുതുതാക്കുന്ന ദൈവസ്നേഹത്തിന്റെ അനന്തമായ ആഴത്തിലേക്കു പ്രവേശിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്ന പ്രത്യേക ആനന്ദാനുഭവവുമാണ്.

സൃഷ്ടിയുടെ ആരംഭത്തിൽ ദൈവം തമ്പുരാൻ ആദാമിനു ജീവശ്വാസം പകർന്നു നൽകി (ഉല്പത്തി 2:7) ഉയിർത്തെഴുന്നേറ്റ കർത്താവ് തന്റെ ശിഷ്യന്മാർക്കു പരിശുദ്ധാത്മാവിനെ നൽകി (യോഹ. 20:22). ഉത്ഥിതനായ കർത്താവിനെ അനുഗമിക്കുന്ന ഏവർക്കും അവൻ പരിശുദ്ധാത്മാവിനെ നൽകും എന്ന പ്രത്യാശയിൽ നാം ഏവരും കാത്തിരിക്കേണ്ട ആവശ്യകതയാണ് ഈ നാളുകളിലൂടെ അനുസ്മരിപ്പിക്കുന്നത്.

കർത്താവിൽ നിന്ന് പരിശുദ്ധാത്മാവിനെ സ്വീകരിച്ച ശിഷ്യന്മാർ അവന്റെ സുവിശേഷ ദൗത്യം പൂർണ്ണമായും ഏറ്റെടുത്തു. പിശാചുകളെ ബഹിഷ്ക്കരിക്കുവാനും രോഗികളെ സൗഖ്യമാക്കുവാനും പാപങ്ങളെ മോചിക്കുവാനും ദൈവരാജ്യം പ്രഘോഷിക്കുവാനും കർത്താവിന്റെ സഭയെ ലോകമൊക്കെയിലും നട്ടുവളർത്തുവാനും അവർ വിവിധ ദേശങ്ങളിലേക്കു യാത്രയായി. അതിന്റെ ഭാഗമായാണ് കർത്താവിന്റെ തിരുമുറിവുകളെ സ്പർശിക്കുവാൻ സൗഭാഗ്യം ലഭിച്ച വി. മാർത്തോമ്മാ ശ്ലീഹാ ഭാരതത്തിൽ വന്നത്.

"എന്റെ കർത്താവും എന്റെ ദൈവവുമേ" എന്ന് ഉയിർത്തെഴുന്നേറ്റ കർത്താവിനെ നോക്കി വിളിച്ച മാർത്തോമ്മാ ശ്ലീഹായുടെ പ്രഖ്യാപനമാണ് നമ്മുടെ വിശ്വാസത്തിന്റെ ആധാരം. പുതുഞായറാഴ്ച പെരുന്നാളിലൂടെ നാം ഈ വിശ്വാസ പ്രഖ്യാപനത്തെ പുതുക്കി. ഇനി നാം തന്നെ അതിന്റെ പ്രചാരകർ ആകണം. അതിന് നമ്മെ ഒരുക്കുവാൻ തക്കവണ്ണം കർത്താവിന്റെ ആത്മാവ് നമ്മെ ഉദ്ദീപിപ്പിക്കേണ്ടതിന് നാം നമ്മെത്തന്നെ വിട്ടുകൊടുക്കണം. കർത്താവിനെ തൊട്ടറിഞ്ഞ അനുഭവത്തിലൂടെ വിശ്വാസം പ്രഖ്യാപിക്കുകയും അതിനെ ഭാരതത്തിൽ പ്രചരിപ്പിച്ചതിനാൽ രക്തസാക്ഷിയാകുകയും ചെയ്ത മാർത്തോമ്മാ ശ്ലീഹാ തന്നെയാണ് അതിന് നമ്മുടെ മാതൃക. അദ്ദേഹം നട്ടുവളർത്തിയ കർത്താവിന്റെ സഭയുടെ മക്കൾ എന്ന നിലയിൽ ദൈവരാജ്യത്തിന്റെ പ്രഘോഷകരാകുവാൻ ഉത്ഥാനത്തിന്റെ നാളുകൾ നമ്മെ വിളിക്കുന്നു.

മെയ് മാസം 15-ാം തീയതി കതിരുകൾക്കുവേണ്ടി വി. ദൈവമാതാവിനെ അനുസ്മരിക്കുന്ന വലിയ ദിനമാണ്. കർത്താവായ യേശുക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി ഉയിർത്തെഴുന്നേറ്റ കതിരായി പരിശോഭിക്കുന്നുവെങ്കിൽ അവന് കാലത്തികവിൽ ജന്മം നൽകുവാൻ തക്കവണ്ണം തെരഞ്ഞെടുക്കപ്പെട്ട വിളനിലവും വരണ്ട ഭൂമിയുമായ വി. കന്യകമറിയാമിന്റെ സ്ഥാനം അതുല്യമാണ്. ക്രൂശിലെ മരണത്തോളം കർത്താവിനെ അനുഗമിച്ച പ. അമ്മയിലൂടെ മാതൃത്വത്തിന്റെ പ്രസക്തി നാമേവരും തിരിച്ചറിയണം. ബലഹീനനായ നാം നമ്മുടെ വാത്സല്യമക്കളായ നിങ്ങളെയേവരെയും വി. കന്യകയുടെ മദ്ധ്യസ്ഥതയിൽ ദൈവസന്നിധിയിൽ സമർപ്പിക്കുന്നു.

ദൈവം നിങ്ങളെ ഏവരെയും അനുഗ്രഹിക്കട്ടെ!

ലേഖനം

ആരാധനാ പരിഷ്ക്കരണം ഒരു മരീചികയോ?

ഫാ. നൈനാൻ കെ. ജോർജ്
(വൈസ് പ്രിൻസിപ്പൽ - നാഗ്പൂർ സെമിനാരി)

ആരാധനാ പരിഷ്ക്കരണം എന്നത് ഇന്ന് ആരാധനയിൽ ഉപയോഗിക്കുന്ന പദപ്രയോഗങ്ങളുടെ തുടച്ചുമാറ്റലോ, പ്രയോഗത്തിലിരിക്കുന്ന സംഗീതങ്ങളുടെ ചുവടുവച്ചുള്ള പുതിയ സംഗീതങ്ങളുടെ കണ്ടെത്തലോ, പുതിയ ഭാഷകളിലേക്കുള്ള പറിച്ചുനടലോ, ദൈർഘ്യം ലോപിക്കുകയോ അല്ല; വേദശാസ്ത്രത്തിന്റെ സംസ്ക്കാരത്തിലൂടെയുള്ള നവീനഭാവമാണ് ഇവിടെ സാദ്ധ്യമാകേണ്ടത്. നമ്മുടെ സംസ്ക്കാരത്തിന്റെ ആവിഷ്ക്കരണത്തിനുള്ള വേദി കൂടിയായി തീരണം ആരാധന.

ആരാധനയെന്നത് മനുഷ്യന്റെ അനുദിന സാഹചര്യങ്ങളിൽ നിന്നും ദൈവത്തോടുള്ള പ്രതികരണമാണ്. ദേശീയ, സാമൂഹ്യ, രാഷ്ട്രീയ, താത്വിക വശങ്ങളെല്ലാം ഇതിൽ ഉൾപ്പെട്ടിരിക്കുന്നുവെന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ഇതിന്റെയൊക്കെ അടിസ്ഥാനത്തിലാണ് മനുഷ്യർ എക്കാലവും ദൈവത്തെപ്പറ്റിയുള്ള സങ്കല്പം വളർത്തിയെടുത്തിട്ടുള്ളതും, ദൈവ വിജ്ഞാനീയങ്ങൾ രൂപപ്പെട്ടിട്ടുള്ളതും.

മലങ്കര ഓർത്തഡോക്സ് സഭയുടെ ചരിത്രം സംയോജനത്തിന്റെയും വിയോജനത്തിന്റെയും ചരിത്രമാണ്. കാലാകാലങ്ങളിൽ സഭയെ വീർപ്പു മുട്ടിച്ച വേദശാസ്ത്രപരവും നവീനവുമായ ആശയങ്ങൾ സഭയെ പല വിഭാഗങ്ങളാക്കി. അവ പുതിയ സഭകളായി വളർന്നു കഴിഞ്ഞു. പൗരസ്ത്യ, പാശ്ചാത്യ വിശ്വാസ ദർശനങ്ങൾകൊണ്ടും സഭ വിഭജിക്കപ്പെട്ടു. നമുക്കു അന്യമായ സംസ്ക്കാരത്തിൽ ഉടലെടുത്ത ആരാധനാ സംവിധാനങ്ങൾകൊണ്ട് തൃപ്തിയടയുക മാത്രമല്ല അവയുടെ മേന്മകൾ വായ്തോരാതെ കൊട്ടിഘോഷിക്കുന്ന ഒരു സമൂഹമായി നാം നിൽക്കുന്നുവെന്നത് അടിമത്വത്തിന്റെ നുകം പാടെ ചുവടോടെ പിഴുതു മാറ്റിയില്ലയെന്നതിന്റെ പ്രത്യേക ലക്ഷണം കൂടെയാണ്. മാറിമാറിവന്ന മറ്റു സഭകളുമായുള്ള ബന്ധം പലപ്പോഴും ബന്ധനങ്ങളായി തീർന്നപ്പോൾ ശ്രദ്ധവച്ചു ചെയ്തു തീർക്കേണ്ട നമ്മുടെ കടമകൾ മറവിയുടെ തണലിൽ വിശ്രമം തേടി: കരിയിലയുടെ കീഴിൽ തണുപ്പു പറ്റിയിരിക്കുന്ന കീടങ്ങൾ പോലെ നൂറ്റാണ്ടുകളായി വിശ്രമിക്കുകയാണ്. ഇതിനിടയിൽ എവിടെയോ ചൊല്ലിക്കേട്ടു 'ആരാധനാ പരിഷ്ക്കരണ കമ്മറ്റി'. ഈ ചൊല്ലും നമ്മുടെ സ്വതസിദ്ധമായ സ്വഭാവത്തിന്റെ ആഴക്കടലിൽ മുങ്ങിപ്പോയി. ഇവിടെ ആരെയെങ്കിലും കുറ്റപ്പെടുത്തുവാനുള്ള സംരംഭമല്ല, നേരേമറിച്ച് തിരിച്ചുവരവിനുള്ള ശ്രമത്തിനായി കാതോർക്കുകയാണ്.

സംസ്കൃതി, ശുദ്ധീകരണം, പുതുതാക്കുക മുതലായ പര്യായ പദങ്ങൾ 'പരിഷ്കരണത്തിനുണ്ട്'. ആരാധനാ പരിഷ്ക്കരണം എന്നത് ഇന്ന് ആരാധനയിൽ ഉപയോഗിക്കുന്ന പദപ്രയോഗങ്ങളുടെ തുടച്ചുമാറ്റലോ, പ്രയോഗത്തിലിരിക്കുന്ന സംഗീതങ്ങളുടെ ചുവടുവച്ചുള്ള പുതിയ സംഗീതങ്ങളുടെ കണ്ടെത്തലോ, പുതിയ ഭാഷകളിലേക്കുള്ള പറിച്ചുനടലോ, ദൈർഘ്യം ലോപിക്കുകയോ അല്ല; വേദശാസ്ത്രത്തിന്റെ സംസ്ക്കാരത്തിലൂടെയുള്ള നവീനഭാവമാണ് ഇവിടെ സാദ്ധ്യമാകേണ്ടത്. നമ്മുടെ സംസ്ക്കാരത്തിന്റെ ആവിഷ്ക്കരണത്തിനുള്ള വേദി കൂടിയായി തീരണം ആരാധന.

മലങ്കരസഭ ഇന്ന് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന 'ആരാധനാഘടന' മദ്ധ്യപൂർവ്വദേശങ്ങളിൽ വളർന്നു പന്തലിച്ച ഒരു സംസ്ക്കാരത്തിന്റെ കൂടി ആവിഷ്ക്കാരമാണ്. ആരാധനയിൽ ഉപയോഗിക്കുന്ന പ്രതീകങ്ങളും, പ്രതിബിംബങ്ങളും, ആശയങ്ങൾപോലും ആ സംസ്ക്കാരത്തിൽ ജനിച്ചു വളർന്നു വരുന്ന ഒരാളിനു കൂടുതൽ ആസ്വദിക്കുവാൻ കഴിയുന്നവയാണ്. ഉദാഹരണം: 'നർദീൻ തൈലം', 'ലബനോൻ കാരകിൽ'. ഈ പ്രയോഗങ്ങളെല്ലാം ചില പ്രത്യേകത വ്യക്തമാക്കുവാനുള്ളതാണ്. ഭൂമിശാസ്ത്രപരമായ ചിന്താധാരകൾ ഉള്ളിലുള്ള ഒരാൾക്കേ സുഗ്രാഹ്യമായ അവബോധം ലഭിക്കുകയുള്ളൂ.

ആരാധനയും ആരാധനാ ഘടനയും

'ആരാധന'യ്ക്ക് ഒരു സ്ഥായിയായ സങ്കല്പവും നിർവ്വചനവുമുണ്ട്. വളരെ ലളിതമായ ഭാഷയിൽ ഇങ്ങനെ നിർവ്വചിക്കാം: ആരാധന, ദൈവവും മനുഷ്യനുമായുള്ള ഈ ഭൂമിയിലെ അതുല്യവും അവിസ്മരണീയവുമായ സംഗമ വേദിയാണ്. ഈ ആശയം കാലഭേദങ്ങൾക്ക് അതീതമായി നിലനില്ക്കുന്നു. അനുബന്ധമായി പുതിയ ആശയങ്ങൾ കൂട്ടിച്ചേർക്കാമെന്നല്ലാതെ ഇതിനെ മാറ്റി മറിക്കുവാൻ സാദ്ധ്യമല്ല. ഇതിനെ സാർവ്വദേശീയ ചിന്തയെന്നു വിവക്ഷിക്കാം.

ആരാധനാഘടന ദേശീയ സ്വഭാവമുള്ളതാണ്. ആരാധനാഘടനയുടെ രൂപ

പ്പെടൽ ഒരുദേശീയ സംസ്ക്കാരത്തിന്റെ സംഭാവനയാണ്. യഹൂദന്മാർക്ക് മുൻതൂക്കമുണ്ടായിരുന്ന ആദിമസഭ, യഹൂദ പശ്ചാത്തലത്തിൽ നിന്നു പലതും കടമെടുത്തു. ആരാധനയിൽ നാം ഉപയോഗിക്കുന്ന പ്രതീകങ്ങൾ പലതും യഹൂദമതത്തിന്റെ പകർപ്പുകളാണ്. കാരണം സഭ വളർന്നത് ഈ പശ്ചാത്തലത്തിലാണ്. യേശുക്രിസ്തുപോലും തന്റെ ആത്മീക സംസ്ക്കാരത്തെ അതിന്റെ എല്ലാ വശങ്ങളിലും മാനിച്ചിരുന്നു. അപ്പവും വീഞ്ഞും ഉപയോഗിച്ചു കൊണ്ടുള്ള പെസഹാദിനത്തിലെ വി. കുർബ്ബാന സ്ഥാപനം ഇതിനുള്ള ഉദാത്തമായ ഉദാഹരണമാണ്.

ആരാധന, ഒരു സംസ്ക്കാരത്തിന്റെ ആഘോഷം

ആരാധനയുടെ നിർവ്വചനം മുകളിൽ കണ്ടു കഴിഞ്ഞു. ദൈവവും മനുഷ്യനും തമ്മിൽ സംഗമിക്കുന്നതിന് ബൗദ്ധിക തലത്തിൽ ഒരു സ്ഥാനമുണ്ട്. ഒരു മനുഷന്റെ ബുദ്ധിയിൽ വളർത്തിയെടുക്കുന്ന ദൈവത്തെപ്പറ്റിയുള്ള സങ്കല്പത്തിനു സംസ്ക്കാരത്തിന്റെ പ്രതിഫലനമാണുള്ളത്. യിസ്രായേൽ മക്കൾ ദൈവത്തെ പാറ, ദുർഗ്ഗം, കോട്ട, അഭയസ്ഥാനം എന്നീ സങ്കല്പത്തിൽ ആരാധിക്കുന്നതിന്റെയും ദൈവത്തെ അഭിസംബോധന ചെയ്യുന്നതിന്റെയും പിമ്പിൽ ഒരു ദീർഘമായ സാമൂഹ്യ, മത, സംസ്ക്കാരത്തിന്റെ പശ്ചാത്തലമുണ്ട്. ഈ വാക്കുകളിലൂടെയുള്ള ആരാധനയുടെ ഭാവം സംസ്ക്കാരത്തിന്റെ സ്വാധീനമുള്ള സമൂഹത്തിന് ദൈവത്തെ അറിയുവാനും അനുഭവിക്കുവാനും അനായാസേന സഹായിക്കുന്നതാണ്. ദൈവം നമ്മുടെ ചിന്തകൾക്ക് അതീതനും നമ്മുടെ സങ്കല്പങ്ങളിൽ ഒതുങ്ങാത്തവനുമാണ്. ചരിത്രത്തിലുണ്ടായിട്ടുള്ള ദൈവത്തിന്റെ ഇടപെടലുകൾ മനുഷ്യൻ തന്റെ മനോനയനങ്ങളിലൂടെ കണ്ടു, ജീവിതങ്ങളിൽ അനുഭവിച്ചറിഞ്ഞു. അതിനു മനുഷ്യനെ സഹായിച്ച ഘടകങ്ങൾ ദൈവത്തെ അറിയുവാനുള്ള ദൈവാരാധനയിലെ പ്രതീകങ്ങളും ശബ്ദങ്ങളുമായി രൂപാന്തരപ്പെട്ടു.

പെന്തക്കൊസ്തി ഞായറാഴ്ച ഉപയോഗിക്കുന്ന പ്രാർത്ഥനകളിൽ പിതാവും പുത്രനും പരിശുദ്ധ റൂഹായുമാകുന്ന ത്രിയേക ദൈവത്തെപ്പറ്റി സവിസ്തരം പ്രതിപാദിക്കുന്നു. 'മൂന്നു ക്നൂമാകൾ' എന്ന പദപ്രയോഗം ഒരു വേദശാസ്ത്രത്തിന്റെ സംഭാവനയാണ്. വേദശാസ്ത്രത്തിനു പിറകിൽ ഒരു തത്വസംഹിതയുണ്ട്. തത്വസംഹിതകൾ സംസ്ക്കാരത്തിന്റേതാണ്. 'ക്നൂമാ' എന്ന വേദശാസ്ത്രചിന്ത സാധാരണ മനുഷ്യനു മനസിലാക്കുവാൻ പ്രയാസമാണ്. ആ പദപ്രയോഗത്തിന്റെ ആശയം വ്യക്തമാക്കുവാൻ നമുക്കു നമ്മുടെ സംസ്ക്കാരത്തിൽ, തത്വസംഹിതയിൽ, വേദശാസ്ത്രത്തിൽ വളർന്നുവന്ന പദങ്ങൾ അനിവാര്യമാണ്. ആരാധനാ സംവിധാനത്തിൽ സംസ്ക്കാരവും പൈതൃകവും ഒഴിച്ചു കൂടാൻ പാടില്ലാത്തവയെന്നു സ്പഷ്ടം.

ആരാധനാ പരിഷ്ക്കരണം: വേദശാസ്ത്രപരമായ പരിഷ്ക്കരണം

ചില ആളുകൾ പറയാറുണ്ട്: ഓർത്തഡോക്സ് സഭ കാലോചിതമായി തിരുത്തലുകൾക്ക് തയ്യാറാകാത്ത സഭയാണെന്ന് അവരുടെ ചിന്തയിൽ ചില ബാഹ്യമായ മാറ്റങ്ങളാണ് പറയുവാനുള്ളത്. ഉദാഹരണമായി പള്ളിയിൽ ഇരിപ്പിടങ്ങൾ സ്ഥാപിക്കുന്നത്, ഗായകസംഘങ്ങളുടെ പങ്കാളിത്തം, പെരുന്നാളിന് വെടി, ചെണ്ട, റാസ ഇവകൾ നിർത്തൽ ചെയ്യുന്നത്. ഈ ചിന്തകൾ തെറ്റെന്നു പറയുന്നില്ല. ഇവകൾ പരിഷ്ക്കരണത്തിന്റെ ചില ചെറിയ വിഷയങ്ങൾ മാത്രം.

ശേഷം 19–ാം പേജിൽ

മലങ്കര സഭാ മാസിക
ചരിത്ര ലേഖനങ്ങൾ...
പുസ്തകം 1, 1122 മേടം, ലക്കം 7

ആത്മനിക്ഷേപം

എം. സി. കെ. റമ്പാച്ചൻ

ആട്ടിൽ തൊഴുത്തിലേക്കു വാതിലിലൂടെ കടക്കുന്നവൻ ആടുകളുടെ ഇടയൻ ആകുന്നു. ആടുകൾ അവന്റെ ശബ്ദം കേൾക്കുന്നു. അവനുള്ളവയെ ഒക്കെയും അവൻ പുറത്തു കൊണ്ടുപോയശേഷം അവൻ അവയ്ക്കു മുമ്പായി നടക്കുന്നു. അവൻ അവയെ പേർചൊല്ലി വിളിക്കുന്നു. അവ അവന്റെ ശബ്ദം അറിഞ്ഞ് അവനെ അനുഗമിക്കുന്നു. അവ അകത്തു വരികയും പുറത്തു പോകയും മേച്ചിൽ കണ്ടെത്തുകയും ചെയ്യുന്നു. നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവനെ വയ്ക്കുന്നു: **എന്നാൽ ഇടയനും ഉടമസ്ഥനും അല്ലാത്തവൻ ചെന്നായ് വരുന്നതു കാണുമ്പോൾ ആടുകളെ വിട്ട് ഓടിക്കളയുന്നു.**

വിശുദ്ധ നാട്ടിലെ ആടുകളുടെ ജന്മാവസാനാപരമായ ജീവിത സമ്പ്രദായവും, അവയും ഇടയനും തമ്മിലുള്ള ബന്ധവും ഏവംവിധം വർണ്ണിക്കപ്പെട്ടിട്ടുണ്ടല്ലൊ. ദാവീദ് അദ്ദേഹത്തിന്റെ ബാല്യകാലത്ത് അപ്രകാരമുള്ള ഒരു ആട്ടിടയൻ ആയിരുന്നു.

കാലങ്ങൾ കടന്നു. ദാവീദ് ഇസ്രായേലിലെ രാജാവായി ഉയർന്നു. സന്തോഷങ്ങൾ മാത്രമല്ല, ദുഃഖങ്ങളും അദ്ദേഹം അനുഭവിച്ചു. നന്മകൾ മാത്രമല്ല, തിന്മകളും അദ്ദേഹം പ്രവർത്തിച്ചു. വിജയങ്ങൾ മാത്രമല്ല, പരാജയങ്ങളും അദ്ദേഹത്തിന് അനുഭവമായി. ദൈവത്തിന്റെ കൈ അദ്ദേഹം എല്ലായിടത്തും ദർശിച്ചു അദ്ദേഹം പുറകോട്ടു നോക്കി. അദ്ദേഹത്തിന്റെ ബാല്യകാലത്തെ ഇടയജീവിതം അദ്ദേഹം ഓർത്തു. ആ പൂർവ്വസ്മരണകളെ അടിസ്ഥാനമാക്കി അദ്ദേഹത്തെത്തന്നെ ഒരു ആടിനോടും ദൈവത്തെ ഒരു നല്ല ഇടയനോടും അദ്ദേഹം താരതമ്യപ്പെടുത്തി. ദൈവം നല്ല ഇടയൻ ആകുന്നു എന്ന് അദ്ദേഹത്തിനു ബോദ്ധ്യമായി. മനോഹരമായ 23-ാം സങ്കീർത്തനം അദ്ദേഹം എഴുതി.

* യാഹെന്നിടയൻ യാതൊരു കുറവുമെനിക്കുളവാകാ
പുഷ്ടിയെഴും നൽ പുൽമേടുകളിൽ മേയിച്ചീടും
ശാന്തജലത്തെ കാട്ടി പ്രാണനു കുളിരേകീടും
തിരുനാമത്താൽ നീതിപഥങ്ങളിലെന്നെനയിക്കും.
കൂരിരുളിൻ പാഴ്ത്താഴ്വരവഴിയായ്പ്പോയെന്നാലും
ഭീതിയെനിയ്ക്കില്ലെന്നൊരുകൂടെണ്ടെപ്പൊഴുതും നീ.
ആശ്വാസമെനിയ്ക്കേകും നിന്നുടെ വടിയും കോലും
മേശയൊരുക്കിടുമെൻ പേർക്കായ് നീ വൈരികൾ കാൺകെ.
എൻ തലയെ നീ എണ്ണയൊഴിച്ചഭിഷേകം ചെയ്യും
മാമകപാത്രം പൂർണ്ണതപൂകി നിറഞ്ഞൊഴുകീടും.
നന്മയുമമ്പും പിന്തുടരും മൃതിനാൾവരെയെന്നെ
നീണാൾ യാഹിൻ നിലയത്തിൽ ഞാൻ നിവസിച്ചീടും.

* അഗ്നിമയന്മാരാരെ നോക്കുവിൽ വിറിച്ചീടുന്നു- എന്ന ഹ്രസ്വരാഗത്തിൽ വായിക്കണം. ഈ ഗീതത്തിന്റെ രചയിതാവു ശ്രീ. സി. പി. ചാണ്ടി ആകുന്നു. സണ്ടേസ്ക്കൂൾ കുട്ടികൾ ഇതു ഹൃദിസ്ഥമാക്കിയാൽ കൊള്ളാം. - ലേ.



ലേഖനം

വി. കുമ്പസാരം നമ്മുടെ സഭയിൽ – ഒരു പരിചിന്തനം

ഫാ. ഡോ. എം. എസ്. ജോൺ

ഓർത്തഡോക്സ് പാരമ്പര്യത്തിൽ മനുഷ്യനെ രക്ഷയുടെ സന്തോഷത്തിലേക്കും ആത്മീക ഉന്നതിയിലേക്കും നയിക്കുന്നത് കൗദാശിക ജീവിതത്തിലുള്ള അർത്ഥവത്തായ പങ്കാളിത്തമാണെന്ന് നമുക്കെല്ലാം അറിയാം. എന്നാൽ ഇന്ന് നമ്മുടെ സഭയിൽ നിലവിലിരിക്കുന്ന വി. കുമ്പസാരത്തിന്റെ ക്രമീകരണം വി. കുമ്പസാരത്തിന്റെ ഉദ്ദേശ്യത്തെ സഫലീകരിക്കുന്നുണ്ടോ?. ഇന്ന് സഭയിലെ നല്ലൊരു ശതമാനം ആളുകളും പൊതുയോഗത്തിൽ ഇരിക്കുന്നതിന് വി. കുമ്പസാരം ഒരു മാനദണ്ഡമായതുകൊണ്ട് കുമ്പസാരിക്കുന്നവരും, പെസഹാ ഭക്ഷിക്കുന്നതിന് മുമ്പ് കുമ്പസാരിക്കണം എന്ന തെറ്റിദ്ധാരണയിൽ കുമ്പസാരിക്കുന്നവരും, വി. കുർബ്ബാനാ അനുഭവത്തിന് കുമ്പസാരം നടത്തണമെന്നുള്ളത് ഒരു ചടങ്ങാണ് എന്നു ചിന്തിച്ച് കുമ്പസാരിക്കുന്നവരും ആണ്. പാപം ചെയ്തു എന്ന് ബോദ്ധ്യമുള്ളവർക്കും, അതേക്കുറിച്ച് അനുതപിക്കുന്നവർക്കും, മാനസാന്തരത്തിന് സമർപ്പിക്കപ്പെടുന്നവർക്കും നൽകേണ്ട ഒരു വി. കൂദാശയാണ് വി. കുമ്പസാരം. ഇനിയും വി. കുമ്പസാരത്തെ ഒരു സ്പിരിച്വൽ കൗൺസലിങ്ങോ സൈക്കോളജിക്കൽ കൗൺസലിങ്ങോ ആയി മനസ്സിലാക്കുന്നവരും ഉണ്ട്. കൗൺസലിംഗിന്റെ അറിവ് വി. കുമ്പസാരത്തിൽ ഉപയോഗപ്പെടുത്താമെങ്കിലും വി. കുമ്പസാരം പരമമായും ഒരു കൂദാശയാണ്.

> ഇന്ന് സഭയിലെ നല്ലൊരു ശതമാനം ആളുകളും പൊതുയോഗത്തിൽ ഇരിക്കുന്നതിന് വി. കുമ്പസാരം ഒരു മാനദണ്ഡമായതുകൊണ്ട് കുമ്പസാരിക്കുന്നവരും, പെസഹാ ഭക്ഷിക്കുന്നതിന് മുമ്പ് കുമ്പസാരിക്കണം എന്ന തെറ്റിദ്ധാരണയിൽ കുമ്പസാരിക്കുന്നവരും, വി. കുർബ്ബാനാ അനുഭവത്തിന് കുമ്പസാരം നടത്തണമെന്നുള്ളത് ഒരു ചടങ്ങാണ് എന്നു ചിന്തിച്ച് കുമ്പസാരിക്കുന്നവരും ആണ്.

വി. കുമ്പസാരം കാലാകാലങ്ങളിൽ വളരെയധികം മാറ്റങ്ങൾ വന്നിട്ടുള്ള ഒരു കൂദാശയാണ്. ആദിമസഭയിൽ സഭയുടെ മുമ്പാകെയുള്ള പൊതു കുമ്പസാരമായിരുന്നു. വീണ്ടെടുക്കപ്പെട്ട സമൂഹമായി അവകാശപ്പെട്ടിരുന്ന സഭക്ക് അതിനുള്ളിലെ പാപികളുടെ സാന്നിദ്ധ്യം ഒരു കീറാമുട്ടിയായ പ്രശ്നം ആയിരുന്നു. വളരെ കർക്കശമായ നിലപാടായിരുന്നു അന്ന് സഭ അത്തരത്തിലുള്ളവരുടെ മേൽ കൈക്കൊണ്ടിട്ടുള്ളത്. അന്ന് മൂന്ന് തരത്തിലുള്ള പാപികളെ സഭയുടെ വി. കുർബ്ബാനാ സംസർഗ്ഗത്തിൽ നിന്ന് മാറ്റി നിർത്തിയിരുന്നു. വിശ്വാസികളായിത്തീർന്നിട്ട് ക്രിസ്തീയ പീഢനം (Persecution) ഭയന്ന് വിശ്വാസം ത്യജിക്കുന്നവർ, കൊലപാതകികൾ, വ്യഭിചാരികൾ എന്നിവർ. ഇവർക്ക് വി. കുർബ്ബാന സംസർഗ്ഗത്തിലേക്ക് വീണ്ടും വരണമെങ്കിൽ അവർ വളരെക്കാലം അനുതാപികൾ എന്ന നിലയിൽ നില്ക്കുകയും അവർ മാനസാന്തരപ്പെട്ടു എന്നു സഭയ്ക്ക് ബോധ്യപ്പെടുകയും ചെയ്യണമായിരുന്നു. ഈ കാലയളവിൽ മറ്റുള്ള വിശ്വാസികൾ ഇവരുടെ മാനസാന്തരത്തിനായി കണ്ണീരോടെ പ്രാർത്ഥിക്കുമായിരുന്നു. ഇത് സഭയുടെ ഒരു ചുമതലയായി മനസ്സിലാക്കിയിരുന്നു. ഇന്ന് നമുക്ക് നഷ്ടപ്പെട്ട ഒരു നന്മയാണിത്. പൊതു കുമ്പസാരം ഇന്ന് കഠിനമായി തോന്നാമെങ്കിലും, അത് സഭയുടെ വിശുദ്ധി നില നിർത്തുന്നതിനും, വിശ്വാസി പാപജീവിതത്തിൽ മുമ്പോട്ട് പോകുന്നത് അവന്റെ അടിസ്ഥാന പരമായ സ്വഭാവത്തിന് വിരുദ്ധമെന്ന് മനസ്സിലാക്കിക്കൊടുക്കുന്നതിനും പര്യാപ്തമായിരുന്നു. മദ്ധ്യ ശതകങ്ങളിൽ പൊതു കുമ്പസാരം പല സാമൂഹ്യ പ്രശ്നങ്ങളും ഉണ്ടാക്കിയതുകൊണ്ട് രഹസ്യ കുമ്പസാരത്തിലേക്ക് മാറ്റപ്പെട്ടു. സന്യാസസമൂഹങ്ങളിൽ നിന്നുമാണ് ഇന്നത്തെ രഹസ്യ കുമ്പസാരത്തിന്റെ ഉത്ഭവം. സന്യാസ



സമൂഹങ്ങളിൽ Novitiates ആയി ചേരുന്നവർക്ക് ഒരു spiritual father ഉണ്ടാവും. Novitiates അവരുടെ പാപങ്ങൾ രഹസ്യമായി ഈ spiritual fathers നോട് ഏറ്റു പറയുമായിരുന്നു. ഈ രീതിയിൽ നിന്നാണ് രഹസ്യകുമ്പസാരം ഉടലെടുത്തത്. ഈ ചരിത്ര സത്യം ഇവിടെ ചൂണ്ടിക്കാണിച്ചത് ആത്മിക വളർച്ചക്കായി വി. കുമ്പസാരത്തിന്റെ നടത്തിപ്പിൽ മാറ്റം വരുത്തുന്നതിൽ തെറ്റൊന്നുമില്ല എന്നത് ചൂണ്ടിക്കാണിക്കുവാനാണ്.

ദൈവം മനുഷ്യനെ തന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിച്ചു. ദൈവവുമായുള്ള നിരന്തര കൂട്ടായ്മ ദൈവം ആഗ്രഹിച്ചു. പാപം ചെയ്ത മനുഷ്യൻ ഈ കൂട്ടായ്മയിൽ നിന്നും, ദൈവ സംസർഗ്ഗത്തിന്റെ സന്തോഷത്തിൽ നിന്നും അകന്നുപോയി. ഇത് ഒരു ധാർമ്മിക രോഗമായി നിലനിന്നു. മനുഷ്യന് സ്വയം ഈ പാപരോഗത്തിൽനിന്ന് സൗഖ്യം പ്രാപിക്കുവാൻ കഴിയില്ല എന്ന് ദൈവം മനസ്സിലാക്കി സ്വർഗ്ഗീയ വൈദ്യനായ യേശുതമ്പുരാനെ ഈ ലോകത്തിലേക്ക് അയച്ചു. യേശു തമ്പുരാൻ തന്റെ ക്രൂശ് മരണത്തിൽ കൂടി ഈ പാപരോഗത്തിന് സൗഖ്യം നൽകി. അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം നൽകി. സഭ ഈ ചികിത്സ തുടരുകയാണ്. വി. മാമോദീസായിൽ കൂടി ഈ പാപരോഗത്തിൽ നിന്ന് സൗഖ്യം പ്രാപിച്ച വിശ്വാസി ദൈവവുമായുള്ള പൂർണ്ണ കൂട്ടായ്മയിലാകുന്നു. ഇങ്ങനെ വീണ്ടുകൊള്ളപ്പെട്ട വിശ്വാസി വീണ്ടും പാപരോഗത്തിന് അടിമപ്പെടുവാൻ പാടില്ലാത്തതാകുന്നു. എങ്കിലും ദൈവം കരുണാനിധി ആയതുകൊണ്ട് വി. മാമോദീസായ്ക്ക് ശേഷം പാപം ചെയ്താലും അവനെ ദൈവം യഥാസ്ഥാനപ്പെടുത്തും. ഇത് പാപം ചെയ്യുവാനുള്ള സ്വാതന്ത്ര്യമായി മനസ്സിലാക്കുവാൻ പാടില്ലാത്തതാണ്. എന്തു പാപം ചെയ്താലും വീണ്ടും വീണ്ടും കുമ്പസാരിച്ചാൽ മതി എന്നുള്ള ചിന്ത വികലമാണ്. വി. കുമ്പസാരം വിശുദ്ധിയിലേക്ക് വളർത്തേണ്ട പ്രക്രിയയാണ്. വി. കുമ്പസാരത്തിൽ കൂടി സ്ഥായിയായ മാനസാന്തരവും വീണ്ടും ജനനവുമാണ് സഭ പ്രതീക്ഷിക്കുന്നത്.

ഇന്ന് നാം അഭിമുഖീകരിക്കുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ.

1) വി. കുമ്പസാരത്തിൽകൂടി മാനസാന്തരവും രൂപാന്തരവും ഉണ്ടാകുന്നില്ല. അതുമൂലം ഏറ്റു പറയുന്ന പാപങ്ങളിലേക്ക് അതിവേഗം വീണ്ടും തിരിയുന്നു.

2) ഇന്ന് വി. കുർബാനയ്ക്ക് മുമ്പ് absolution പ്രാർത്ഥന നടത്തി വി. കുർബാന സ്വീകരിപ്പാൻ പ. സുന്നഹദോസ് അനുവദിച്ചിട്ടുണ്ട്. ഈ absolution പ്രാർത്ഥന വി. കുമ്പസാരം നടത്തി കഴിഞ്ഞ് നൽകുന്ന പ്രാർത്ഥനയാണ്. അനുതപിക്കാത്തവർക്ക് പാപമോചനം നൽകുവാൻ പട്ടക്കാരന് അധികാരമില്ലാതിരിക്കെ ഈ നടത്തിപ്പ് എങ്ങനെ സത്യസന്ധമാവും?

3) മാനസികരോഗികളായ വിശ്വാസികൾ-ഉദാഹരണത്തിന് obsessive compulsive behaviour ഉള്ളവർ ഉദാ. ലൈംഗികമായി കുഞ്ഞുങ്ങളെ പീഡിപ്പിക്കുന്ന ഒരുവൻ വി. കുമ്പസാരത്തിന് വരികയും അവനു പട്ടക്കാരൻ പാപമോചനം നൽകി എന്നും ചിന്തിക്കുക. എന്നാൽ ആ വ്യക്തി വീട്ടിൽ തിരികെ ചെന്ന് പഴയ രീതി ആവർത്തിക്കുന്നു. കാരണം അയാൾ മാനസികരോഗത്തിന് അടിമയാണ്. ഇയാളുടെ രോഗത്തിന് ഇരയാകുന്ന വ്യക്തിയും സഭയുടെ അംഗമാണ്. അവരെയും സംരക്ഷിക്കേണ്ട ചുമതല പട്ടക്കാരന്റേതാണ്. ഇങ്ങനെയുള്ള അവസരങ്ങളിൽ absolution കൊടുക്കാതെ മാനസിക ചികിത്സയ്ക്ക് വിധേയമാക്കുവാൻ ഏർപ്പാട് ചെയ്യേണ്ട നിലയിലേക്ക് പട്ടക്കാരൻ അറിവു നേടണം.

4) വിശ്വാസികൾ കൂട്ടമായി വി. കുമ്പസാരത്തിനു വരുമ്പോൾ ഒന്നോ രണ്ടോ മിനിട്ടുകൾ കൊണ്ട് കുമ്പസാരം നിർവ്വഹിക്കേണ്ടി വരുന്ന അവസ്ഥ.

ചില പരിഹാരമാർഗ്ഗങ്ങൾ

1) വി. കുമ്പസാരത്തിന് ഒരു ക്രമം രൂപപ്പെടുത്തുക. മറ്റെല്ലാ കൂദാശകൾക്കും പ്രത്യേക ക്രമങ്ങളുണ്ട്. അതുപോലെ വി. കുമ്പസാരത്തിനും സ്ഥായിയായ മാനസാന്തരത്തിനും വീണ്ടും ജനനത്തിനും പര്യാപ്തമാകത്തക്കവിധത്തിൽ വളരെ പഠനങ്ങൾക്ക് ശേഷം ഒരു ക്രമം രൂപീകരിക്കണം. Russian Orthodox സഭ വി. കുമ്പസാരത്തിന് പ്രത്യേക ക്രമം ഉണ്ടാക്കിയിട്ടുണ്ട്. ശനിയാഴ്ച സന്ധ്യാ പ്രാർത്ഥനയോടെ ഈ ക്രമം നടത്തി വി. കുമ്പസാരം നടത്തുന്നു. കത്തോലിക്കാസഭ രണ്ടാം വത്തിക്കാനുശേഷം മൂന്നു ക്രമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. സമയവും സൗകര്യവും അനുസരിച്ച് അത് നടത്തുന്നു. ഇത് പാപ ബോധമുളവാക്കുവാനും ശരിയായ അനുതാപത്തിലേക്കും മാനസാന്തരത്തിലേക്കും നയിക്കുന്നതിനും സഹായിക്കും. എല്ലാ ശനിയാഴ്ചയും നമസ്ക്കാരത്തിനു ശേഷം ക്രമീകരിച്ചാൽ വേണ്ട സമയം എടുത്ത് കുമ്പസാരം നിർവ്വഹിക്കാൻ സാധിക്കും.

2) വി. കുർബ്ബാനയിൽ സംബന്ധിക്കുന്ന എല്ലാവരേയും വി. കുർബ്ബാന

ശേഷം 31-ാം പേജിൽ

REPORT

Toward A Vision of Unity

Fr. Dr. Jacob Kurian

(This is the text of the speech delivered by Fr. Dr. Jacob Kurian, at the **Unity Plenary** of the 9th Assembly of the World Council of Churches at Porto Alegre, Brazil. The speech was one among the three made at the Plenary in response to the latest statement produced by the World Council of Churches, entitled "Called to be the One Church. The three speeches represented the major confessional families of churches viz the Orthodox, the Roman Catholic and the Protestants. Fr. Jacob Kurian was the Orthodox speaker and the only Asian who addressed the Unity-Plenary. The paragraphs or portions in italics are citations from the W.C.C. statement on Unity entitled "Called to be the One Church")

There is a proverbial statement in the Harare Report: "Any vision which does not inspire new forms of acting remains a distant utopia". The strength of the statement entitled" "Called to be the One Church", is an inspiring vision and a new form of acting for the manifestation of Christian unity.

[Therefore, the ninth assembly calls upon the World Council of Churches to continue to facilitate deep conversations among various Churches. We also invite all of our Churches to engage in the hard task of giving a candid account of the relation of their own faith and order to the faith and order of other Churches. Each Church is asked to articulate the judgments that shape, and even qualify, its relationship to the others. The honest sharing of commonalities, divergences and difference will help all Churches to pursue the things that make for peace and build up the common life. It is time now to take concrete steps]

As an Orthodox, I am delighted to notice in the text a Trinitarian icon of Unity and an emphasis on the Faith of the early undivided Church as embodied in the Niceno-Constantinopolitan creed.

[We confess one, holy, catholic and apostolic Church as expressed in the Niceno-Constantinopolitan Creed (381). The Church's oneness is an image of the unity of the triune God in the communion of the divine Persons]

As an Indian Christian living in a multi-religious and dominantly non-Christian background, I see in the text a commitment for inter-religious dialogue as integral to the unity we seek.

[The Churches find themselves living alongside people of other living faiths and ideologies. As an instrument of God, who is sovereign over the whole creation, the Church is called to engage in dialogue and collaboration with them so that its mission brings about the good of all creatures and the well-being of the earth.]

A Theological self-understanding on religious plurality and a common stance against religious extremism and violence are central to our vision of Christianity.

My reflections and comments on the text are summed up in six observations, especially from an Orthodox, Indian perspective.

Observation 1: An anxiety over the prevailing culture of stagnation

Our text begins with an affirmation on "our commitment on the way towards visible unity". But are the Churches, including my own, really serious about this commitment? No doubt, we have been accustomed to a culture of stagnation in unity-concerns as was already pointed out by Prof. Nikos Nissiotis, one of the former moderators of the Faith and Order Commission. Let me touch my own context. Despite the agreements on almost all theological issues, the two families of the Orthodox Churches viz. the Eastern and the Oriental still remain divided. We

cannot ignore the fact that many people, especially youth, have lost hope and confidence in 'Official' deliberations for unity and are seeking alternate channels of Christian unity. Out text is infact inviting the Churches to rethink the legitimacy of our self-complacency. May be, we are becoming immune to ecumenical sensitivity, having delegated the Church-Unity-Concerns to World Council of Churches and similar bodies. Church unity is much more than producing consensus-documents. My teacher of blessed memory, Metropolitan Dr. Paulose Mar Gregorios once said "the end of a 'movement' is often the beginning of movements and documents."

Observation 2:A hope for new ecumenical spaces at the national and the local levels too.

The second paragraph of the text is very much underscoring the fact that the Church is manifested "in each place" through the Eucharistic Koinonia and the Koinonia of such Eucharistic communities as evidenced in the early ecumenical councils is the ideal conciliarity. Sometimes, we see signs of real disunity despite the so called 'eucharistic hospitalities. Sometimes, we also witness to signs of real unity in spite of differences in theology. In brief, today, we experience the Koinonia and conciliarity in limited horizons only. Such experiences give us the hope for creating wider 'ecumenical spaces'. It is hoped that the recently suggested ecumenical space viz. the Global Christian Forum can provide new levels of deeper conciliarity in the national and local situations too, where there would be more visibility for the participation of all Churches especially the Catholic Church.

Observation 3 : An opportunity to heal the painful memories of divisive ecclesiastical interventions.

The third paragraph of our text is highlighting the beauty and gift of legitimate diversity in Church-life.

[..... Thus, as the people of god, the body of Christ and the temple of the Holy Spirit, the Church is called to manifest its oneness in diversity.]

The Orthodox Churches in general and the Indian Churches particularly witness to an underlying unity in the midst of the cultural diversities. We in India have been experiencing it in two contexts, viz. that of the same Koinonia in diverse cultural traditions and that of the same cultural group in diverse ecclesiastical traditions. In our history it was not the cultural diversity but the ecclesiastical interventions especially of the 16th century that became divisive. This calls us for healing the painful memories of devisive ecclesiastical interventions from outside and seek ways of conforming to the once-enjoyed unity both culturally and ecclesiastically.

Observation 4. A missing note on 'holiness'

The statement on unity has substantial elaboration on Oneness, Apostolicity and Catholicity of the Church. But its comparative silence on 'Holiness' is conspicuous. Is this symbolic of the growing signs of unholiness becoming legitimized in the Church? Is not this 'missing', a prophetic reminder to Churches' pre-occupation with money, power-politics and ethical elasticity?

Observation 5. A Threat of Proselytism

Two paragraphs of the text (8th and 9th) highlight our common belonging to Christ through baptism. Thanks to the Faith and Order Commission, the Joint Working Group and other bodies for the great measure of theological consensus on Baptism as a basis for our common belonging to Christ. There is no doubt, our belonging to Christ through baptism, will be the basic ground for our mutual accountability. However, it remains a fact that wherever proselytism of luring the members of one Church to another is practised with or without (re) baptism, no matter even if we use missiological terms, the quality of the common belonging is seriously threatened. The mission of the Church as a witnessing Community that is reconciled and reconciling has no credibility unless the issue of proselytism is resolved.

Observation 6. A Challenge of choices and priorities in the matter of confessional allegiance

We finally address the nine (and other) questions in the statement which is in fact the ground for "a new form of acting":

[(a) To what extent does each discern expression of the apostolic faith in the life, worship and witness of the others?

(b) Where does each perceive fidelity to Christ in the faith and life of the others?

(c) Does each acknowledge the one baptism in the others?

(d) For what reasons is it essential, permissible or not possible to share the Lord's Supper with others beyond each church?

(e) In what ways is each able to recognize the ordered ministries of the others?

(f) How closely can each church embrace the spirituality of the others?

(g) How will each stand with the others to contend with problems such as social and political hegemonies, persecution, oppression, poverty and violence?

(h) To what extent will each participate in the apostolic mission of the others?

(i) How fully can each participate in common prayer and in the worship of others?

When we respond to these questions, I wonder whether we are once again driven back to the pre-Uppsala style of comparative ecclesiology. The reason for this doubt is that unless sufficiently guarded, the possible answers to the nine and similar questions in the text may again be confessionally conditioned. However, these questions provide a wonderful challenge.

In the Asian context, especially that of mine, where the common witness to social realities is extremely important, the local initiatives and enthusiasm for visible unity have been controlled by the confessional allegiance created by a so called 'ecclesiastical neo-colonialism". Here the Churches have a challenge indeed, to make choices and set priorities in favour of local fruits of visible unity. It is extremely important to note that there are ancient traditions of Churches which were not partisans in the old theological controversies of the Roman Empire. Therefore, local efforts of Christian unity can not be hampered by confessional allegiance imposed by old theological controversies of the Roman Empire. It becomes important for the Churches to make choices and set priorities by neither neglecting the value of the 'Catholic' character of Christian faith, nor ignoring the significance of being rooted in the soil. Probably, the words of the Indian philosopher-poet, Rabindranath Tagore can remind us in our task: "Emancipation from the soil is no freedom for the tree".

God, in your grace, transform the world including the Churches.

Amen. ❖



വിശ്വാസപാഠം

യേശു തന്റെ ആത്മാവിനെ പിതാവിന്റെ തൃക്കൈയ്യിൽ ഏൽപ്പിച്ചു പ്രാണനെ വിട്ടു (വി. ലൂക്കോ. 23:46) എന്നു നാം വായിക്കുമ്പോൾ ദുഃഖവെള്ളിയാഴ്ചയുടെ കബറടക്ക ശുശ്രൂഷയിൽ "പ്രാണൻ ഗൂഢമിരിക്കുമ്പോൾ മൃതനേപ്പോൽ നിന്നെയേന്തി" എന്ന പാട്ടു വിശ്വാസ വിപരീതമാകയില്ലയോ?

- പി. ജോൺ മത്തായി, മുംബൈ

വിശ്വാസ വിപരീതമല്ല! കാരണം, വി. വേദപുസ്തക വാക്യവും ദുഃഖവെള്ളിയാഴ്ച കബറടക്ക ശുശ്രൂഷയിലെ പാട്ടും രണ്ടു പ്രധാന സത്യങ്ങളാണ് വിളിച്ചു പറയുന്നത്. വി. വേദപുസ്തകം, കർത്താവിന് മരണം സംഭവിച്ചു എന്ന യാഥാർത്ഥ്യവും പാട്ട്, മരിച്ച കർത്താവിൽ നിഗൂഢമായി വസിക്കുന്ന ജീവിനെക്കുറിച്ചുമാണ് വിളിച്ചു പറയുന്നത്. രണ്ടിടങ്ങളിലും പ്രാണൻ എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നതാണ് ചിന്താക്കുഴപ്പം ഉണ്ടാക്കുന്നത്. വേദവാക്യത്തിൽ കർത്താവ് പ്രാണനെ വിട്ടു എന്നെഴുതിയിരിക്കുന്നത് അവന്റെ ശരീരവും ആത്മാവും തമ്മിൽ വേർപെട്ടു എന്ന അർത്ഥത്തിലാണ്. അതിനെയാണല്ലോ നാം മരണം എന്നു വിളിക്കുന്നത്. കർത്താവിന്റെ ശരീരവും ആത്മാവും തമ്മിൽ വേർപെടുകയും ആത്മാവിനെ പിതാവിന്റെ കയ്യിൽ ഏൽപ്പിക്കുകയും ചെയ്തതിനാൽ നാം മനസ്സിലാക്കുന്ന അർത്ഥത്തിൽ കർത്താവിന് മരണം സംഭവിച്ചു എന്നു പറയാവുന്നതാണ്.

ദുഃഖവെള്ളിയാഴ്ച കബറടക്ക ശുശ്രൂഷയിലെ പാട്ടിൽ 'പ്രാണൻ ഗൂഢമിരിക്കുമ്പോൾ' എന്നെഴുതിയിരിക്കുന്നത് കുറെക്കൂടി ആഴമായ അർത്ഥത്തിലാണ്. അതായത്, മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമായി, യേശുക്രിസ്തുവിൽ ദൈവത്വം അതിന്റെ പൂർണ്ണതയിൽ തന്നെ മനുഷ്യത്വത്തോടു വേർപെടുത്താനാവാത്ത വിധവും കലർപ്പു കൂടാതെയും സംയോജിച്ചിരിക്കുകയാണ്. ദൈവത്വം എല്ലാ ജീവജാലങ്ങൾക്കും ജീവൻ നൽകുന്ന ജീവനാണ്. ദൈവത്വത്തെയാണ് പാട്ടിൽ 'പ്രാണൻ' എന്ന വാക്കുകൊണ്ട് ചിത്രീകരിച്ചിരിക്കുന്നത്. കർത്താവിൽ ദൈവത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും ഐക്യമെന്നത് മരണത്തിനുപോലും വേർപെടുത്താൻ പറ്റാത്ത വിധത്തിലുള്ളതാണ്. വി. കുർബ്ബാന തക്സായിൽ തിരുശരീരരക്തങ്ങൾ മുറിക്കുകയും പരസ്പരം ചേർക്കുകയും ചെയ്യുന്ന ശുശ്രൂഷയിൽ (അതായത്, അൻപുടയോനെ നിൻ വാതിൽ എന്ന അനുതാപത്തിന്റെ പാട്ടു പാടുമ്പോൾ വി. മദ്ബഹായിൽ തിരശ്ശീല കൊണ്ട് മറച്ച് നടത്തുന്ന fraction - ന്റെ ശുശ്രൂഷ) ഒരു പ്രാർത്ഥന എഴുതിയിരിക്കുന്നതിപ്രകാരമാണ്:- "കർത്താവിന്റെ ശരീരവും ആത്മാവും തമ്മിൽ വേർപെട്ടു" (മരണം സംഭവിച്ചു) "എന്നാൽ അവന്റെ ആത്മാവിൽ നിന്നോ ശരീരത്തിൽ നിന്നോ ദൈവത്വം വേർപെട്ടില്ല" (ശരീരത്തിലും ആത്മാവിലും ദൈവത്വം കുടികൊള്ളുന്നു). അതായത്, കർത്താവിന്റെ ശരീരത്തിൽ 'ദൈവത്വം' എന്ന 'പ്രാണൻ' ഗൂഢമായിരിക്കുമ്പോഴാണ് മരിച്ചവനെപ്പോലെ അവനെ അരിമത്യായിലെ യൗസേഫും നിക്കോദിമോസും കൂടി അടക്കുവാൻ കൊണ്ടുപോയത് എന്നർത്ഥം. കർത്താവ് മരിച്ചു എന്നതും മരിച്ച കർത്താവിന്റെ ശരീരത്തിലും ആത്മാവിലും ദൈവത്വമാകുന്ന ജീവൻ/പ്രാണൻ വേർപെടാതെ നിന്നു എന്നതും പരസ്പര പൂരക സത്യങ്ങളാണ്. അതാണ് വി. വേദപുസ്തകവും പാട്ടും നൽകുന്നത്.

ജെ. പി. ❖

എന്താണാവോ...

നുള്ളിക്കൊട

ക്രൈസ്തവരുടെ പുരാതന വിവാഹ ചടങ്ങുകളിലൊന്നാണിത്. വിവാഹത്തലേന്നും, വിവാഹദിനവും വീട്ടിൽ സ്വീകരിക്കുമ്പോൾ വധൂവരന്മാർക്ക് മധുരം നല്കുന്ന ചടങ്ങാണിത്. ചിരണ്ടിയ നാളികേരവും പഞ്ചസാരയുമാണ് ഇതിന്റെ കൂട്ട്.



ബുദ്ധിമാൻ

ഫാ. തോമസ് പി.



കാലികം

ഡോ. അലക്സ് ഫിലിപ്പ്, ചാത്തന്നൂർ

നമ്മുടെ സെമിത്തേരികൾ സുരക്ഷിതമോ?



കേരളം പോലെ ജനസാന്ദ്രത കൂടിയ സംസ്ഥാനത്ത് നമ്മുടെ സെമിത്തേരികൾ പാരിസ്ഥിതക പ്രശ്നങ്ങൾ ഉണ്ടാക്കുന്നെങ്കിൽ അത് തടയാൻ നമുക്കാകണം. സഭ തന്നെ ഇക്കാര്യങ്ങൾ പഠിക്കാൻ വിദഗ്ധരെ നിയോഗിക്കണം. അതിന്റെ പരിഹാരവും കൂടി നാം കാണാൻ ശ്രമിക്കണം. മൃതദേഹം സംസ്ക്കരിക്കുവാനുള്ള സുരക്ഷിതമായ മാർഗ്ഗം നാം അവലംബിക്കണം.

ഒന്നാം നൂറ്റാണ്ട് മുതൽ തന്നെ കേരളത്തിൽ ക്രൈസ്തവസഭ പ്രചരിച്ചു തുടങ്ങിയതാണ്. അന്നു മുതൽ തന്നെ കേരളത്തിലെ ക്രൈസ്തവസഭ നമ്മുടെ തനത് സംസ്ക്കാരത്തിൽ തന്നെ വളരുവാനാണ് ശ്രമിച്ചിട്ടുള്ളത്. അതിനാൽ നമ്മുടെ സംസ്ക്കാരത്തിന്റെ ഭാഗമായ പല ആചാരങ്ങളും, ക്രൈസ്തവസഭയിലും പ്രാധാന്യത്തോടെ തന്നെ നിലനിൽക്കുന്നുണ്ട്. ഉദാ: സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിലുള്ള 'മിന്നുകെട്ട്' പഴയ ബ്രാഹ്മണ ആചാരത്തിന്റെ ഭാഗമാണ്. ആരാധനയിൽ ഉപയോഗിക്കുന്നു 'എണ്ണവിളക്ക്' തുടങ്ങി അനേകം അടയാളങ്ങൾ. ക്രൈസ്തവ സഭയിൽ നിലവിലുണ്ട്. നമ്മുടെ സംസ്ക്കാരത്തിനും പ്രകൃതിക്കും ഇണങ്ങുന്ന രീതിയിൽ സഭയെ വളർത്തുവാനാണ് നമ്മുടെ പിതാക്കന്മാർ എപ്പോഴും ശ്രമിച്ചിട്ടുള്ളത്.

ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം അവന്റെ ജീവിതത്തിലുള്ള എല്ലാ പ്രധാനപ്പെട്ട കൂദാശകൾക്കും ശുശ്രൂഷകൾക്കും ഈ തനത് സംസ്ക്കാരത്തിന്റെ വ്യക്തമായ സ്വാധീനം കാണാം. വീട്ട് പ്രാർത്ഥനക്ക് പോലും ഭാരതീയ സംസ്ക്കാരത്തിന്റെ സ്വാധീനം കാണാം. യോഗാഭ്യാസം ചെയ്യുന്നത് പോലെ തറയിൽ പാ വിരിച്ച് അതിൽ നിന്ന് കിഴക്കോട്ട് നോക്കി നിന്ന് പ്രാർത്ഥിക്കാൻ നമ്മുടെ പിതാക്കന്മാർ പഠിപ്പിച്ചിട്ടുണ്ടെങ്കിൽ അതിന്റെ സ്വാധീനം തീർച്ചയായും നമ്മുടെ തനത് സംസ്ക്കാരമാണെന്നുള്ളതിന് തർക്കമില്ല.

പക്ഷേ എന്തുകൊണ്ടോ കബറടക്ക ശുശ്രൂഷ മാത്രം സംസ്ക്കാരത്തിൽ നിന്ന് സ്വീകരിക്കാൻ നമ്മൾ തയ്യാറായില്ല. എന്നാൽ വിരോധാഭാസമെന്നവെണ്ണം സഭയിലെ സന്യാസിമാരുടെ (തിരുമേനിമാരുടെ) കബറടക്കം ഭാരതീയ ഹിന്ദു സന്യാസിമാരുടെ 'സമാധി' ശുശ്രൂഷയുമായി സാമ്യമുണ്ട്. സന്യാസിമാരെ 'സമാധി ഇരുത്തുന്നതിൽ നിന്ന് സ്വാധീനം ഉൾക്കൊണ്ടുകൊണ്ടാകാം നമ്മുടെ തിരുമേനിമാരേയും ഇരുത്തി കബറടക്കുന്ന രീതി നിലവിൽ വന്നത്. പാശ്ചാത്യ സഭകളിൽ ഇങ്ങനെ ഒരു പതിവ് ഇല്ലല്ലോ?

എന്നാൽ വ്യക്തികളെ സംബന്ധിച്ച് സാധാരണ യൂറോപ്പിലും പേർഷ്യയിലും നിലനിൽക്കുന്ന മണ്ണിൽ മറവ് ചെയ്യുന്ന സമ്പ്രദായമാണ് നമ്മൾ സ്വീകരിച്ചിരിക്കുന്നത്. ഭാവിയിൽ ഈ സമ്പ്രദായം ഏറെ വിമർശനം ഏറ്റുവാങ്ങേണ്ടിവരും എന്ന കാര്യത്തിൽ തർക്കമില്ല. ഇപ്പോഴേ ഒറ്റപ്പെട്ട ചില വിമർശനങ്ങൾ നമ്മുടെ സെമിത്തേരികൾ നേരിടുന്നുണ്ട് എന്ന കാര്യം നാം വിസ്മരിക്കരുത്.

കേരളത്തിലെ പ്രത്യേക ഭൂപ്രകൃതിയും, കാലാവസ്ഥയും പരിഗണിച്ച് കേരളത്തിൽ ഏറ്റവും ഫലപ്രദമായി മൃതദേഹം സംസ്ക്കരിക്കാൻ കഴിയുന്നത് മൃതദേഹം ദഹിപ്പിച്ച് കളയുന്നതിലൂടെയാണെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. മൃതദേഹം ദഹിപ്പിക്കുമ്പോൾ അപകടകരമായ പുക പുറത്ത് വരാതെ തടയാൻ ചില പ്രത്യേക ഔഷധകൂട്ടുകളും ചിതയിൽ ഉപയോഗിക്കുന്നുണ്ട്. അപൂർവ്വം അവസരങ്ങളിൽ വെറും മണ്ണിൽ കുഴിച്ചിട്ടാലും മൃതദേഹം പെട്ടെന്ന്

അഴുകി ചേരും എന്ന് തെളിഞ്ഞിട്ടുണ്ട്.

എന്നാൽ മൃതദേഹം ദഹിപ്പിക്കുന്നത് മാത്രമാണ് ഉത്തമമായ മാർഗ്ഗം എന്നൊന്നുമുള്ള അഭിപ്രായം ഈ ലേഖകനുമില്ല. പക്ഷേ നമ്മുടെ നിലവിലുള്ള രീതി എത്രമാത്രം സുരക്ഷിതമാണ് എന്ന് ചിന്തിക്കുന്നത് നന്നായിരിക്കും. കല്ലറകൾ കെട്ടുന്ന പതിവ് മുൻപ് ഉണ്ടായിരുന്നില്ല അതിനാൽ വെറും മണ്ണിൽ മൃതദേഹം മറവ് ചെയ്യുകയായിരുന്നു മുൻപ് ചെയ്തിരുന്നത്. വളക്കൂറുള്ള നമ്മുടെ മണ്ണ് മൃതദേഹം വളരെ എളുപ്പം ദ്രവിപ്പിച്ച് കളഞ്ഞിരുന്നു അതിനാൽ പാരിസ്ഥിതിക പ്രശ്നങ്ങൾ വളരെക്കുറവായിരുന്നു. എന്നാൽ ഇന്ന് കോൺക്രീറ്റ് ചെയ്ത കുഴികളിൽ മൃതദേഹം വെച്ച് സ്ലാബിട്ട് മൂടുന്ന രീതിയാണ് കണ്ടുവരുന്നത്. മൃതദേഹത്തോടൊപ്പം ചിലപ്പോൾ പ്ലാസ്റ്റിക് കവറുകൾ (ice ഇട്ട് വയ്ക്കുന്നത്) ദ്രവിക്കാത്ത തുണി, ശോശപ്പകൾ തലയണ ഒക്കെ ഉണ്ടാകാറുണ്ട്. വിലകൂടിയ പ്ലാസ്റ്റിക് കോട്ട് ചെയ്ത പെട്ടികൾ ഒക്കെ ധാരാളമായി ഉപയോഗിക്കുന്നു. ഇത്തരം വസ്തുക്കൾ മൃതദേഹം എളുപ്പം ദ്രവിക്കുന്നതിനെ തടയുന്നു എന്ന് മാത്രമല്ല മൃതദേഹം ദ്രവിക്കുമ്പോൾ പുറത്ത് വരുന്ന അപകടകരമായ പല വാതകങ്ങളും കോൺക്രീറ്റ് അറയിൽ കെട്ടി നിന്ന് മൃതദേഹം ദ്രവിക്കുന്നത് വീണ്ടും തടസ്സപ്പെടുത്തുകയും മൃതദേഹത്തിൽ നിന്ന് പുറത്ത് വരുന്ന കൊഴുപ്പ് വേണ്ടരീതിയിൽ മണ്ണുമായി ചേരാതെ മണ്ണിൽ ആഴ്ന്നിറങ്ങി സമീപത്തുള്ള ജലസ്രോതസ്സുകളെ മലിനമാക്കുകയും ചെയ്യുന്നു. ഇക്കാര്യത്തിൽ ആധികാരികമായ പഠനങ്ങൾ നടന്നിട്ടുണ്ടെങ്കിലും സമുദായത്തെ ഭയന്ന് പഠന റിപ്പോർട്ടുകൾ വെളിച്ചം കണ്ടിട്ടില്ല എന്ന് മാത്രം.

കേരളം പോലെ ജനസാന്ദ്രത കൂടിയ സംസ്ഥാനത്ത് നമ്മുടെ സെമിത്തേരികൾ പാരിസ്ഥിതക പ്രശ്നങ്ങൾ ഉണ്ടാക്കുന്നെങ്കിൽ അത് തടയാൻ നമുക്കാകണം. സഭ തന്നെ ഇക്കാര്യങ്ങൾ പഠിക്കാൻ വിദഗ്ധരെ നിയോഗിക്കണം. നമ്മുടെ സെമിത്തേരികൾ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നെങ്കിൽ അതിന്റെ പരിഹാരവും കൂടി നാം കാണാൻ ശ്രമിക്കണം. മൃതദേഹം സംസ്ക്കരിക്കുവാനുള്ള സുരക്ഷിതമായ മാർഗ്ഗം നാം അവലംബിക്കണം. അതിനായി മൃതദേഹം ദഹിപ്പിക്കുന്നതാണ് നല്ലതെങ്കിൽ അതുവരെ സ്വീകരിക്കാൻ നാം തയ്യാറാകണം. അല്ലെങ്കിൽ മൃതദേഹം കല്ലറയിൽ വയ്ക്കുമ്പോൾ ചില കർശനമായ മാനദണ്ഡങ്ങൾ പാലിക്കുവാനെങ്കിലും നാം തയ്യാറാകണം.

ഗുരുതരമായ സാമൂഹിക പ്രശ്നങ്ങൾ ഉണ്ടായി അതിന് ശേഷം ഈ പ്രശ്നം കൈകാര്യം ചെയ്യുന്നതിലും നല്ലത് കാര്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി പ്രവർത്തിക്കുന്നതാണ് ഏറ്റവും കുറഞ്ഞപക്ഷം നമ്മുടെ സെമിത്തേരികൾ സുരക്ഷിതമാണെന്ന് മറ്റുള്ളവരെ ബോധിപ്പിക്കുവാനെങ്കിലും നമുക്ക് കഴിയണം.

❖


കവിത

തല്ലാതെ തലോടുന്ന നല്ല ഇടയൻ

ഫാ. പി. പി. ഗീവർഗീസ്, പാമ്പാടി

മർത്യനാകും മഹീരുഹം-നട്ടുനനച്ചു വളർത്തും
കർത്തനെന്ന കർഷകന്റെ-കരവിരുത്.
മണ്ണുകൊണ്ടു മനഞ്ഞവ-രുണ്ണികൾ ഭൂവിൽ ജനിക്കും
വണ്ണമേറിയാലും മണ്ണിൽ-ചെന്നു ചേർന്നിടും
ജീവനുള്ള ദേഹിയായി-തീർത്തിടുവാൻ ദൈവമല്ലേ
ജീവശ്വാസമൂതിയതാ-മൺപ്രതിമയിൽ?
ഏദനിൽ സമൃദ്ധിയിൽ വ-ളർന്നുവലുതായൊരാദം
പാപഫലം ഭുജിച്ച്-പാപിയായ് തീർന്നു.
തിന്നുമെങ്കിൽ മാരകമാം-ഫലമുളവാകുമെന്ന്
മുന്നമേയറിഞ്ഞിരുന്ന-തവഗണിച്ച്
മണ്ണിലേക്കുലയിച്ചുചേ-രുന്നതായ മരണമാ-
ണന്നുചെയ്ത പാപത്തിൽപ-രിണിതഫലം
ഇന്നുമാവർത്തിച്ചിടുന്നു-മാരകമാംലംഘനങ്ങൾ
എന്നു തീരും തിന്മയുടെ-ജന്മവാസന!
വന്നുപോയ പാപമെല്ലാം-മന്നിതിൽ മനുഷ്യനായി-
ട്ടെന്നെ സ്നേഹിക്കുന്ന നാഥൻ-പോക്കിയതോർത്താൽ
എങ്ങനെയിനിയും ലോക-മോഹമെന്നെയപഥത്തിൽ
സഞ്ചരിക്കും യാത്രികനായ്-വഴിനടത്തും
എല്ലാമറിയുന്നവനാം-നല്ലിടയനായ നാഥൻ
തല്ലിടാതെ തലോടുന്ന-തെന്തൊരു സ്നേഹം!

CROSS WORDS BIBLE STUDY 38 PUZZLE



വലത്തോട്ട്

1. അന്ത്യോക്യയിൽവച്ച് ശിഷ്യന്മാർക്ക് ഈ പേരു ലഭിച്ചു (6)
3. യോനാഥാന്റെ ഒപ്പം ബഹൂരീമിലെ കിണറിൽ ഒളിച്ചവൻ (4)
6. യിശ്മായേൽ പാർത്ത മരുഭൂമി (3)
8. അസര്യാവിന് ബാബേലിൽ ലഭിച്ച പേര് (5)
9. ജനത്തെ ശപിക്കാൻ ബിലയാമിനെ വരുത്തിയവൻ (3)
10. ശംഗർ ന്യായാധിപന്റെ പിതാവ് (3)
11. ഹെബ്രോന്റെ ചെറുമൻ ശമ്മായിയുടെ മകൻ (3) (ദിന.)
14. പൗലോസിനൊപ്പം, കോരിന്ത്യ ലേഖനം എഴുതിയവൻ (5)
15. മീനത്തിനു കാലികമായ എബ്രായ മാസം (3)
16. സമ്മാനവുമായി വന്നവരെ തന്റെ രഹസ്യ അറകളെല്ലാം കാണിച്ച രാജാവ് (5)
18. രക്ത നിലത്തിൽ രക്തം ചീന്തിയവൻ (2)
20. ഗിദയോന്റെ ജാരസന്തതി (5)
23. ഏശാവിന്റെ ആദ്യ ജാതന്റെ ആദ്യ ജാതൻ (3)
24. അഹശ്വേരോശ് രാജാവിന്റെ മകൻ (4)
25. പിന്നിലേക്കു വീണു കഴുത്തൊടിഞ്ഞു മരിച്ച പുരോഹിതൻ (2)
26. സിംഹമുഖന്മാരും മാൻപേടയെപോലെ വേഗതയുള്ളവരുമായ പതിനൊന്നു പേരിൽ ഒൻപതാമൻ (5)
27. ബെന്യാമീന്റെ മകൻ ബേലയുടെ മൂന്നാമത്തെ മകൻ (4)
28. "കിദ്രോൻതോട് കടക്കുന്ന നാളിൽ നീ മരിക്കേണ്ടി വരും" ആര്? (3)
29. "അവൻ തൊഴുത്തുകളുടെ മധ്യേ കിടക്കുന്ന അസ്ഥിബലമുള്ള കഴുത" ആര്? (4)
30. ഏലിയാവ് പ്രാർത്ഥിച്ചു തീ ഇറക്കിയ പർവതം (4)

താഴോട്ട്

1. ദൈവികസിദ്ധികൾക്കായുള്ള സ്വർഗീയ നന്മ (4)
2. ആദ്യം കൈവയ്പു ലഭിച്ച ഏഴുപേരിലെ അന്ത്യോക്യക്കാരൻ (5)
3. സിക്ലാഗിൽ ദാവീദിനോടു ചേർന്ന മനശെഗോത്ര സഹസ്രാധിപന്മാരിൽ ഒന്നാമൻ (4)
4. 'സർവത്ര ഭീതി' എന്ന് അർഥം (7)
5. മെത്രാച്ചന്മാർക്ക് സഭാ തലവൻ നൽകുന്ന അധികാരപത്രം (5)
7. ഗാദ്ഗോത്രത്തിന് മോശ അവകാശം നൽകിയതിൽ, ഹെശ്ബോന് അരികെയുള്ള സ്ഥലം (6)
10. ശൗലിന്റെ പിതൃസഹോദര പുത്രൻ; സേനാപതി (4)
12. മരിച്ചവർക്കായുള്ള പ്രാർത്ഥന (3)
13. മക്കദോന്യ യാത്രയിൽ ആസ്യവരെ പൗലോസിനൊപ്പം പോയ ആസ്യക്കാരിൽ ഒന്നാമൻ (4)
17. യിസ്രായേൽ ജനത്തെ 20 വർഷം ഞെരുക്കിയ കനാന്യ രാജാവ് (3)
19. ശൗലിന്റെ (പൗലോസ്) ഗുരു (5)
20. ദാവീദിന്റെ പടയാളികളിൽ 30 പേർക്കു തലവൻ; ഇവന്റെ മേൽ ആത്മാവു വന്നു. (4)
21. മോശയുടെ ഒപ്പം നിന്ന 70 പേരിൽ പാളയത്തിനു പറത്തുവച്ച് ആത്മാവു വന്നവരിൽ ഒരാൾ (3)
22. 'സർവത്ര ഭീതി' എന്നു വിളിക്കപ്പെട്ടവൻ (4)

പദപ്രശ്നം-36 (ശരിയുത്തരം അയച്ചവർ)

വിജയികൾ:

1. റിങ്കു റെയ്ചൽ തങ്കച്ചൻ, നങ്ങ്യാർകുളങ്ങര
2. എൻ. ബാബു ജോൺ, ചാത്തന്നൂർ, കൊല്ലം
3. ഡെയ്സി മാത്യു, നിരണം, നടുവിൽ

4. റെയ്ചൽ അലക്സാണ്ടർ, പൂനെ; 5. ജോളി അലക്സാണ്ടർ, പൂനെ; 6. പി. സി. അലക്സാണ്ടർ, മാവേലിക്കര; 7. ഏലിയാമ്മ ജോർജ്, ആവണീശ്വരം; 8. റോസമ്മ ജോർജ്, കൊൽക്കത്ത; 9. ഏലിയാമ്മ ജോർജ്, മലാഡ്, മുംബയ്; 10. ലീലാമ്മ ജോർജ്, ജലഹള്ളി, ബാംഗ്ലൂർ; 11. കെ. ജോർജ്, അതിരുങ്കൽ; 12. ഏലമ്മ വർഗീസ്, ഉദയ്പൂർ, രാജസ്ഥാൻ; 13. ജസ്റ്റി കെ. വർഗീസ്, പരുമല; 14. ഏലിയാമ്മ വർഗീസ്, ബാംഗ്ലൂർ; 15. ആലീസ് വർഗീസ്, ചമ്പക്കര, കോട്ടയം; 16. ചിന്നമ്മ വർഗീസ്, നാരങ്ങാനം; 17. ബീന തോമസ്, പുതുപ്പള്ളി, കോട്ടയം; 18. ഷൈനി തോമസ്, ഇൻഡോർ; 19. റാഹേലമ്മ തോമസ്, തുവയൂർ, അടൂർ; 20. ഏലിയാമ്മ തോമസ്, ഷഹാഡ്, മുംബയ്; 21. ഏലിയാമ്മ തോമസ്, നിരണം; 22. വി.എ. തോമസ്, കറ്റാനം; 23. ശോശാമ്മ എബ്രഹാം, ബിലാസ്പൂർ; 24. ഏലമ്മ എബ്രഹാം, കളമശേരി; 25. ആലീസ് എബ്രഹാം, കോയമ്പത്തൂർ; 26. കെ. കെ. എബ്രഹാം, പനയമ്പാല, കോട്ടയം; 27. അമ്മിണി മാത്യു, ഭോപാൽ; 28. സൂസമ്മ മാത്യു, നാരങ്ങാനം; 29. മറിയാമ്മ മാത്യു, കളമശേരി; 30. മോളി മാത്യു, നാരങ്ങാനം; 31. അന്നമ്മ മത്തായി, ആലുവ; 32. റെയ്ചൽ മത്തായിക്കുട്ടി, പുതുശേരി; 33. ടി. സി. മാത്തപ്പൻ, കുന്നംകുളം; 34. സൂസമ്മ രാജൻ, കൊൽക്കത്ത; 35. ഓമന രാജൻ, ഹൈദരാബാദ്; 36. സുശീല ജേക്കബ്, ചാത്തന്നൂർ; 37. ജോഹാൻ ജേക്കബ്, തിരുവല്ല; 38. എലിസബത്ത് തമ്പി, കൊച്ചി; 39. സാറാമ്മ തമ്പി, കോയമ്പത്തൂർ; 40. ലീലാമ്മ തങ്കച്ചൻ, ചെറിയനാട്; 41. സൂസമ്മ തങ്കൻ, ഭാണ്ഡൂപ്, മുംബയ്; 42. ലീലാമ്മ കുര്യൻ, ഹൈദരാബാദ്; 43. മേരിക്കുട്ടി കുര്യാക്കോസ്, ഭാണ്ഡൂപ്, മുംബയ്; 44. മേരിക്കുട്ടി പാപ്പച്ചൻ, കലയപുരം; 45. ഏലിയാമ്മ ഐസക്, പുത്തൂർ; 46. ഓമന ചാക്കോ, നിരണം; 47. മറിയാമ്മ ഫിലിപ്പ്, കറ്റൂർ, തിരുവല്ല; 48. എലിസബത്ത് ചെറിയാൻ, നിരണം; 49. ലൈല പോൾ, തിരുവനന്തപുരം -3; 50. ഈസബേൽ സെബാസ്റ്റ്യൻ, തിരുവല്ല; 51. ചിന്നമ്മ ജോൺ, ഉള്ളൂർ; 52. സൂസമ്മ കരീപ്ര, കൊല്ലം; 53. ബിനി ബോബൻ, കുന്നംകുളം; 54. രഞ്ജിനി റജി, കളമശേരി; 55. വിനീത എറണാകുളം.

(അഭിപ്രായങ്ങളും സംശയങ്ങളും അറിയിക്കുക: ഫോൺ: 9447453123)

(e-mail: joshibjohn@hotmail.com)


പദപ്രശ്നം - 35, ശരിയുത്തരം



ഉത്തരമയയ്ക്കാൻ മാസിക കീറരുത്. കാർഡിലോ, ഇൻലാൻഡിലോ കളം വരച്ച് അയച്ചാൽ മതിയാകും.

ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം
ജോഷി ബി. ജോൺ മണപ്പള്ളി
S.R.P. മാർക്കറ്റ് പി.ഒ.
കൊല്ലം ജില്ല-690539

ഉത്തരങ്ങൾ അയയ്ക്കേണ്ട അവസാന തീയതി : 10-06-2006



ജീവിതരേഖ

അമേരിക്കൻ ഭദ്രാസന ശില്പിയായ ഡോ. തോമസ് മാർ മക്കാറിയോസ് എൺപതിന്റെ നിറവിൽ

ഫാ. എം. എം. മാത്യൂസ്, ഓലിക്കൽ

അമേരിക്കൻ ഭദ്രാസനത്തിന്റെ മുഖ്യ ശില്പിയായ ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായ്ക്കു മെയ് 26-നു 80 വയസ്സു തികയുന്നു. ഇക്കഴിഞ്ഞ ഫെബ്രുവരി 16-നു മേല്പട്ടസ്ഥാനം ഏറ്റതിന്റെ 31-ാം വാർഷികം ആചരിച്ച മെത്രാപ്പോലീത്തായെ പ്രായം കീഴടക്കിയിട്ടില്ലാത്തതിനാൽ ഇന്നും അദ്ദേഹം ഊർജ്ജസ്വലനായി പ്രവർത്തനം തുടരുന്നു. അയിരൂർ, കോട്ടയം, ന്യൂഡൽഹി, ബോംബെ വഴി അമേരിക്കയിലും പിന്നീട് കാനഡയിലും ലണ്ടനിലും എത്തുകയും എല്ലായിടത്തും ഇന്നും സഞ്ചരിക്കുകയും സഭയുടെ ഒരു അംബാസഡറായും ശക്തിദുർഗ്ഗമായും തുടരുകയും ചെയ്യുന്ന മാർ മക്കാറിയോസിന്റെ സംഭവ ബഹുലമായ ജീവിതത്തിലേക്കുള്ള ഒരെത്തിനോട്ടം മാത്രമാണിത്.

മലങ്കര സഭയുടെ അതിരും പ്രശസ്തതിയും ചക്രവാള സീമവരെ എത്തിച്ചു സഭയ്ക്കു മൂന്നു ദശാബ്ദത്തിനിടയിൽ ഒരാഗോള പരിവേഷം നൽകിയ കർമ്മകുശലനും പ്രഭാഷണതിലകനും പ്രവാസികളുടെ മഹാഇടയനുമായ ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്ത മെയ് 26-ന് എൺപതാം വയസ്സിലേക്കു കടക്കുകയാണ്. നല്ല ആരോഗ്യത്തിന്റെയും ഓജസ്സിന്റെയും തേജസ്സിന്റെയും കേദാരമായ അദ്ദേഹം അമേരിക്കൻ ഭദ്രാസനത്തിന്റെ ശില്പി എന്നുള്ള അതുല്യ പദവി നേടുന്നതിനു മുമ്പുതന്നെ സഭയുടെ നിർണ്ണായക നിമിഷങ്ങളിലും സ്ഥാനങ്ങളിലും പ്രതിസന്ധികളിലും ഉന്നത വ്യക്തികളോടൊപ്പം പ്രവർത്തിച്ച് അനുഭവ സമ്പത്ത് ആർജ്ജിച്ച ആളാണ്. സഭയുടെ ചരിത്രവും അന്യൂനമായ നിലപാടുകളും ദൈവശാസത്രവും സഭാക്കേസുകളുടെ ഉള്ളുകളികളും, കാനോനിനും നീതിക്കും നിരക്കാത്ത പ്രതിയോഗികളുടെ നിലനിൽക്കാത്ത വാദമുഖങ്ങളും എല്ലാം ഡോ. മക്കാറിയോസിനു കാണാപ്പാടമാണ്.

ഏഴെട്ടു ദശാബ്ദങ്ങൾക്കു മുമ്പ്, അധികം ആരാലും അറിയപ്പെടാതെ കിടന്ന മധ്യതിരുവിതാംകൂറിലെ അയിരൂർ എന്ന ഗ്രാമത്തിൽ മാർത്തോമ്മായുടെ മഹത്തായ പാരമ്പര്യം തുടിച്ചു നിന്ന പകലോമറ്റം തറവാടിന്റെ ശാഖയായ താഴമൺ കുറ്റിക്കണ്ടത്തിൽ ചാക്കോയുടെയും പ്രക്കാനം കൊച്ചു മറിയാമ്മയുടെയും പുത്രനായി 1926 മെയ് 26-നു തങ്കച്ചൻ എന്ന കെ. സി. തോമസ് സഭാ ജീവിതത്തിന്റെ താരാട്ടുകളായ പ്രാർത്ഥനകളുടെയും പള്ളിയാരാധനകളുടെയും പള്ളിത്തൊട്ടിലിലാണു ജനിച്ചുവീണതെന്നു പറയുന്നതാവും ഏറെ ശരി.

കൗമാരത്തിൽ തന്നെ സന്യാസ ജീവിത പ്രേമിയായി മാറിയ തങ്കച്ചൻ പുണ്യചരിതരായ ബഥനിയുടെ അലക്സിയോസ് മാർ തേവോദോസിയോസ്, തോമ്മാ മാർ ദീവന്നാസ്യോസ്, ഫാ. കെ. ഡേവിഡ് കോറെപ്പിസ്ക്കോപ്പ, ഓതറ ഫാ. ഇ. മാത്യൂസ് (കഴിഞ്ഞ ജനുവരി 26-നു കാലം മാത്യൂസ് ദ്വിതീയൻ ബാവ) എന്നിവരുടെ ആരാധ്യമായ ആത്മിക ജീവിതത്തിന്റെ കാന്ത ശക്തിയാൽ ആകർഷിക്കപ്പെട്ടു കഴിഞ്ഞിരുന്നു. ബിരുദം നേടിയ ശേഷം 1947-ൽ കോട്ടയത്തെ വൈദിക സെമിനാരിയിൽ ചേർന്ന കെ. സി. തോമസ് സംഘാടക പാടവം, പ്രസംഗചാതുരി മുതലായ ഗുണഗണങ്ങളാൽ അധ്യാപകരുടെയും സതീർത്ഥ്യരുടെയും മുക്തകണ്ഠമായ പ്രശംസയും അഭിനന്ദനവും ആർജ്ജിച്ചു. പ. ഗീവർഗീസ് രണ്ടാമൻ, പ. മാത്യൂസ് പ്രഥമൻ എന്നീ ബാവാമാരുടെ പ്രത്യേക സ്നേഹത്തിനു പാത്രീഭൂതനായ കെ. സി. തോമസ് 1951-ൽ വൈദിക ശ്രേണിയുടെ ആദ്യ പടവായ ശെമ്മാശുപട്ടം സ്വീകരിക്കുകയും പടിപടിയായി ഉയർന്ന് 1975-ൽ നിരണം പള്ളിയിൽ വച്ചു മേല്പട്ടക്കാരനായി ഉയരുകയും ചെയ്തപ്പോൾ മലങ്കര സഭയുടെ നേതൃത്വത്തിനു ഒരു നവ ചൈതന്യം ലഭിച്ചു എന്നതിനു രണ്ടു പക്ഷമില്ല.

നേരത്തെ ന്യൂഡൽഹിയിൽ വികാരിയായിരിക്കുമ്പോൾ ഉത്തരേന്ത്യൻ നഗരങ്ങളിൽ ചിതറിപ്പാർത്തിരുന്ന സഭാംഗങ്ങളെ തേടിപ്പിടിച്ചു ശക്തമായ ഇടവകകൾ രൂപവൽക്കരിക്കുന്നതിനും ഡൽഹി ഭദ്രാസനത്തിനു തന്നെ അടിത്തറ പാകുന്നതിനും സാധിച്ചു. ഡൽഹിയിലെ ജീവിത കാലം ഫാ. തോമസിനും സഭയ്ക്കും ഒരുപോലെ അവിസ്മരണീയമായിരുന്നു. തലസ്ഥാനത്തെ ഉന്നത വ്യക്തികളുടെയും സർക്കാർ തലത്തിലെ പ്രമുഖ ഉദ്യോഗസ്ഥന്മാരുടെയും മമത സമ്പാദിക്കുന്നതിനും അതു സഭയ്ക്കു പ്രയോജനപ്പെടുത്തുന്നതിനും ക്രാന്ത ദർശിയായ ഫാ. തോമസിന് നിഷ്പ്രയാസം സാധിച്ചു.

മലങ്കര സഭയുടെ ഒരു തീരാ വ്യാധിയായിരുന്ന സമുദായക്കേസ് 1958-ൽ സുപ്രീം കോടതിയിൽ എത്തിയപ്പോൾ പ്രഗല്ഭരായ ബാരിസ്റ്റർ എം. കെ. നമ്പ്യാർ, എൻ. പി. എൻജിനീയർ തുടങ്ങിയവരെ കേസിന്റെ സങ്കീർണ്ണ സ്വഭാവവും അടിസ്ഥാന തത്വങ്ങളും സഭയുടെ വ്യക്തമായ നിലപാടുകളും സഭാചരിത്രത്തിന്റെയും കാനോനിന്റെയും ഭരണഘടനയുടെയും അടിസ്ഥാനത്തിൽ പറഞ്ഞു പഠിപ്പിക്കുന്നതിനും ആവശ്യമായ രേഖകൾ തെരഞ്ഞെടുത്തു സമർപ്പിക്കുന്നതിനും ഫാ. കെ. സി. തോമസിനു കഴിഞ്ഞതുകൊണ്ടു കൂടിയാണു കേസു ജയിച്ചതെന്നു പറഞ്ഞാൽ ആരും തന്നെ അതിനെ എതിർക്കുകയില്ല. കേസു ജയിച്ചതിനെ തുടർന്ന് സഭയിൽ പരിപൂർണ്ണ സമാധാനം ഉണ്ടാവുകയും സഭയുടെ ഗതി തന്നെ മാറുകയും ചെയ്ത കാര്യം ഇന്നത്തെ തലമുറ മറക്കാറായിട്ടില്ല.

1961-ൽ ന്യൂഡൽഹിയിൽ ചേർന്ന സഭകളുടെ ലോകകൗൺസിൽ സമ്മേളന നടത്തിപ്പിലും ഫാ. കെ. സി. തോമസിനു നിർണ്ണായക സേവനം അനുഷ്ഠിക്കാൻ സാധിച്ചു. അങ്ങനെ കൃത കൃത്യനായ അദ്ദേഹം ദൈവശാസ്ത്രത്തിലും സഭാ ചരിത്രത്തിലും കൂടുതൽ പഠന ഗവേഷണങ്ങൾ നടത്താൻ അമേരിക്കയിലും ജനീവയിലും ഏതാനും വർഷം ചെലവാക്കുകയും മതം, എക്യുമെനിസം എന്നിവയിൽ ഡോക്ടറേറ്റു നേടുകയും പിന്നീടു കോട്ടയം വൈദിക സെമിനാരിയിൽ ചരിത്ര പ്രൊഫസറായി സേവനം അനുഷ്ഠിക്കുകയും ചെയ്തു.

നോമിനേഷൻ സമർപ്പിക്കാതെ തന്നെ മലങ്കര അസ്സോസിയേഷൻ മേല്പട്ട സ്ഥാനത്തേക്കു തെരഞ്ഞെടുത്ത ഫാ. കെ. സി. തോമസ് 1975-ൽ പ. ഔഗേൻ ബാവായാൽ മെത്രാനായി വാഴിക്കപ്പെട്ടു. തുടർന്നു ബോംബെ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായി മൂന്നു വർഷം സേവനം അനുഷ്ഠിച്ച ശേഷമാണു 1979-ൽ അമേരിക്കൻ ഭദ്രാസനാധിപനായി നിയോഗിക്കപ്പെട്ടത്. ഇതിനിടയിൽ 1991-ൽ കാതോലിക്കാ ബാവായുടെ അസിസ്റ്റന്റ് എന്ന നിലയിൽ ദേവലോകം അരമനയിൽ കുറെനാൾ താമസിച്ചു ഭരണകാര്യങ്ങളിൽ സഭാധ്യക്ഷനെ സഹായിച്ചിരുന്നു. 1992-ൽ കാനഡാ-യൂറോപ്പ് ഭദ്രാസനം രൂപവൽക്കരിച്ചപ്പോൾ അതിന്റെ ചുമതലയും ഡോ. മക്കാറിയോസിനു നൽകപ്പെട്ടു. കഴിഞ്ഞ 11 വർഷമായി അമേരിക്കൻ ഭദ്രാസനത്തിന്റെ സീനിയർ മെത്രാപ്പോലീത്താ എന്ന സ്ഥാനവും വഹിച്ചുവരുന്നു.

നർമ്മമധുരമായ ഭാഷയിൽ, ആലങ്കാരിക ശൈലിയിൽ, സാധാരണക്കാരനുപോലും സുഗ്രഹമാകത്തക്കവിധത്തിൽ ദൈവിക രഹസ്യങ്ങൾ ഈ ആത്മീയ പിതാവ് അനാവരണം ചെയ്യുന്നു. മതം, തത്ത്വചിന്ത, വേദാന്തം, ചരിത്രം തുടങ്ങിയ വിഷയങ്ങളിൽ സ്വർഗീയ ദർശന വിശേഷങ്ങളുടെ ഉടമയാണ് അദ്ദേഹം. തെറ്റും ശരിയും തിരിച്ചറിഞ്ഞ് ദിശാബോധം നഷ്ടപ്പെടാതെ, ദൈവം ഏൽപിച്ച ജനതയെ നയിക്കുകയാണ് ആത്മീയ ആചാര്യന്മാരുടെ ജീവിത ദൗത്യമെന്ന് ഈ പിതാവ് വിശ്വസിക്കുന്നു. പടിഞ്ഞാറൻ നാട്ടിൽ ജീവിതത്തിന്റെ നല്ല പങ്ക് ചിലവഴിക്കേണ്ടി വന്നെങ്കിലും പൗരസ്ത്യസംസ്ക്കാരത്തിന്റെ പ്രചാരകനും പ്രഘോഷകനുമായിരിക്കാനാണ് അദ്ദേഹത്തിന് ഇഷ്ടം. ദൈവദാനമായ ജീവിതത്തെ സ്വനന്മയെക്കാളുപരി പരനന്മക്ക് വിനിയോഗിക്കുന്നതിൽ ആത്മീയാനന്ദം അനുഭവിക്കുന്ന ഡോ. തോമസ് മാർ മക്കാറിയോസിന്റെ ജീവിതം ഏതു തലമുറയ്ക്കും പ്രചോദനാത്മകമാണ്. മലങ്കര സഭയ്ക്ക് ശക്തിപകരുവാനും ചിരകാല സ്വപ്നമായ സഭാ സമാധാനം സാധ്യമാക്കുവാനും നമുക്ക് പ്രാർത്ഥിക്കാം. ❖

ആരാധനാ പരിഷ്കരണം... 8-ാം പേജിൽ നിന്നു തുടർച്ച

വേദശാസ്ത്രപരമായ കണ്ടെത്തലുകൾ നമ്മെ നവീനരാക്കണം. ആരാധനയെപ്പറ്റിയുള്ള വേദശാസ്ത്രപരമായ പഠനത്തെക്കാൾ ഉപരിയായി സാങ്കല്പികമായ നിർവ്വചനങ്ങൾക്കാണ് നമ്മുടെ പിതാക്കന്മാർ മുൻതൂക്കം നൽകിയത്. സത്യം നമ്മെ സ്വതന്ത്രരാക്കിയേ മതിയാകൂ. ആരാധനയിലെ പ്രതീകങ്ങളും ആരാധനാ വിഥികളും അവകളുടെ ഉപയോഗസ്ഥാനത്തിന്റെ വേദശാസ്ത്രപരമായ കണ്ടെത്തലുമാണ് ആരാധനാ പരിഷ്ക്കരണം കൊണ്ട് അർത്ഥമാക്കേണ്ടത്.

മലങ്കരസഭ നവാഭിഷിക്തനായ പ. കാതോലിക്കാബാവയുടെ ആത്മിക നേതൃത്വത്തിൻ കീഴിൽ വന്നിരിക്കുകയാണ്. ആരാധനയുടെ അന്തഃസത്ത ആവോളം അനുഭവിച്ചറിഞ്ഞ, ജീവിതം സ്വയം ആരാധനയായി സമർപ്പിച്ച പിതാക്കന്മാരെയാണു നമ്മുടെ സഭയ്ക്ക് സാരഥികളായി ലഭിച്ചിട്ടുള്ളത്. ഇന്നത്തെ പ. കാതോലിക്കാ ബാവായെയാണ് പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് 'ആരാധനാ പരിഷ്ക്കരണ' കമ്മറ്റിയുടെ അദ്ധ്യക്ഷനായി നിയോഗിച്ചത്. ഈ പ. പിതാവിന്റെ ആത്മീയ നേതൃത്വത്തിന്റെ തണലിൽ മലങ്കര സഭയിൽ ആരാധനയ്ക്ക് വേദശാസ്ത്രപരമായ ഒരു പരിഷ്ക്കരണവും നവോത്ഥാനവുമുണ്ടാകുമെന്ന് പ്രതീക്ഷിക്കാം. ഇതൊരു മരീചികയാവാതിരിക്കട്ടെ. ❖

അഞ്ചാം ചരമവാർഷികം

2006 മെയ് 9 തിങ്കൾ



ജനനം : 06.04.1930

മരണം: 09.05.2001

ഫാ. റ്റി. ജി. സഖറിയ

(മാനേജർ മലങ്കരസഭ)

"ആചാര്യശാ മശിഹാ കുദാശകളർപ്പിച്ച-
ഈ ആചാര്യന്നരുൾക പുണ്യം, - നാഥാ! സ്തോത്രം"

വൈദികാഭ്യാസത്തിന് സെമിനാരി ഉയരുന്നു...

എം. കുര്യൻ തോമസ്

പഞ്ചാംഗങ്ങൾ നൽകുന്ന തെളിവ്

ഇക്കാലത്തു രചിക്കപ്പെട്ട രണ്ടു സഭാ പഞ്ചാംഗങ്ങൾ ശ്രദ്ധേയമാണ്. 1797-ൽ ചാത്തന്നൂർ പള്ളിയുടെ ഭിത്തിയിൽ എഴുതിയതും, അതിനുമുമ്പ് എഴുതപ്പെട്ടതെന്നു വിശ്വസിക്കാവുന്ന പിറവം പള്ളിയുടെ ഭിത്തിയിലെ പഞ്ചാംഗവുമാണവ. ഇവ രണ്ടിലും പ.ഗീവർഗീസ് സഹദായുടെ പെരുനാൾ മേടം 24-നും സ്ലീബാ പെരുന്നാൾ കന്നി 13-നും ആയിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് പേർഷ്യൻ പാരമ്പര്യമാണ്.[86] പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിൽ ഇവ യഥാക്രമം മേടം 23-ഉം കന്നി 14-മാണ്. 1873-ൽ പോലും ഇവ മാറ്റം കൂടാതെ കൽദായ രീതിയിൽ നിലനിന്നിരുന്നു എന്നതിനു തെളിവുകളുണ്ട്.[87] ചാത്തന്നൂർ പഞ്ചാംഗത്തിൽ പാശ്ചാത്യ സുറിയാനി ആചാരങ്ങൾ പ്രചരിപ്പിക്കാനുള്ള ശ്രമവും കാണുന്നുണ്ട്.

തുടരുന്ന റോമൻ പാരമ്പര്യം

റോമൻ ആധിപത്യം അവസാനിച്ച് ഒന്നര നൂറ്റാണ്ടിനു ശേഷവും മലങ്കരസഭയിൽ ചില റോമൻ പാരമ്പര്യങ്ങൾ നിലനിന്നിരുന്നു. വലിയ മാർ ദീവന്നാസ്യോസിന്റെ അവസാന നാളുകളിൽപോലും പല റോമൻ രീതികളും പിൻതുടർന്നതായി രേഖകളുണ്ട്. അദ്ദേഹം 1793-ൽ വിഭൂതി ബുധനാഴ്ച ആചരിച്ചതായും 1808ൽ ആദ്യത്തെ ഒപ്രൂശ്മ (സ്ഥൈര്യലേപനം) നടത്തിയതായും കാണുന്നു.[88] പല പെരുന്നാളുകളും റോമൻ സഭ ഇവിടെ പ്രചരിപ്പിച്ച രീതിയിലാണ് നിലനിന്നിരുന്നത്. ഉദാഹരണത്തിന് ധനു 18-ന് മാർത്തോമ്മാ ശ്ലീഹാ കുന്തമേറ്റ പെരുനാൾ പോർട്ടുഗീസുകാർ പ്രചരിപ്പിച്ചതുപോലെ ആദംബ മലയിൽ (മയിലാപ്പൂരിൽ) സ്ലീബ വിയർത്ത പെരുനാളായി ട്ടാണ് ചാത്തന്നൂർ, പിറവം പഞ്ചാംഗങ്ങളിൽ കാണുന്നത്.

നസ്രാണികളുടെ ഇടയിൽ ഏറ്റവും പ്രചുര പ്രചാരം നേടിയതും ആഴത്തിൽ വേരുന്നിയതുമായ റോമൻ പാരമ്പര്യങ്ങൾ രണ്ടെണ്ണമാണ്. അവ രൂപങ്ങളുടെ ഉപയോഗവും വൈദീക ബ്രഹ്മചര്യവുമാണ്. 1795-ൽ ചെങ്ങന്നൂർ പള്ളിയിൽ നിന്നും കന്യാസ്ത്രീ അമ്മയുടെ രൂപം കൊണ്ടുവന്നു എന്ന് ചരിത്രമുണ്ട്.[89] വളരെയധികം ശ്രമിച്ചിട്ടും ഈ പാരമ്പര്യം മാറാതെ കിടക്കുന്നു. പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസിന്റെ കാലത്തുപോലും പള്ളികളിൽ നിന്നും രൂപങ്ങൾ പൂർണ്ണമായും മാറിയിരുന്നില്ല.[90]

അതുപോലെതന്നെ വളരെയധികം ശ്രമിച്ചിട്ടും, കശീശന്മാർക്കുപോലും വിവാഹത്തിന് അനുവാദം കൊടുത്തിട്ടും, വൈദീക വിവാഹം വീണ്ടും പ്രാബല്യത്തിൽ കൊണ്ടുവരിക ക്ഷിപ്രസാദ്ധ്യമായില്ല. മാർ യൂയാക്കീം കൂറിലോസ് (മലങ്കരയിൽ 1846-74) പെൺകെട്ടു കൂടാതെ പട്ടം കെട്ടുകയില്ലെന്നു കൂറിലോസിന്റെ ചട്ടം എന്നു വേങ്ങൂർ പള്ളിയിൽ എഴുതിയിരിക്കുന്നതുപോലുള്ള[91] കർശന നിബന്ധന വെച്ചിട്ടും മാർ പത്രോസ് പാത്രിയർക്കീസിന്റെ ആഗമന കാലത്തുപോലും ഇതു സർവ്വസാധാരണമായില്ല.

കണ്ടനാട് പടിയോല

മാർത്തോമ്മാ ഏഴാമന്റെ ഹ്രസ്വമായ ഭരണവും (1808-9) അദ്ദേഹത്തിന്റെ പിൻഗാമിയെ വാഴിച്ചതിലുള്ള ക്രമരാഹിത്യവും പാശ്ചാത്യ സുറിയാനി പക്ഷപാതികൾ മുതലെടുത്തു. 1809 ചിങ്ങം ഒന്നിനു കണ്ടനാട്ടു പള്ളിയിൽ കൂടിയ മലങ്കര പള്ളിയോഗം കൽദായ ക്രമങ്ങളിൽ അവശേഷിച്ചിരുന്നതു കൂടി പുറം തള്ളി. പൂർണ്ണമായും പാശ്ചാത്യ സുറിയാനി ക്രമങ്ങൾ അംഗീകരിച്ചു. കായംകുളം പീലിപ്പോസ് റമ്പാനും പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാരുമായിരുന്നു ഈ വിപ്ലവത്തിനു നേതൃത്വം നൽകിയത്.

ആരാധനാക്രമങ്ങളെ സംബന്ധിച്ച് കണ്ടനാട്ടു പടിയോലയിലെ മൂന്ന് നിശ്ചയങ്ങളാണ് പ്രാധാന്യമർഹിക്കുന്നത്. അവ:

1. തെക്കും വടക്കും വേദാഭ്യാസത്തിന് ഓരോ പഠിത്വ വീടു സ്ഥാപിക്കണം. അവിടെ പഠിച്ചു സർട്ടിഫിക്കറ്റു നേടിയവർക്കുമാത്രം സ്ഥാനം കൊടുക്കണം.

2. ആണ്ടു തക്സ പകർത്തിയെഴുതി എല്ലാ പള്ളികളിലും ഉപയോഗിക്കണം.

3. നമസ്കാരം, കുർബാന, വിവാഹം, മാമോദീസ, മാറാനായ പെരുനാളുകൾ ഇവയെല്ലാം യാക്കോബായ സുറിയാനിക്കാരുടെ ക്രമം പോലെ ആചരിക്കണം.

കൂടാതെ മാർ ഈവാനിയോസ് യൂഹാനോന്റെ ശിഷ്യനായ കായംകുളം പീലിപ്പോസ് റമ്പാനെയും കാട്ടുമങ്ങാട്ടു മല്പാന്റെ ശിഷ്യനായ പുലിക്കോട്ടിൽ ഇട്ടൂപ്പ് കത്തനാരെ റമ്പാനാക്കി അദ്ദേഹത്തേയും മെത്രാന്റെ കാര്യവിചാരകന്മാരാക്കി നിയമിച്ചു.[92] ഇവർ രണ്ടുപേരും പാശ്ചാത്യ സുറിയാനി ക്രമങ്ങളിൽ പണ്ഡിതരും അവയുടെ വക്താക്കളുമായിരുന്നു.

പാശ്ചാത്യ സുറിയാനി ക്രമങ്ങൾ ശാശ്വതമാക്കാൻ ദീർഘവീക്ഷണത്തോടുകൂടി തയാറാക്കിയവയായിരുന്നു ഈ നിശ്ചയങ്ങൾ. സെമിനാരിയുടെ സ്ഥാപനവും സർട്ടിഫിക്കറ്റും നിലവിലുള്ള പട്ടക്കാരെ പാശ്ചാത്യ സുറിയാനി ക്രമം അഭ്യസിപ്പിക്കുന്നതോടൊപ്പം ഈ ക്രമം പഠിച്ചവർക്കുമാത്രമേ ഭാവിയിൽ പട്ടം ലഭിക്കു എന്നുറപ്പാക്കുകയും ചെയ്തു. ആണ്ടു തക്സയുടെ പ്രചരണം കൽദായ ക്രമങ്ങളായ ഹൂദ്രയെ നിർമ്മാർജനം ചെയ്തു. 1978-ലെ മാവേലിക്കര സന്ധി പ്രകാരം തുടരാൻ അനുവദിച്ചിരുന്ന കൽദായ ക്രമങ്ങളായ വിവാഹം, മാമോദീസ ആദിയായവ കൂടി എടുത്തുകളഞ്ഞ കണ്ടനാട്ടു യോഗം പാശ്ചാത്യ സുറിയാനി ആരാധനാരീതിയുടെ സമ്പൂർണ്ണ ഔദ്യോഗിക വിജയമായിരുന്നു.

മാർത്തോമ്മാ എട്ടാമനാകട്ടെ ഇട്ടൂപ്പ് കത്തനാരെ റമ്പാനാക്കുക എന്നതൊഴികെ മറ്റൊരു തീരുമാനവും നടപ്പാക്കിയില്ല. ഇതോടെ റമ്പാന്മാരുടെ നേതൃത്വത്തിൽ -പ്രധാനമായും വടക്കൻ പള്ളികൾ- കണ്ടനാടു പടിയോല നടപ്പാക്കണമെന്ന ആവശ്യവുമായി മുന്നോട്ടുവന്നു. മെത്രാനാകട്ടെ ഇട്ടൂപ്പ്കത്തനാർ മുതൽപേർ കീഴുനാളിൽ നടന്നിട്ടില്ലാത്ത ചട്ടങ്ങളെ മര്യാദയായി നടത്തണമെന്നു നിശ്ചയിച്ചു[93] പ്രവർത്തിക്കുന്നതായി ആരോപിച്ചു.

വടക്കൻ ഇടവകകൾ പാശ്ചാത്യ സുറിയാനി വൽക്കരണത്തെ അനുകൂലിച്ചു എങ്കിലും വടക്ക് പൂർണ്ണമായും പാശ്ചാത്യ

സുറിയാനി പക്ഷപാതികളെന്നോ തെക്ക് പൂർണ്ണമായും കൽദായ പക്ഷപാതികളെന്നോ പറയുക സാദ്ധ്യമല്ല. തെക്കുനിന്ന് കായംകുളം പീലിപ്പോസ് റമ്പാൻ ഇട്ടൂപ്പ് റമ്പാനോടൊപ്പം പാശ്ചാത്യ സുറിയാനി ക്രമങ്ങളുടെ വക്താവായപ്പോൾ വടക്ക് കിടങ്ങൻ വറുഗീസു കത്തനാർ, കോനാട്ടു മല്പാൻ, ചക്കരയത്ത് ഇട്ടൂപ്പ് കത്തനാർ മുതലായവർ മെത്രാനോടൊത്തുനിന്നു. 1806 -ലെ ആർത്താറ്റു പടിയോല തന്നെയും സ്വന്ത ഇടവകയിൽ ഇട്ടൂപ്പ് കത്തനാരുടെ നവീന ആരാധനക്രമങ്ങളോട് എതിർപ്പുള്ളവർ ചമച്ചതല്ലേയെന്നു സംശയിക്കേണ്ടിയിരിക്കുന്നു.

സെമിനാരി സ്ഥാപനം പാശ്ചാത്യ സുറിയാനി ക്രമങ്ങളുടെ പ്രചാരണത്തിനായിരുന്നു ഉദ്ദേശിച്ചിരുന്നത് എന്നതിന് ഏറ്റവും വലിയ തെളിവ് സെമിനാരി പഠനത്തിന് ഓരോ ഇടവകയിൽ നിന്നും ഓരോ ശെമ്മാശിനോടും പൈതലിനോടും ഒപ്പം ഓരോ കത്തനാർമാരെയും കൂടി വിടണമെന്ന ഇട്ടൂപ്പ് റമ്പാന്റെ പരാമർശനം തന്നെയാണ്.[94] എന്നാൽ പരസ്പരം വാദവും തർക്കവുമായി കഴിഞ്ഞതല്ലാതെ ദീർഘകാലത്തേയ്ക്കു മറ്റ[illegible]ും സംഭവിച്ചില്ല.

കേണൽ മൺട്രോയു[illegible] പ്രീതി സമ്പാദിച്ച ഇട്ടൂപ്പ് റമ്പാന്റെ സ്വാധീനം വർദ്ധിച്ചുവന്നു. മാർത്തോമ്മാ എട്ടാമന്റെ ജനപ്രീതി കുറയുകയും ചെയ്തു. ഇതിനിടയിൽ 1812-ൽ കായംകുളം പീലിപ്പോസ് റമ്പാൻ മരിച്ചുപോയതിനാൽ പാശ്ചാത്യ സുറിയാനി പക്ഷത്തിന്റെ നേതൃത്വം പൂർണ്ണമായും ഇട്ടൂപ്പ് റമ്പാനിൽ വന്നുചേർന്നു.

സെമിനാരി സ്ഥാപനം

രണ്ടു പഠിത്ത വീടുകൾ സ്ഥാപിക്കാനുള്ള കണ്ടനാട്ടു പടിയോല നിശ്ചയം മെത്രാൻ പാലിക്കാത്തതിനെ തുടർന്ന്, വൈദീക വിദ്യാഭ്യാസത്തിൽ അതീവ തല്പരനായിരുന്ന കേണൽ മൺട്രോയുടെ സഹായത്തോടെ ഇട്ടൂപ്പ് റമ്പാൻ തനിച്ച് അതിനു ശ്രമം തുടങ്ങി. നാലുവർഷത്തെ വട്ടിപ്പണപ്പലിശ 1813-ൽ ഇട്ടൂപ്പ് റമ്പാൻ വാങ്ങി സെമിനാരി പണി ആരംഭിച്ചു. കേണൽ മൺട്രോയുടെ താൽപ്പര്യ പ്രകാരം തെക്കും വടക്കും രണ്ട് പഠിത്ത വീടിനു പകരം കോട്ടയത്താണ് റമ്പാൻ സെമിനാരി പണിതത്.[95] പിറ്റേവർഷം പണിതീർന്ന് സെമിനാരിയിൽ പഠിത്തം ആരംഭിച്ചു.

പകലോമറ്റം അസ്തമിക്കുന്നു.

1815-ൽ കിടങ്ങൻ മാർ പീലിക്സിനോസിൽ നിന്നും മാർ ദീവന്നാസ്യോസ് എന്ന പേരിൽ മേല്പട്ടം സ്വീകരിക്കുകയും[96] മാർത്തോമ്മ എട്ടാമന്റെ പിൻഗാമിയായ അയ്പ് മെത്രാനെക്കൊണ്ട് വടിയും മുടിയും വെപ്പിച്ച് അധികാരം പിടിച്ചെടുക്കുകയും ചെയ്തതോടെ പകലോമറ്റം കുടുംബ വാഴ്ച അവസാനിച്ചു. അതോടെ കൽദായ ക്രമങ്ങളുടെ അവസാനത്തെ പിന്തുണയും നഷ്ടമായി.

പൗരസ്ത്യ സുറിയാനി, കൽദായ പാരമ്പര്യത്തിന്റെ അവസാനത്തെ കണ്ണി.

ആരാധനയുടെ ക്രമങ്ങൾ പൂർണ്ണമായും പാശ്ചാത്യ സുറിയാനി -അന്ത്യോഖ്യൻ- ആയി മാറി എങ്കിലും ആരാധനാഭാഷയായി പഴയ കൽദായ സുറിയാനി തന്നെ തുടർന്നു. 19-ാം നൂറ്റാണ്ടിൽ കൽദായ സുറിയാനിയിൽ എഴുതപ്പെട്ട പാശ്ചാത്യ സുറിയാനി ക്രമങ്ങൾ ആണ് ഉപയോഗിച്ചിരുന്നത്. 20-ാം നൂറ്റാണ്ടിന്റെ ആരംഭംവരെ ഈ രീതി തുടർന്നു. കോനാട്ടു പ്രസിന്റെ ഉത്ഭവവും അവിടെ നിന്നും പാശ്ചാത്യ സുറിയാനിയിൽ അച്ചടിച്ച ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണവുമാണ് കൽദായ സുറിയാനിയെ നിഷ്കാസനം ചെയ്തത്.

കൽദായ പാരമ്പര്യത്തിന്റെ അവശിഷ്ടമായി ഇന്നു നിലനിൽക്കുന്ന ഒന്നുണ്ട്. മലങ്കരയിലെ സുറിയാനി ഉച്ചാരണം.

മലയാള പരിഭാഷ

കൊല്ല വർഷം 985 (1809) ചിങ്ങം 1നു നടന്ന കണ്ടനാടുയോഗവും 1815ലെ സെമിനാരി സ്ഥാപനവുംമൂലം മലങ്കരസഭ പാശ്ചാത്യ സുറിയാനി ക്രമങ്ങളെ ഔദ്യോഗികമായി അംഗീകരിയ്ക്കുകയും അരക്കിട്ടുറപ്പിയ്ക്കുകയും ചെയ്തു എന്നു പറയാം. എങ്കിലും കാലദേശ പരിമിതികൾ മൂലം മലങ്കരയിൽ പ്രചാരത്തിലിരുന്ന മറ്റുക്രമങ്ങളുടെ അസ്തമനം ഒറ്റയടിയ്ക്കു സംഭവിച്ചില്ല. കുറഞ്ഞതു മുക്കാൽ നൂറ്റാണ്ടു കൂടിയെങ്കിലും അത്തരം സ്വാധീനങ്ങൾ മലങ്കരയിൽ നിലനിന്നു.

1806 ൽ ഡോ: ക്ലോഡിയസ് ബുക്കാനന്റെ ആഗമനത്തോടെ ആരംഭിച്ച പ്രൊട്ടസ്റ്റന്റ് സഹവാസം. മറ്റൊരു സുപ്രധാന സംഭവത്തിനു വഴിമരുന്നിട്ടു. ആരാധനാക്രമങ്ങളുടെ മലയാള പരിഭാഷ. പാശ്ചാത്യ സുറിയാനി ക്രമങ്ങൾ മലങ്കരയിൽ ഉറയ്ക്കാൻ ഏറ്റം പ്രധാന കാരണമായി തീർന്ന ഈ പരിഭാഷായുഗം ആരംഭിച്ചത് വേദപുസ്തക പരിഭാഷയോടെയാണ്.

കുറിപ്പുകൾ

86. Mar Aprem, *Lectionary...*,pp 91-2
87. *ഫിലിപ്പോസു കോറപ്പിസ്ക്കോപ്പ, ഇടവഴിക്കൽ, സുറിയാനി സഭാപഞ്ചാംഗ, കൊച്ചി 1873,* pp 13-3
88. *തോമസ്, Op. Cit.*, p117
89. *തോമസ്, Op. Cit.*, p 98
90. *ചാക്കോ റ്റി.സി., മാർത്തോമ്മ സഭാചരിത്ര സംഗ്രഹം രണ്ടാം ഭാഗം, കോട്ടയം, 1937,* p 18
91. *ആത്തുങ്കൽ ഫാ. ഗീവർഗീസ്, യാക്കോബ് മാർ കൂറിലോസ് ബാവ സ്മൃതിപഥത്തിൽ (ലേ).*Mar Koorilos Souvenir,*മുളന്തുരുത്തി, 1974.*
92. *ഇട്ടൂപ്പ് റൈട്ടർ, Op. Cit.*, pp 156-7
93. *ഇട്ടൂപ്പ് റൈട്ടർ, Op. Cit.* p158
94. *ഇട്ടൂപ്പ് റൈട്ടർ, Op. Cit.* p 161
95. *ഇട്ടൂപ്പ് റൈട്ടർ, Op. Cit.*p 188
96. Cherian P., *The Malabar Syrains & Church Missionary Society*, Kottayam,1935, p 61

❖

ധ്യാനപംക്തി



ഞായർദിന ചിന്തകൾ

ഫാ. ഡോ. മർക്കോസ് ജോസഫ് SST,
പത്തനാപുരം

"...സ്വാർത്ഥതാപരവും ഭൗതിക നേട്ടങ്ങൾക്കായുള്ള അപേക്ഷകൾ മാത്രം നിറഞ്ഞതുമായ നമ്മുടെ പ്രാർത്ഥനകൾ യേശു തമ്പുരാന്റെ പ്രാർത്ഥനാ നിലവാരത്തിൽ നിന്ന് എത്രയോ താഴെയാണ്. 'നേടിയെടുക്കും' 'നേടിയെടുക്കും' എന്ന മുദ്രാവാക്യ സമാനമായ പ്രാർത്ഥനകൾ ക്രിസ്തീയ ആദ്ധ്യാത്മികതയ്ക്ക് ഒട്ടും നിരക്കുന്നതല്ല..."

മെയ് 14
പുതുഞായറാഴ്ചയ്ക്കു ശേഷം
മൂന്നാം ഞായറാഴ്ച
വി. ലൂക്കോസ് 24:13-35

തിരിച്ചറിവിലേക്കുള്ള യാത്ര/ബുദ്ധി തെളിയിച്ച സഹയാത്രികൻ

A. ആമുഖം

ക്രിസ്തുവിന്റെ പുനരുത്ഥാനം കേട്ടറിഞ്ഞെങ്കിലും ബോദ്ധ്യം വരാതിരുന്ന രണ്ട് കർത്തൃശിഷ്യന്മാർക്ക് എമ്മാവൂസിലേക്കുള്ള യാത്രയിൽ യേശു വെളിപ്പെട്ട് തിരുവെഴുത്തുകളുടെ തിരിച്ചറിവിലേക്കും വിശ്വാസത്തിലേക്കും അവരുടെ ബുദ്ധിയെ തെളിയിച്ച സംഭവമാണിത്.

വേദഭാഗപരിച്ഛേദം: ഉയിർപ്പ് ഞായറാഴ്ച സൂര്യാസ്തമനത്തോടെ യെരൂശലേമിൽ നിന്ന് പെസഹാ പെരുനാളിൽ സംബന്ധിച്ച ശേഷം അവർ മടക്കയാത്ര തുടങ്ങുന്നു. ഒരാൾ ക്ലെയോപ്പാവ്, അപരൻ ആരെന്ന് വ്യക്തമല്ല. വി. ലൂക്കോസ് തന്നെയാണെന്നൊരു പാരമ്പര്യമുണ്ട്, കാരണം എമ്മാവൂസ്സ് സംഭവത്തിന്റെ വിവരണം വി. ലൂക്കോസ് മാത്രമെ തരുന്നുള്ളൂ. ഏതായാലും ഒരു കാര്യം വ്യക്തമാണ്. ഇവർ ഇരുവരും യേശുവിന്റെ ശിഷ്യന്മാരും അവനിൽ പ്രതീക്ഷ അർപ്പിച്ചവരും ആയിരുന്നു.

പെസഹാപ്പെരുനാളിൽ സംബന്ധിക്കുവാൻ യഹൂദമതാനുസാരികളായ ആളുകൾ വിവിധ സ്ഥലങ്ങളിൽ നിന്ന് യേരൂശലേമിൽ എത്തിയിട്ട് പെരുനാൾ കഴിഞ്ഞ് മടങ്ങുകയായിരുന്നു പതിവ്. ഈ ഗണത്തിൽ പെട്ടവനാകാം എന്നധാരണയാണ് അപരിചിതനായ സഹയാത്രികനെ 'പരദേശി' എന്ന് വിളിക്കുവാൻ പ്രേരിപ്പിച്ചത്. തിരുവെഴുത്തുകളുടെ വെളിച്ചത്തിൽ ആധികാരികമായി തങ്ങളുടെ ചർച്ചാ വിഷയമായ യേശു തന്നെയാണ് പ്രവചന പ്രതീക്ഷയായ മശിഹാ എന്ന് അപരിചിതൻ വ്യാഖ്യാനിച്ചപ്പോൾ, അദ്ദേഹത്തോട് ശിഷ്യന്മാർക്ക് ആദരവ് തോന്നിയിരിക്കാം. അതാകാം തങ്ങളോടുകൂടി രാപാർക്കാൻ അദ്ദേഹത്തെ അവർ ക്ഷണിക്കുന്നത്. മനുഷ്യ സൃഷ്ടിയുടെ സ്വാതന്ത്ര്യാധികാരത്തെ/ഇച്ഛാശക്തിയെ കർത്താവ് മാനിക്കുന്നു എന്ന വസ്തുത ഇവിടെയും ഉയിർത്തിക്കാണിക്കുന്നു. കർത്താവ് കടന്നു പോകുന്നവനായി അഭിനയിച്ചതിലൂടെ നന്മയെ തിരിച്ചറിഞ്ഞ് അതിനെ സ്വീകരിക്കുവാനുള്ള സന്നദ്ധത കർത്തൃശിഷ്യന്മാരിൽ താൻ അന്വേഷിക്കുകയായിരുന്നു. 'ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു' എന്നുള്ള പ്രസിദ്ധമായ വെളിപ്പാട് 3:20 വാക്യവും ഇതോട് ചേർത്ത് ചിന്തിക്കാവുന്നതാണ്. യാത്രയിൽ നൽകിയ വചനം ബോധം തെളിയിച്ചെങ്കിൽ ഭക്ഷണ മേശയിൽ നൽകിയ അപ്പം കണ്ണുകളെ തെളിയിച്ച് തങ്ങളുടെ അതിഥി യേശുവാണെന്നുള്ള തിരിച്ചറിവിലേക്കവരെ നയിക്കുന്നു.

B. ധ്യാന ചിന്തകളും സന്ദേശങ്ങളും

1. പരിണാമപരമായ ദൈവിക വെളിപ്പാട്

പന്ത്രണ്ടുപേരടങ്ങിയ ശ്ലീഹഗണത്തിൽ ഉൾപ്പെട്ടിരുന്നില്ലെങ്കിലും, എമ്മാവൂസ്സിലേക്ക് പോയ ഇരുവരും കർത്തൃശിഷ്യന്മാരായിരുന്നു. എന്നിട്ടും ഗുരുവിനെ സംബന്ധിച്ച് നിറഞ്ഞ ബോദ്ധ്യങ്ങളും ആഴമായ വിശ്വാസവും അവരിൽ വന്നിരുന്നില്ല. അതാണല്ലോ ഉയിർപ്പിന്റെ വാർത്ത ശ്രവിച്ചശേഷവും യെരുശലേമിൽ നിന്ന് തങ്ങളുടെ ഗ്രാമമായ എമ്മാവൂസിലേക്ക് അവർ പിൻവാങ്ങുന്നത്. ഇത് പ്രതീകാത്മക ചിന്തകൾ നമ്മിലുണർത്തുന്നു. കിഴക്ക് ഉയിർത്തെഴുന്നേറ്റ നീതി സൂര്യനായ യേശുവിനെ തള്ളി പടിഞ്ഞാറോട്ട്, അന്ധകാരത്തിലേക്ക് സ്വാർത്ഥതയുടെ സ്വന്ത കൂടാരങ്ങളിലേക്ക് പിൻമാറുന്ന അനുഭവ തലമാണിത്. പിതൃസന്നിധിയിലെ സന്തോഷമുപേക്ഷിച്ച് ദൂരേക്ക് അധാർമ്മീകതയുടെ സന്തോഷം തേടിപ്പോയ 'മുടിയൻ പുത്രൻ' ഉപമയിലെ ഇളയ മകനെപ്പോലെ യെരുശലേമിൽ ലഭിക്കാത്ത സന്തോഷം തേടി എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാർ നമുക്ക് ധ്യാനവിഷയമാകണം. പിന്മാറ്റത്തിന്റെ പ്രതീകമായി അവർ നിലകൊള്ളുന്നെങ്കിലും, യേശുവിലുള്ള വിശ്വാസവും പ്രതീക്ഷയും പാടെ ഉപേക്ഷിച്ചില്ല എന്നൊരു നന്മ അവരിലുണ്ടായിരുന്നു. അവരുടെ ചർച്ചയും ശ്രദ്ധയും ധ്യാനവുമെല്ലാം യേശുവിൽ നിറഞ്ഞു നിന്നു.

2. സന്തത സഹചാരിയും സഹയാത്രികനുമായ യേശു.

ശിഷ്യത്വത്തിലും പിന്മാറ്റത്തിലും ഒരേ പോലെ നമ്മോടൊപ്പമുള്ള യേശുവിന്റെ സാന്നിദ്ധ്യം പലപ്പോഴും കർത്തൃശിഷ്യന്മാരെപ്പോലെ നാമും തിരിച്ചറിയാതെ പോകുന്നു. പങ്കിടാത്തവർക്കും ദൈവവചനം പരിശുദ്ധാത്മ വെളിച്ചത്തിൽ പഠിക്കാത്തവർക്കും അന്നെന്നപോൽ ഇന്നും കണ്ണ് കുരുടാണ്. പങ്കിട്ട് യേശുവിന് പ്രമുഖ സ്ഥാനം കൊടുത്ത് അവനിൽ നിന്ന് വാഴ്ത്തിയ അപ്പനുറുക്കുകൾ ഭക്ഷിച്ചപ്പോൾ അവരുടെ കണ്ണു തെളിഞ്ഞു. അൾത്താരയിലും, ഊണ് മേശയിലും രഹസ്യ-പരസ്യ ജീവിത മേഖലകളിലും ഒന്നുപോലെ കർത്തൃസാന്നിദ്ധ്യം അനുഭവിക്കുന്നവനാണ് ഭാഗ്യവാൻ.

3. ദൈവവചനവും കൂദാശാനുഭവങ്ങളും

ലൗകിക വാക്കുകളും അറിവുകളും, ജഡികത്വവും, ആർഭാടങ്ങളും ഹൃദയത്തെ സ്വാർത്ഥവൽക്കരിക്കുകയും തമസ്ക്കരിക്കുകയും മാത്രമല്ല കണ്ണു കുരുടാക്കുകയും ചെയ്യും. ദൈവവചനവും കൂദാശാനുഭവങ്ങളും സമന്വയമായി നമ്മുടെ ആത്മീയ ജീവിത ഭാഗമാകണം. യേശുതമ്പുരാൻ എമ്മാവൂസിലേക്ക് പിൻവാങ്ങിയ കർത്തൃശിഷ്യന്മാർക്ക് യഥാസ്ഥാനീകരണത്തിന് കൊടുത്ത ചികിത്സ ഇത് രണ്ടുമായിരുന്നു. പൗരസ്ത്യാദ്ധ്യാത്മികതയിൽ ബലിപീഠത്തിനും ഏവൻഗേല്യോൻ പീഠത്തിനും തുല്യ പ്രാധാന്യമുണ്ട്.

C. പ്രായോഗിക ചിന്തകൾ

1. എമ്മാവൂസ്സിലേക്ക് പോയ കർത്തൃശിഷ്യന്മാർക്ക് ഗുരുവിനെപ്പറ്റി അറിയാമായിരുന്നു. പക്ഷേ ഗുരു ജീവിതത്തിൽ അനുഭവമായി മാറിയിരുന്നില്ല.

2. പ്രതീക്ഷകളുടെ ചില്ലുകൊട്ടാരം തകരുമ്പോഴും പ്രശ്നങ്ങളും പ്രതിസന്ധികളും ഉരുണ്ടു കൂടുമ്പോഴും യേശുവിനോടുകൂടി യെരുശലേമിൽ ആയിരിക്കാതെ തെറ്റായ ബോദ്ധ്യങ്ങളുടെ പ്രതീകമായ എമ്മാവൂസ്സിലേക്ക് പിന്മാറുന്നവനാണോ ഞാനിന്നും?

3. എമ്മാവൂസ്സിലേക്ക് പോയ കർത്തൃശിഷ്യന്മാരുടെ ചർച്ചയും ധ്യാനവും യേശുവിൽ നിറഞ്ഞു നിന്നു. നമ്മുടെ ജീവിതത്തിൽ യേശു സാന്ദർഭികമായ ഓർമ്മയോ അതോ നിറഞ്ഞു നില്ക്കുന്ന സ്മൃതിയുടെ അനുഭവമോ? കർത്തൃ സ്മൃതിയിൽ കഴിയുന്ന വ്യക്തികൾക്ക് മാത്രമെ പാപത്തിനെതിരെ ജയജീവിതം നയിക്കുവാനും ക്രിസ്തു സാക്ഷ്യം അനുഷ്ഠിക്കുവാനും സാധിക്കൂ.

4. ഒരു ദൈവപൈതൽ ലൗകിക ആകർഷണങ്ങളായ അസ്തമയ സൂര്യനെ നോക്കി പടിഞ്ഞാറോട്ട് യാത്ര ചെയ്യുവാനല്ല, മറിച്ച് ഉദയ സൂര്യനായ ക്രിസ്തുവിനെ നോക്കി കിഴക്കോട്ടു യാത്ര ചെയ്യുവാൻ വിളിക്കപ്പെട്ടവനാണ്. ഇസ്രായേൽക്കാരുടെ മരുഭൂമിയാത്ര പ്രതീകാത്മകമായി ഉദയ സൂര്യനെ നോക്കി രാവിലെ കിഴക്കോട്ടായിരുന്നു (സംഖ്യാ 21:11).

5. എമ്മാവൂസ്സ് ശിഷ്യന്മാരെപ്പോലെ ക്രിസ്തുവിനെക്കുറിച്ചുള്ള വാഗ്വാദങ്ങളിൽ അലയുന്നവരാണോ നാമിന്നും/ അതോ അവനിലുള്ള പരിജ്ഞാനത്തിൽ പൂർത്തി പ്രാപിച്ച് വളരുന്നവരോ? എബ്രാ. 6:1-2 നമ്മുടെ ജീവിത ബഡ്ജറ്റായി സ്വീകരിക്കുമോ?

മെയ് 21

പുതുഞായറാഴ്ചയ്ക്കു ശേഷം
നാലാം ഞായറാഴ്ച
വി. ലൂക്കോസ് 9:51-62

ക്രിസ്തീയ ശിഷ്യത്വത്തിന്റെ പാത

A. ആമുഖം

ക്രിസ്തീയ സഹിഷ്ണുതയുടേയും ശിഷ്യത്വത്തിന്റേയും മർമ്മങ്ങൾ സംബന്ധിച്ചുള്ള കർത്തൃവചനങ്ങൾ ലഭിക്കുന്ന വളരെ ശ്രദ്ധേയമായ വേദഭാഗമാണിന്നത്തെ ധ്യാനവിഷയം.

വേദഭാഗപരിച്ഛേദം: യേശു മനുഷ്യാവതാര വ്യാപാരത്തിന്റെ സിംഹഭാഗവും ചിലവിട്ട ഗലീലയിൽ ശുശ്രൂഷ പൂർത്തീകരിച്ച് യഹൂദ്യയിലേക്കും അതിന്റെ തലസ്ഥാനമായ യെരുശലേമിലേക്കും വരുവാൻ ക്രമീകരണങ്ങൾ ചെയ്യുന്നു. ഗലീലായിൽ നിന്ന് യെരുശലേമിലേക്ക് ശമര്യാ വഴി നേരിട്ട് എളുപ്പമായി എത്താമെങ്കിലും യഹൂദരും സങ്കരവർഗ്ഗമായിരുന്ന ശമര്യരും തമ്മിലുള്ള വംശീയ പ്രശ്നവും ശണ്ഠയും കാരണം (വി. യോഹ. 4:9-10) ശമര്യാ സ്പർശിക്കാതെയായിരുന്നു സാധാരണ യഹൂദന്മാരുടെ യാത്ര. എന്നാൽ യേശു തമ്പുരാൻ മുൻപതിവുപോലെ ശമര്യാ വഴി, അവരുടെ ആതിഥ്യം സ്വീകരിച്ച് യെരുശലേമിലെത്തുവാൻ ദൂതന്മാരെ തനിക്ക് മുമ്പായി അയച്ച് ക്രമീകരണങ്ങൾ ചെയ്തെങ്കിലും, ഈ യാത്രയിൽ ശമര്യായിൽ തങ്ങുവാൻ പദ്ധതിയില്ലായിരുന്നു. ഇത് മനസ്സിലാക്കിയ ഒരു ശമര്യാ ഗ്രാമം കർത്താവിന് ഉചിതമായ സ്വീകരണം നൽകിയില്ല. ഈ സന്ദർഭത്തിലാണ് ക്രിസ്തീയ സഹിഷ്ണതയുടെ വലിയ പാഠം ശിഷ്യന്മാരെ പഠിപ്പിക്കുന്നത്. ശിഷ്യത്വ പാതയിൽ അനുവർത്തിക്കേണ്ട മൂന്ന് തത്വങ്ങൾ/പ്രമാണങ്ങൾ ശിഷ്യന്മാരെ കർത്താവ് പഠിപ്പിക്കുന്നു (വി. മത്താ. 8:19-22; വി. ലൂക്കോ. 9:57-62).

B. ധ്യാനചിന്തകളും സന്ദേശങ്ങളും

1. സഹിഷ്ണതയുടെ പ്രമാണം

അർഹിക്കുന്ന ആദരവ് കർത്താവിനും ശിഷ്യന്മാരായ തങ്ങൾക്കും ലഭിക്കാഞ്ഞതിൽ നീരസപ്പെട്ട് അവരെ നശിപ്പിക്കുവാൻ ശിഷ്യന്മാർ കർത്താവിനോടനുവാദം ചോദിച്ചു. പൈശാചികം, മാനുഷികം, ദൈവികം എന്നീ മൂന്ന് പ്രതികരണ രീതികൾ പരസ്പര ബന്ധങ്ങളിൽ നിലനില്ക്കുന്നുണ്ട്. നമ്മേയും നാം ബന്ധപ്പെടുന്ന സകലത്തേയും ആദരിക്കാതെ എതിർക്കുന്നവരെ/എതിർക്കുന്ന വ്യവസ്ഥിതികളെ നശിപ്പിക്കുവാനുള്ള വ്യഗ്രത പൂണ്ട പ്രതികരണം പൈശാചികമെങ്കിൽ, അങ്ങനെയുള്ളവരെ/വയെ അകറ്റി നിർത്തി നിസ്സംഗത്വ ഭാവത്തിൽ കഴിയുന്ന പ്രതികരണം മാനുഷികവും, സ്നേഹാദരപൂർവ്വം ഉൾക്കൊണ്ട് ഈദൃശ വ്യക്തികളും വ്യവസ്ഥികളും തിരുത്തൽ ശക്തികളായി ദൈവം ഒരുക്കിയ പദ്ധതികളാണെന്നുള്ള തിരിച്ചറിവോടെ പ്രതികരിക്കുന്നത് ദൈവികവുമാണ്. ഇവിടെ ശിഷ്യന്മാർ പൈശാചിക ഭാവത്തിനധീനരായി. അവർക്കതിനുള്ള ന്യായവാദവും പ്രവാചക സമാനതയും ഉണ്ടുതാനും (2 രാജാ. 1:10,12). പൈശാചിക ഭാവത്തിനധീനരായ ശിഷ്യന്മാരോടാണ് കർത്താവ് ചോദിക്കുന്നത്, നിങ്ങൾ ഏതാത്മാവിലുള്ളവൻ എന്ന്. മറ്റുള്ളവരെല്ലാം എന്റെ സ്തുതിപാഠകന്മാരാകണമെന്നുള്ളത് ക്രിസ്തീയ മനോഭാവമല്ല. മറിച്ചുള്ള സാഹചര്യങ്ങൾ ദൈവം നമുക്കായി സ്നേഹ പദ്ധതികളായി ഒരുക്കുന്നത് നമ്മേ നന്മയിൽ വളർത്തുവാനാണ്. തിന്മയെ നിഗ്രഹിച്ച് നന്മയെ സംസ്ഥാപിക്കുക എന്ന ഹൈന്ദവ ദർശനമല്ല, മറിച്ച് തിന്മയെ നന്മയായി രൂപാന്തരപ്പെടുത്തുന്ന ക്രൈസ്തവദർശനമാണ് ശ്രേഷ്ഠമായത്. വി. ലൂക്കോ. 9:56-ൽ കർത്താവ് കല്പിക്കുന്ന മനുഷ്യാവതാര മർമ്മം പ്രത്യേകം ധ്യാനവിധേയമാക്കേണ്ടതാണ്.

2. ശിഷ്യത്വത്തിന്റെ മൂന്നു പ്രമാണങ്ങൾ

യെരൂശലേമിലേക്കുള്ള മാർഗ്ഗമദ്ധ്യേ കണ്ടുമുട്ടുന്ന മൂന്ന് വ്യക്തികളിലൂടെ മൂന്ന് മൗലിക പ്രമാണങ്ങൾ കർത്താവ് പഠിപ്പിക്കുന്നു (1) സമ്പത്തായി യേശുവിനെ മാത്രം നേടുന്ന ഒന്നാമത്തെ പ്രമാണം ഇന്ന് കാലഹരണപ്പെട്ടിരിക്കുന്നു. തലചായ്ക്കാനിടമില്ലാത്ത കർത്താവിനോട് 'ഗുരുവേ നീ എവിടെ പാർക്കുന്നു' എന്ന ശിഷ്യന്മാരുടെ അന്വേഷണത്തിന് 'വന്നു കാണുക' എന്നാണ് മറുപടി കിട്ടിയത്. ഏകനായി പർവ്വതത്തിന്റെ മുകളിൽ മുട്ടുകുത്തി പ്രാർത്ഥിക്കുന്ന കർത്താവിന്റെ ഈ ശിഷ്യത്വ പ്രമാണം ശിഷ്യന്മാർക്കുപോലും പെന്തിക്കോസ്തി പെരുനാളിലാണ് പൂർണ്ണമായി ബോദ്ധ്യമാകുന്നത്. നസ്രായക്കാരൻ യേശുവിന് വാഗ്ദാനം ചെയ്യുവാൻ ഭൗതിക സുഖ സൗകര്യങ്ങളോ ജീവിത സുരക്ഷിതത്വമോ ഒന്നുമില്ല, മറിച്ച് കഷ്ടതയും വേദനയും മാത്രം. 2) ഭൗതിക ബന്ധങ്ങളിൽ നിന്നുള്ള മുക്തിയാണ് രണ്ടാമത്തെ പ്രമാണം. ദൈവീക നിയോഗങ്ങളേറ്റടുക്കാൻ തടസ്സമായ എല്ലാ ബന്ധങ്ങളേയും ബോധപൂർവ്വം നിരാകരിക്കുന്ന വ്യക്തിയാണ് ദൈവമനുഷ്യൻ. എല്ലാ ബന്ധങ്ങളും ദൈവിക ബന്ധത്തിന് വേണ്ടിയാവണം. മറിച്ചായാൽ ഭൗതികത്വം എല്ലാ തലങ്ങളിലും കടന്ന് വന്ന് ബന്ധങ്ങൾ ബന്ധനമായി രൂപപ്പെടും. ഭൗതിക ബന്ധങ്ങളുടെ നിഷേധത്തേക്കാൾ അതിന്റെ പവിത്രീകരണവും നിയന്ത്രണവുമാണ് ദൈവമാഗ്രഹിക്കുന്നത്. ആരാധനയ്ക്ക് ഒന്നാം സ്ഥാനം നൽകുന്ന ദൈവപൈതലിന് മാത്രമെ ഇത് പ്രാവർത്തികമാക്കാൻ സാധിക്കൂ. 3) സകലത്തേയും കൈവിട്ട് സ്വയം ശൂന്യവൽക്കരിച്ച് യജമാനന്റെ മഹത്വവും പ്രവർത്തനങ്ങളുമാകുന്ന കലപ്പ ഏറ്റെടുക്കുന്നതാണ് മൂന്നാമത്തെ പ്രമാണം. കൈവിട്ടതിനെ തിരിഞ്ഞു നോക്കി സ്മരിക്കുന്നതും അതു വഴിയുണ്ടായ നഷ്ടങ്ങൾ ധ്യാനിക്കുന്നതുമായ വ്യക്തിക്ക് ഉഴവുചാലുകൾ നീളത്തിൽ കീറി ദൈവരാജ്യ പ്രവർത്തനങ്ങളിൽ മുന്നേറുവാൻ സാധിക്കില്ല. ജീവിതം ഫലരഹിതവും, പരാതി പൂരിതവും അലസ്സത നിറഞ്ഞതുമായിത്തീരും. സകലത്തേയും ഉപേക്ഷിച്ച് സകലത്തിന്റേയും നാഥനെ അനുഗമിച്ച് അവന്റെ നുകം സന്തോഷത്തോടെ ഏറ്റുവാങ്ങിയവരാണ് വാഗ്ദത്ത പൂർത്തി പ്രാപിച്ച ആദിമ സഭാ പിതാക്കന്മാർ.

C. പ്രായോഗിക ചിന്തകൾ

1. ദൈവിക ഉണ്മയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനിൽ സ്വാതന്ത്ര്യവും ഇഛാശക്തിയും നിലനില്ക്കുന്നുണ്ട്. നന്മ തിരിച്ചറിഞ്ഞ് നന്മയിൽ വളരുവാനുള്ള സാഹചര്യം ഒരുക്കുന്നതും അവനുവേണ്ടി പ്രാർത്ഥിക്കുന്നതുമാണ് ക്രിസ്തീയ മനോഭാവം.

2. സ്രോതസ്സിനെ ഗണിക്കാതെ നന്മ എവിടെ നിന്നായാലും തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുന്നവനോ, അതോ ഈ ദൈവീക സ്വഭാവത്തിന് വിരുദ്ധമായി എന്റെ ആരാധകരെ മാത്രം വളർത്തുന്നവനോ ഞാൻ

3. ബഹുമാനവും ആദരവും മൂന്നു തരത്തിലുണ്ട്-എടുക്കുന്നതും, കൊടുക്കുന്നതും ലഭിക്കുന്നതും. ചോദിച്ചുവാങ്ങി എടുക്കുന്നത് ക്രിസ്തീയമല്ല. യേശുവിനെ വഹിച്ചപ്പോൾ ഓശാനക്കഴുതക്ക് ബഹുമാനം ലഭിച്ചു; യേശു പുറത്തില്ലാതിരുന്ന കഴുതക്ക് അടിയും കിട്ടി. യേശുവിനെ ബഹുമാനിക്കുക വഴി തങ്ങൾക്കും ബഹുമാനം പിടിച്ചു വാങ്ങുക ഇതായിരുന്നു കർത്തൃശിഷ്യന്മാരായ യാക്കോബ്-യോഹന്നാന്മാരുടെ മനസ്സിലിരുപ്പ്. ആർജ്ജന ബഹുമാനമല്ല, വർജ്ജന ബഹുമാനമാണ് ക്രിസ്തു കാണിച്ചു തന്നത്.

മെയ് 28

പുതുഞായറാഴ്ചയ്ക്കു ശേഷം
5-ാം ഞായറാഴ്ച/പെന്തിക്കോസ്തിക്കു മുമ്പുള്ള ഞായറാഴ്ച
വി. യോഹന്നാൻ 17:13-26

പരിശുദ്ധാത്മാവിന്റെ സംരക്ഷണ വലയത്തിലേക്ക്/അരുമനാഥന്റെ മഹാപുരോഹിത പ്രാർത്ഥന

A. ആമുഖം

പരിശുദ്ധാത്മ നവീകരണത്തിനും ശക്തീകരണത്തിനുമായി സഭ വേർതിരിച്ചിരിക്കുന്ന കാത്തിരുപ്പിന്റെ 10 ദിനങ്ങളിൽപെട്ട ഏക ഞായറാഴ്ചയാണിന്ന്. അരുമനാഥന്റെ നിർദ്ദേശമനുസരിച്ച് (അപ്പോ. പ്രവൃ. 1:4-5) ദൈവമാതാവും ശ്ലീഹന്മാർ പതിനൊന്നുപേരുമുൾപ്പെട്ട ആദിമ സഭാംഗങ്ങളായ 120 പേരുടെ കാത്തിരുപ്പ് ധ്യാനമാണ്, ഇന്നത്തെ നമ്മുടെ ധ്യാന പശ്ചാത്തലം. സ്വർഗ്ഗാരോഹണം ചെയ്ത കർത്താവിന്റെ ഭൗതിക അസാന്നിദ്ധ്യത്തിൽ പ. ശ്ലീഹന്മാരേയും അവരുടെ വചനത്താൽ ചേർക്കപ്പെട്ട സഭയേയും പരിശുദ്ധാത്മാവിന്റെ 'സംരക്ഷണ വലയ'ത്തിലേക്ക് കൈമാറുവാൻ പിതാവിനോട് മദ്ധ്യസ്ഥത അണക്കുന്ന പുത്രൻ തമ്പുരാന്റെ മഹാ പുരോഹിത പ്രാർത്ഥനയാണ് ഇന്ന് ധ്യാനപഠനത്തിനായി സഭ ക്രമീകരിച്ചിരിക്കുന്ന വേദഭാഗം.

വേദഭാഗപരിച്ഛേദം: മശിഹാ തമ്പുരാൻ സമാരംഭിച്ച സ്വർഗ്ഗരാജ്യ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടു പോകുന്നതിന് ശ്ലീഹന്മാരുടെ പന്തിരുഗണത്തെ അഭിഷേകം ചെയ്ത് ചുമതലപ്പെടുത്തി. പിതൃസന്നിധിയിലേക്ക് പിൻവാങ്ങുന്നതിന് മുമ്പ് അവരുടെ നിയോഗത്തിൽ അവരെ ഉറപ്പിക്കുന്നതിനും ശക്തീകരിക്കുന്നതിനുമായി കർത്താവ് മൂന്ന ക്രമീകരണങ്ങൾ ചെയ്യുന്നു. (1) പിതാവിന്റെ കരങ്ങളിലേക്ക് അവരെ സമർപ്പിക്കുന്നു (17-ാം അദ്ധ്യായം, മഹാപുരോഹിത പ്രാർത്ഥന) 2) മുന്നറിയിപ്പും അന്ത്യ ഉപദേശവും നൽകുന്നു (14, 15,16 അദ്ധ്യായങ്ങൾ) (3) പരിശുദ്ധാത്മാഭിഷേകത്തിനുള്ള ക്രമീകരണങ്ങളും നിർദ്ദേശങ്ങളും കൊടുക്കുന്നു. പരിശുദ്ധാത്മാഭിഷേകത്തിന് മൂന്നവസ്ഥകൾ അനിവാര്യമായിരുന്നു- (1) പിതാവിന്റെ അനുവാദത്തിനായുള്ള അപേക്ഷ (യോഹ. 14:16), (2) പുത്രൻ തമ്പുരാന്റെ സ്വർഗ്ഗാരോഹണം (യോഹ. 16:7), (3) ഒരുമനപ്പെട്ടുള്ള കാത്തിരുപ്പും പ്രാർത്ഥനയും (അപ്പോ. പ്രവൃ. 1:12-14). മഹാപുരോഹിത പ്രാർത്ഥനയിൽ പ്രധാനമായും മൂന്ന് മദ്ധ്യസ്ഥ പ്രാർത്ഥനാഘടകങ്ങൾ ഉൾക്കൊണ്ടിട്ടുണ്ട്. (1) തന്റെ മനുഷ്യാവതാര വ്യാപാരം സഫലമാകുന്നതിനെ പ്രതിയും ശിഷ്യഗണത്തെ പ്രതിയും പിതാവാം ദൈവത്തിന് സ്തുതിയും സ്തോത്രവും ആത്മ സംതൃപ്തിയും പുത്രൻ തമ്പുരാനണക്കുന്നു. (2) ലൗകികത്വത്തിൽ നിന്നും ദുഷ്ടന്മാരിൽ നിന്നും തന്റെ ശിഷ്യന്മാരേയും അവരുടെ വചനം മൂലം ദൈവമക്കളാകുന്നവരേയും കാത്തുകൊണ്ട് സംരക്ഷിക്കുവാൻ പിതാവിന്റെ സന്നിധിയിലേല്പിക്കുന്നു (3) മാത്രമല്ല, അവർ സ്നേഹത്തിലും സത്യത്തിലും, വിശുദ്ധിയിലും പരിപാലിക്കപ്പെടുവാനും വളരുവാനും പരിശുദ്ധാത്മ ചൈതന്യത്തിനായി അവരെ സമർപ്പിച്ചുകൊണ്ട് ദൈവമഹത്വത്തിലേക്ക് അവർ കടന്നു വരുവാനും സ്വർഗ്ഗരാജ്യത്തിൽ ദൈവത്തോടു ചേർന്നിരിപ്പാനുമുള്ള ആഗ്രഹം യേശുതമ്പുരാൻ പ്രകടിപ്പിക്കുകയും ചെയ്യുന്നു.

B. ധ്യാനചിന്തകളും സന്ദേശങ്ങളും

1. മദ്ധ്യസ്ഥത

ഒരു ക്രിസ്തീയ പൈതലിന്റെ മൗലിക ധർമ്മങ്ങൾ മൂന്നാണ്-(1) ആരാധന വഴി യേശുവിന്റെ പ്രതിരൂപങ്ങളാവുക (2) മദ്ധ്യസ്ഥത വഴി മറ്റുള്ളവരെ ദൈവകരങ്ങളിൽ സമർപ്പിക്കുക (3) സാക്ഷ്യജീവിതം വഴി ദൈവമഹത്വത്തിന്റെ ഉപകരണങ്ങളാവുക. ഈ മൂന്ന് ധർമ്മങ്ങളും കുരിശിന്മേൽ ഇവസാന തുള്ളി രക്തം ഒഴുക്കുന്നതുവരെയും നമുക്ക് മാതൃകയായി യേശുതമ്പുരാൻ നിറപടിയായി അനുഷ്ഠിച്ചു. തനിക്ക് വേണ്ടി താൻ ഒന്നും പ്രാർത്ഥിച്ചില്ല; എല്ലാം പിതാവിന്റെ ഇഷ്ടത്തിനായി അനുഷ്ഠിച്ചു. തന്റെ പരമയാഗത്തിന് മുമ്പുപോലും തന്റെ വാത്സല്യ ശിഷ്യന്മാരെക്കുറിച്ചും അവരുടെ വചനത്താൽ സഭയിൽ ചേർക്കപ്പെടുന്നവരെക്കുറിച്ചും, ദൈവരാജ്യപ്രവർത്തനങ്ങളെക്കുറിച്ചും ചിന്തിച്ച് മദ്ധ്യസ്ഥത അണക്കുന്ന യേശു തമ്പുരാന്റെ മാതൃക എത്രയോ ഉദാത്തമാണ്.

2. യഹോവയുടെ സംരക്ഷണ വലയം

തന്റെ ഭക്തന്മാരുടെ ജീവനും ജീവിതത്തിനും ഭവനത്തിനും യഹോവയുടെ സംരക്ഷണ വലയവും പരിശുദ്ധാത്മാവിന്റെ പ്രതിരോധവും ഉണ്ട് (ഇയ്യോബ് 1 :10,12; ലൂക്കോ. 22:31; സങ്കീ. 121:3-8). ഇത് ബോദ്ധ്യമുള്ള ദൈവപൈതൽ ദൈവകരങ്ങളിൽ സുരക്ഷിതനാണ്. മഹാപുരോഹിത പ്രാർത്ഥനയിൽ കർത്താവ് പിതാവിനോടപേക്ഷിക്കുന്നത് 'നീ അവരെ ലോകത്തിൽ നിന്നെടുക്കണം എന്നല്ല, അവരെ ദുഷ്ടനിൽ നിന്ന് വിടുവിക്കണമെ' എന്നാണ്. സാത്താൻ ആരെ വിഴുങ്ങേണ്ടു എന്ന ചിന്തയിൽ ലോകം, ജഡം, ജീവനത്തിന്റെ പ്രതാപം എന്നീ ആയുധങ്ങളാൽ ദൈവമക്കളെ ആക്രമിക്കാൻ സദാജാഗരൂകനാണ്. അവനോടെതിർക്കുവാൻ ആത്മീയ സംരക്ഷണ വലയം ശക്തീകരിക്കേണ്ടതുണ്ട്. രണ്ട് ശക്തീകരണ സ്രോതസ്സുകളാണ് സഭ ക്രമീകരിച്ചിട്ടുള്ളത് (1) പ്രാർത്ഥന, നോമ്പ്, കൂദാശകൾ, ആദിയായവയെല്ലാം സംരക്ഷണവേലികളാണ്. പ. പരുമലത്തിരുമേനിയുടെ പ്രസിദ്ധമായ 'വേലിപൊളിക്കുന്നവനെ പാമ്പുകടിക്കും' എന്ന വചനം ഇതോടു ചേർത്ത് ചിന്തിക്കേണ്ടതാണ്. (2) വിശുദ്ധന്മാരുടെ മദ്ധ്യസ്ഥത പ്രാർത്ഥന. കാനോനാ നമസ്ക്കാരത്തിലെ 'സഭയെ നിൻ വാതിൽക്കാവൽക്കാരെന്നും സാത്താനിൽ നിന്നും കാക്കുന്നു നിന്നെ, ശീമോനാധാരം പൗലോസോ ശില്പി.....' എന്ന ഗാനം ഈ ആശയം സമ്പുഷ്ഠമാക്കുന്നുണ്ട്.

3. പരിശുദ്ധാത്മാവിന്റെ പുതുക്കവും ശക്തീകരണവും

കാത്തിരുന്ന് പരിശുദ്ധാത്മ നവീകരണം പ്രാപിക്കുന്ന ദൈവപൈതൽ ശ്രദ്ധിക്കേണ്ട മൂന്ന് ഘടകങ്ങളുണ്ട്. (1) കാത്തിരുന്നു ധ്യാനിക്കണം. 'കാത്തിരുപ്പ്' സൂചിപ്പിക്കുന്ന മൂന്ന് അർത്ഥതലങ്ങൾ പ്രതീക്ഷയും, ജാഗ്രതയും ആവശ്യബോധവുമാണ്. എന്തിനായി കാത്തിരിക്കുന്നുവോ ആ ശ്രദ്ധയിൽ മാത്രം മുഴുകുന്ന വ്യക്തിക്ക് പരിശുദ്ധാത്മവിന്റെ നിറവ് ലഭിക്കുക തന്നെ ചെയ്യും. (2) പിതാവാം ദൈവത്തോട് പുത്രൻ വഴിയായി കരഞ്ഞു പ്രാർത്ഥിച്ച് അപേക്ഷിക്കണം (യോഹ. 14:16) (3) ഒരുമനപ്പെട്ട് ഏകമനസ്സുള്ളവരായി പ്രാർത്ഥിക്കണം (അപ്പോ. പ്ര. 1:14). പരസ്പരം നിരന്ന് ഏകോദ്ദേശ

ത്തോടെ പ്രാർത്ഥിക്കുമ്പോഴാണ് പരിശുദ്ധാത്മ നൽവരം ലഭിക്കുന്നത്. ആത്മീയ ജീവിത വളർച്ചയിൽ എപ്പോഴും തുടർച്ചയായി ഒരു ദൈവപൈതലിൽ ഉണ്ടാകേണ്ട അവസ്ഥകളാണ് പരിശുദ്ധാത്മ പുതുക്കവും ശക്തീകരണവും. ഇത് ജീവിത ഭാവവും ഭാഗവുമായി മാറണം.

C. പ്രായോഗിക ചിന്തകൾ

1. അമല മനസ്സിൽ മാത്രമെ പരിശുദ്ധാത്മാവ് വസിക്കുകയുള്ളു. ഹൃദയ വിശുദ്ധീകരണത്തിന്റെ ഉത്സവമായി കാത്തിരുപ്പിൻ ദിനങ്ങൾ ആക്കിത്തീർക്കാം. ഹൃദയം ദൈവസന്നിധിയിൽ തുറന്നു വയ്ക്കാം. വിശുദ്ധി അവിടേയ്ക്ക് ഒഴുകട്ടെ. പരിശുദ്ധാത്മ വ്യാപാര വെളിച്ചത്തിൽ നമ്മുടെ പാപങ്ങൾ, ബന്ധങ്ങൾ ബലഹീനത, കൃപാനഷ്ടം എന്നിവയുടെ വേരും ഉത്ഭവസ്ഥാനങ്ങളും കണ്ടു പിടിച്ച് കഴുകി നിർമ്മലീകരിക്കുകയും ചെയ്യാം. നമ്മുടെ മേലും സഭയിൻമേലും പരിശുദ്ധാത്മ പുതുക്കത്തിനായി കാത്തിരിക്കാം (ഏശായാ 40:31).

2. പരസ്പരം പ്രാർത്ഥിക്കുന്ന ഒരു മദ്ധ്യസ്ഥതാ ശ്രേണി (intercessional heirarchy) സഭയിൽ സജീവമായി നിലനില്ക്കുന്നു. എന്നാൽ ഈ ശ്രേണി പ്രവർത്തിക്കുന്നത് ഏകവും പരമവുമായ പുത്രൻ തമ്പുരാന്റെ മദ്ധ്യസ്ഥതക്കു താഴെയാണ്. ക്രമാനുഗതമായി ശക്തികൂടി വരുന്ന മദ്ധ്യസ്ഥതയുടെ തലങ്ങളാണ് ഈ ശ്രേണിയിലുള്ളത്. ഏറ്റവും താഴെ വിശ്വാസികളുടെ പ്രാർത്ഥന തലം; അതിന്റെ മുകളിൽ ക്രമമായി പിതാക്കന്മാരുടെ, പുരോഹിതന്മാരുടെ, വിശുദ്ധന്മാരുടെ, സഹദേന്മാരുടെ, ശ്ലീഹന്മാരുടെ ദൈവമാതാവിന്റെ മദ്ധ്യസ്ഥതാ പ്രാർത്ഥനാ തലങ്ങൾ നിലനില്ക്കുന്നു. ഈ പ്രാർത്ഥനകളെല്ലാം പുത്രൻ തമ്പുരാൻ സ്വീകരിച്ച് പിതാവിന്റെ സന്നിധിയിലേക്ക് സമർപ്പിക്കുന്നു. പുത്രൻ തമ്പുരാന്റെ മഹാപുരോഹിത മദ്ധ്യസ്ഥ പ്രാർത്ഥന ധ്യാനിച്ചു പഠിക്കുന്ന ഇന്ന് ഈ മദ്ധ്യസ്ഥതാ ശ്രേണിയിൽ സജീവമായി പങ്കു ചേർന്ന് മറ്റുള്ളവർക്ക് വേണ്ടി പ്രാർത്ഥിക്കുന്ന പ്രാർത്ഥനാ മല്ലന്മാരാകുവാൻ നമുക്കും ശ്രമിക്കാം.

3. നന്ദിയും സ്തോത്രവും മദ്ധ്യസ്ഥതയും ആത്മസംതൃപ്തിയും ഉൾക്കൊണ്ട യേശു തമ്പുരാന്റെ മഹാപുരോഹിത പ്രാർത്ഥന നമ്മുടെ പ്രാർത്ഥനയുടെ മാതൃകയായി സ്വീകരിക്കണം. സ്വാർത്ഥതാപരവും ഭൗതിക നേട്ടങ്ങൾക്കായുള്ള അപേക്ഷകൾ മാത്രം നിറഞ്ഞതുമായ നമ്മുടെ പ്രാർത്ഥനകൾ യേശുതമ്പുരാന്റെ പ്രാർത്ഥനാ നിലവാരത്തിൽ നിന്ന് എത്രയോ താഴെയാണ്. 'നേടിയെടുക്കും' 'നേടിയെടുക്കും' എന്ന മുദ്രാവാക്യസമാനമായ പ്രാർത്ഥനകൾ ക്രിസ്തീയ ആദ്ധ്യാത്മികതയ്ക്ക് ഒട്ടും നിരക്കുന്നതല്ല. പ്രാർത്ഥനയും, മദ്ധ്യസ്ഥതയും ദൈവേഷ്ടത്തിലേക്ക് നമ്മേ ഭേദപ്പെടുത്തുവാനുള്ള ആത്മീയ അഭ്യാസങ്ങളായി രൂപപ്പെടുത്തണം.

4. ലോകത്തിൽ ജീവിക്കുന്ന ആത്മീയ മനുഷ്യരാണ് നാമെന്ന ബോധ്യം എപ്പോഴും നമ്മേ ഭരിക്കേണ്ടതാണ്. പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ നിഷ്കളങ്കരുമായി, ലോകത്താലുള്ള ചെളി പുരളാതെ ജീവിക്കുവാൻ നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ലോകം അതിന്റെ രാഗമോദങ്ങളോടെ നമ്മേ സ്വാധീനിക്കും. അവിടെയെല്ലാം ദൈവമനുഷ്യരായി ജീവിക്കുവാൻ കരുത്തേകുന്നത് പരിശുദ്ധാത്മാവിന്റെ പ്രതിരോധ ശക്തിയും യഹോവയുടെ സംരക്ഷണ വലയവുമാണ്.

ജൂൺ 4

പെന്തിക്കോസ്തി ഞായറാഴ്ച

വി. യോഹന്നാൻ 15:1-14

(വി. യോഹ. 14:1-17, 14: 25-31; 16:1-15, അപ്പോ. പ്രവൃ. 2:1-13)

പരിശുദ്ധാത്മ നിറവിന്റെ അമ്പതാം പെരുനാൾ

A. ആമുഖം

കർത്താവിന്റെ ഉയിർപ്പിന് ശേഷം കാത്തിരുന്ന് പ്രാർത്ഥിച്ച് ആദിമ സഭ പരിശുദ്ധാത്മാഭിഷേകത്താൽ നിറഞ്ഞ, 'ക്രിസ്തീയ സഭയുടെ പിറന്നാൾ' എന്നു വിശേഷിപ്പിക്കാവുന്ന 50-ാം ദിന പെരുനാളാണിത്. പരിശുദ്ധാത്മ പുതുക്കത്തിനും ശക്തീകരണത്തിനുമായി വ്യക്തികളായും സഭയായും വേർതിരിക്കപ്പെട്ട ദിവസം കൂടിയാണ്. പെന്തിക്കോസ്തി പെരുനാൾ നീസാൻമാസം (ഏപ്രിൽ) 16-ാം തീയതിക്കു ശേഷം 50-ാം ദിവസം എബ്രായർ ആചരിച്ചു കൊണ്ടിരുന്നു (ലേവ്യ. 23:15-21). എന്നാൽ അത് സീനായ് പർവ്വതത്തിൽ നിന്നുള്ള ന്യായപ്രമാണ (തോറാ) ലബ്ധിയുടെ ഓർമ്മയുടേയും അതേ സമയം വിളവെടുപ്പിന്റേയും കൊയ്ത്തിന്റേയും ആഘോഷ പെരുനാളായിട്ടായിരുന്നു കൊണ്ടാടിയിരുന്നത്. പുതിയ നിയമ പെന്തിക്കോസ്തി സംഭവത്തിന്റെ വിശദാംശങ്ങൾ 'പരിശുദ്ധാത്മാവിന്റെ സുവിശേഷമെന്ന്' വിശേഷിപ്പിക്കുന്ന അപ്പോ. പ്രവൃത്തികളിലാണ് പ്രധാനമായും ലഭിക്കുന്നതെങ്കിലും, സൂചനകളും പ്രസ്ഥാവനകളും സുവിശേഷ പുസ്തകങ്ങളിലും പ്രവാചക പുസ്തകങ്ങളിലും വേണ്ടുവോളമുണ്ട്. പരിശുദ്ധാത്മ നിറവും ബോധ്യങ്ങളും ലഭിക്കുവാൻ ഉതകുന്ന വിധത്തിലും അതോടൊപ്പം ത്രിത്വ വിശ്വാസത്തിന്റെ ആഴമായ പൗരസ്ത്യ ദൈവശാസ്ത്ര മർമ്മങ്ങൾ വെളിവാക്കുന്ന വേദവായനകളും സെദറാകളും ഉൾപ്പെടുത്തിയും കൊണ്ടാണ് ത്രിത്വനാമത്തിലുള്ള മൂന്ന് ദീർഘങ്ങളായ മുട്ടുകുത്തലിന്റെ പെന്തിക്കോസ്തി ശുശ്രൂഷ ക്രമീകരിച്ചിരിക്കുന്നത്. വിസ്താര ഭയത്താൽ പ്രത്യേകം തലക്കെട്ടില്ലാതെ പെന്തിക്കോസ്തി പെരുനാൾ സംബന്ധമായും വി. കുർബ്ബാനയുടെ ഏവൻഗേല്യോൻ സന്ദേശമായ 'എന്നിൽ വസിപ്പിൻ' എന്ന കർത്തൃവചന (വി. യോഹ. 15-ാം അദ്ധ്യായം) സംബന്ധമായും ഉള്ള ചില ധ്യാന ചിന്തകളും സന്ദേശങ്ങളും പങ്കു വെക്കുകയാണ്.

1. പരിശുദ്ധാത്മാഭിഷേകം ശ്ലീഹന്മാരിലും ആദിമസഭയിലും

പരിശുദ്ധാത്മാവിന്റെ അഭിഷേകം വി. മാമോദീസ്സായിലൂടെയും വി. മൂറോനഭിഷേകത്തിലൂടെയും നമുക്കും ലഭിച്ചതാണ്. എന്നാൽ നമ്മുടെ പാപ പശ്ചാത്തലത്തിലും ആത്മീയ അലസ്സതയിലും പരിശുദ്ധാത്മ പ്രവർത്തനങ്ങളും ജ്വലനവും മന്ദീഭവിച്ചു പോയിട്ടുണ്ട്. എങ്ങനെ എന്നാൽ, വായുവിന്റെ പ്രവാഹം നിലയ്ക്കുമ്പോൾ തീക്കനലിന്റെ പുറത്ത് ചാരം മൂടി സ്വയം പ്രകാശനം ഇല്ലാതെയും മറ്റുള്ളവരെ ആത്മീയമായി പ്രകാശിപ്പിക്കുവാൻ വയ്യാത്ത ഒരവസ്ഥയിലും നാം ആയിത്തീർന്നിട്ടുണ്ടാവാം. പരിശുദ്ധാത്മാവ് വീണ്ടും നമ്മിൽ ജ്വലിക്കുവാൻ ആത്മാർത്ഥമായി ദൈവസന്നിധിയിൽ സമർപ്പിക്കാം.

'കൃപയുള്ളോനെ റൂഹായെ
വീണ്ടും പുതുതാക്കണമെന്നെ,
അതു നിനിൻഹിതമെന്നെക്കാണി
ച്ചമല മനസ്സിൽ പാർക്കണമെ '

എന്നുള്ള വി. അപ്രേം പിതാവിന്റെ പ്രാർത്ഥന നമ്മുടെ ഹൃദയത്തിൽ നിന്ന് ദൈവസന്നിധിയിലേക്കുയരട്ടെ.

2. പരിശുദ്ധാത്മാവും വിശ്വാസികളും

പ്രായോഗിക ജീവിതത്തിൽ പരിശുദ്ധാത്മാവ് എങ്ങനെ പ്രവർത്തിക്കുന്നു?

1) ഓരോ വിശ്വാസിയും ദൈവാരാധന കൊണ്ട് നിറയപ്പെടേണ്ട പരിശുദ്ധാത്മാവിന്റെ ആലയമാണ് (temple of HolyGhost). ആരാധന നിലയ്ക്കുമ്പോൾ പരിശുദ്ധാത്മാവ് ദുഃഖിക്കുകയും നിശബ്ദമാവുകയും ചെയ്യും.

2) പരിശുദ്ധാത്മാവ് ദൈവദാനമാണ് (1 തെസ്സ. 4:8). തന്നോട് യാചിക്കുന്നവർക്ക് പരിശുദ്ധാത്മ ദാനം പിശുക്കില്ലാതെ ദൈവം കൊടുക്കും. പക്ഷേ അതിനെ ദുഃഖിപ്പിക്കരുത്.

3) നമ്മിലുള്ള പരിശുദ്ധാത്മാവ് അച്ചാരമാണ് (2 കൊരി. 1:22, എഫേ. 1:14). അച്ചാരമെന്നത് (Gk. arrabon = earnest) മൂന്നർത്ഥത്തിൽ ദർശിക്കാവുന്നതാണ് - (a) പൂർണ്ണമായി പിന്നീട് ലഭിക്കേണ്ടതിന്റെ ഉറപ്പിനായി ലഭിക്കുന്ന ആദ്യ ദാനം, (b) നാം ദൈവത്തിന്റെ വകയാണ് എന്നുള്ളതിന്റെ മുദ്രയും അടയാളവും (എഫേ. 4:30), (c) ഇന്ന് നമ്മിൽ വ്യാപരിക്കുന്ന പരിശുദ്ധാത്മാവ്, കർത്താവിന്റെ രണ്ടാമത്തെ വരവിൽ നമ്മിൽ നിറയുന്ന പരിശുദ്ധാത്മാവിന്റെ മുന്നാസ്വാദനമാണ് (pre-tasting).

4) സത്യം കാണാനും, ചെയ്യാനും, സാക്ഷികളാകുവാനും നമ്മേ പ്രേരിപ്പിക്കുന്ന സത്യാത്മാവാണ് പരിശുദ്ധാത്മാവ് (യോഹ. 14:17,26).

5) പരിശുദ്ധാത്മാവ് പാറക്കലീത്തയാണ് (=advocate, റോമ. 8:14). അതായത്, നമുക്ക് വേണ്ടി സദാ ദൈവത്തോട് വാദിക്കുന്ന വക്കീലായ മദ്ധ്യവർത്തിയും, നേർവഴി നമുക്ക് ചൂണ്ടിക്കാണിക്കുന്ന വഴികാട്ടിയും, ഉപദേശകനും, ശക്തികേന്ദ്രവുമാണ്.

6) ദൈവമക്കളിൽ പരിശുദ്ധാത്മാവ് മുദ്രയും അടയാളവും ആണ് (sealing of Holy Ghost). ആകയാൽ ദുഷ്ടന് അവനെ തൊടുന്നതിന് പോലും സാധിക്കില്ല. ഈ മുദ്രയും അടയാളവും സമഗ്രവും, ശാശ്വതവും സമ്പൂർണ്ണവുമാണ്, കാരണം ആ മുദ്ര ആത്മശരീര മനസ്സുകൾക്കെല്ലാം ബാധകമാണ്. മാമോദീസ്സായിൽ ഈ മുദ്രയും അടയാളവുമാണ് നാം പ്രാപിക്കുന്നത്.

7) കേവലം പരിശുദ്ധാത്മ സാന്നിദ്ധ്യമല്ല, മറിച്ച് പരിശുദ്ധാത്മാവിന്റെ സൃഷ്ടിപരമായ സാന്നിധ്യവും (creative presence) നിറവുമാണ് ഉണ്ടാവേണ്ടത്. ഇതിനായി ദൈവസന്നിധിയിൽ സമർപ്പിക്കേണ്ടിയിരിക്കുന്നു. സമർപ്പണം മൂന്നവസ്ഥകളിൽ പൂർണ്ണമാകണം (a) നുറുങ്ങിയ ഹൃദയത്തോടെ (b) പാപത്തെകീഴ്പ്പെടുത്തിയ ജീവിത സാക്ഷ്യത്തോടെ, (c) പരിപൂർണ്ണ ദൈവാശ്രയത്തോടെ. പരിശുദ്ധാത്മാവിൽ നിറയപ്പെട്ട വ്യക്തിയിൽ പ്രായോഗികമായി ഉണ്ടാവേണ്ട അഞ്ച് കാര്യങ്ങൾ,

a) ക്രിസ്തുവിൽ ആസക്തികമായ ജീവിതം (Christ-addicted life, സങ്കീ. 42:1, ഗലാ. 5:22-23).

b) ഇപ്പോഴും എപ്പോഴും എന്നേക്കും സ്തുതിയും, സ്തോത്രവും ആരാധനയും (എഫേ. 5:18-20)

c) വിനയവും, വിധേയത്വവും പക്വതയും (എഫേ. 5:21)

d) ശുശ്രൂഷിക്കപ്പെടുവാനല്ല, ശുശ്രൂഷിക്കുവാനുള്ള ദാസമനോഭാവം.

e) വിശുദ്ധിയിൽ നിന്ന് വിശുദ്ധിയിലേക്കുള്ള വളർച്ച (growinging in holiness).

പെന്തിക്കോസ്തി ആരാധനയിൽ നാം സംബന്ധിക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ ഈ ദൃശ പ്രവർത്തനങ്ങൾ നമ്മിൽ പുതുക്കുവാനും ശക്തീകരിക്കുവാനും നമുക്ക് കണ്ണീരൊഴുക്കി പ്രാർത്ഥിക്കാം.

3. ക്രിസ്തുവിലൂടെ പരിശുദ്ധാത്മ ഫലങ്ങൾ

ഇന്നത്തെ വി. കുർബ്ബാനയുടെ ഏവൻഗേലിയോൻ ഭാഗം വി. യോഹ. 15:1-14 ആണ്. പരിശുദ്ധാത്മ ഫലങ്ങൾ (ഗലാ. 5:22) ധ്യാനിക്കുമ്പോൾ ഈ ഭാഗം പ്രസക്തമാണ്. വി. യോഹന്നാന്റെ സുവിശേഷത്തിന്റെ ഒരു പ്രത്യേകതയാണ്, 'ഞാൻ ജീവന്റെ അപ്പമാണ്, വാതിലാണ്, സത്യപ്രകാശമാണ്' ആദിയായി കർത്താവ് കല്പിക്കുന്ന 7 അവകാശ വാദങ്ങൾ (claims of Jesus). അതിലൊന്നാണ് ഇന്നത്തെ ധ്യാന വിഷയം- 'ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളുമാകുന്നു' എന്നത്. മുന്തിരിവള്ളിയും ശാഖകളുമായ ബന്ധം ഗാഢവും, സജീവവും, ശാശ്വതവും പുരോഗമനപരവും ആണ്. ഈ ഗാഢബന്ധം ശക്തീകരിക്കുന്ന രണ്ട് ഘടകങ്ങൾ (1) കൂദാശകളിലൂടെ വ്യാപരിക്കുന്നതും നമ്മിൽ നിറയുന്നതുമായ പരിശുദ്ധാത്മാവും (2) കർത്താവിന്റെ തിരുശരീര രക്തവുമാണ്. എങ്ങനെ എന്നാൽ ജീവരക്തം തായ്തണ്ടിൽ നിന്ന് ശാഖകളിലേക്കൊഴുകി ജീവനും, പോഷകങ്ങളും മറ്റ് ഘടകങ്ങളും എത്തിക്കുന്നതുപോലെ കർത്താവിന്റെ തിരുശരീരരക്തവും, പരിശുദ്ധാത്മ ജീവനും നമ്മിലേക്കൊഴുകി എത്തി നമ്മേ ജീവനുള്ളവരും ഫലവാഹികളുമാക്കുന്നു.

❖

16th ANNIVERSARY
16.05.2006



THAMPY, SUSY
SYPY, SUNIL, SUSHEEL

Vazhakala, Edmonton
Canada

അഞ്ചാം ചരമ വാർഷികം
09-05-2006



റവ. ഫാ. റ്റി. ജി. സഖറിയ

Inserted by:-

Mon, Mol, Kochumol
Kallissery

ഗിവ്സൈറ്റ് പ്രോജക്ട് - കാര്യമ്പാടി കണ്ണാശുപത്രി

M.O.S.C. Medical Mission Eye Hospital, Kariambadi P.O., Pin-673 591, Wayanad, Kerala, India.

തിമിരംമൂലം അന്ധരായ പാവപ്പെട്ട രോഗികൾക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കുന്ന പദ്ധതിയാണ് ഗിവ്സൈറ്റ്. ഇൻട്രാ ഒക്കുലർ ലെൻസ് അഥവാ 10L കണ്ണിനുള്ളിൽ നിക്ഷേപിച്ചു നടത്തുന്ന ഓപ്പറേഷൻ ഇന്ന് സർവ്വവ്യാപകമായിരിക്കുന്നു. വ്യക്തവും സൂക്ഷ്മവുമായ കാഴ്ച ലഭിക്കുമെന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ഈ ആശുപത്രിയിൽ ഏറ്റവും കൂടുതൽ നടക്കുന്ന ഓപ്പറേഷനും ഇതുതന്നെയാണ്. സന്മനസ്സുള്ളവരിൽ നിന്നു സംഭാവനകൾ സ്വീകരിച്ച് പാവപ്പെട്ട അന്ധരോഗികളുടെ ചികിത്സയ്ക്കായി പ്രയോജനപ്പെടുത്തുന്നു.

താല്പര്യമുള്ള ആർക്കുവേണമെങ്കിലും ഗിവ്സൈറ്റ് പദ്ധതിയിൽ അംഗങ്ങളാകാം. ലെൻസ്വച്ചുള്ള ഓപ്പറേഷന് 1000 (ആയിരം) രൂപയും സാധാരണ ഓപ്പറേഷന് 500 (അഞ്ഞൂറു) രൂപയും വീതം സംഭാവന നല്കിയാൽ നിങ്ങളുടെ പേരിൽ ഞങ്ങൾ ഏതെങ്കിലും പാവപ്പെട്ട ഒരന്ധനു കാഴ്ചനല്കുന്നു. കാഴ്ച ലഭിച്ചയാളെ കുറിച്ചുള്ള വിവരം യഥാസമയം നിങ്ങളെ അറിയിക്കുകയും ചെയ്യും.

1986-ലാണ് ഈ കണ്ണാശുപത്രി ആരംഭിച്ചത്. പ്രസിഡണ്ടും രക്ഷാധികാരിയും പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയും, വൈസ് പ്രസിഡണ്ട് സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ കുര്യാക്കോസ് മാർ ക്ലീമീസ് തിരുമേനിയുമാണ്. M.S. (ophthal) ബിരുദമുള്ള 4 വിദഗ്ദ്ധ ഡോക്ടർമാരും സേവനസന്നദ്ധരായ പാരാമെഡിക്കൽ സ്റ്റാഫും, താക്കോൽ ദ്വാരശസ്ത്രക്രിയ ഉപകരണമായ ഫേക്കോ ഉൾപ്പെടെയുള്ള എല്ലാ അത്യാധുനിക ഉപകരണങ്ങളുമുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഐ ഹോസ്പിറ്റലായി ഈ സ്ഥാപനം വളർന്നു കഴിഞ്ഞു.

ഈ സാമ്പത്തിക വർഷം 968156.00- രൂപയുടെ സൗജന്യചികിത്സ, അർഹിക്കുന്നവർക്കായി നല്കുകയുണ്ടായി. 14574 ഓപ്പറേഷൻ ആകെ 2005 മാർച്ച് 31 വരെയുള്ള കാലത്ത് നടത്തിയതിൽ 4740-ഉം സൗജന്യമായിരുന്നു. അതുപോലെ ഇൻട്രാ ഒക്കുലർ ലെൻസുവച്ച് ഇതിനകം 3394 പേർക്ക് സൗജന്യ ഓപ്പറേഷനിലൂടെ കാഴ്ചനല്കാനും സാധിച്ചു.

അനേകരുടെ വിലപ്പെട്ട സഹായം ലഭിക്കുന്നതുകൊണ്ടാണ് ഞങ്ങൾക്കിതു സാധിക്കുന്നത്. സഹായിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. മേലിലും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

ജന്മദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം കൂടാതെ മറ്റേതെങ്കിലും വിശേഷദിനം വരുമ്പോൾ നമ്മുടെ കർത്താവിന്റെ സൗഖ്യദാനശുശ്രൂഷയുടെ ഭാഗമായ ഈ ആതുരശുശ്രൂഷയിൽ ഒരു ജീവകാരുണ്യപ്രവൃത്തിയെന്ന നിലയിൽ **ഗിവ്സൈറ്റ് പ്രോജക്ടിലേക്ക്** സംഭാവനകൾ നല്കാൻ അഭ്യർത്ഥിക്കുന്നു.

വിദേശങ്ങളിൽനിന്നുമുള്ള സംഭാവനകൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ F.C.R.A. അനുവാദവും ലഭിച്ചിട്ടുണ്ട്.

നിങ്ങളുടെ സംഭാവന ട്രഷറാർ, **ഗിവ്സൈറ്റ് പ്രോജക്ട്, M.O.S.C. മെഡിക്കൽ മിഷൻ ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ. 673 591, വയനാട്, കേരള, ഇൻഡ്യ** എന്ന അഡ്രസ്സിൽ ചെക്ക്/ ഡി.ഡി./എം.ഒ. ആയി അയച്ചുതരുന്നത് ഉപകാരമായിരുന്നു. ആശുപത്രി അക്കൗണ്ട് കാനറാ ബാങ്ക് മീനങ്ങാടി ശാഖയിലാണ്.

ഫാദർ അബ്രഹാം മാത്യു എടേക്കാട്ട് (സെക്രട്ടറി ഗവേണിംഗ്ബോർഡ്)

വൈദിക സെമിനാരി പ്രവേശനം

കോട്ടയം ഓർത്തഡോക്സ് വൈദിക സെമിനാരി 2006-2011 ബാച്ചിലേക്ക് പ്രവേശനത്തിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. അംഗീകൃത സർവ്വകലാശാലകളിൽ നിന്നുള്ള ബിരുദധാരികൾ അപേക്ഷിക്കുക. അപേക്ഷാഫോറത്തിനും പ്രോസ്പക്ടസിനും 100/- രൂപായുടെ M.O./ D.D. സഹിതം പ്രിൻസിപ്പാൾ, ഓർത്തഡോക്സ് സെമിനാരി, പി. ബി. നമ്പർ 98, കോട്ടയം-1 എന്ന വിലാസത്തിൽ എഴുതുക. പൂരിപ്പിച്ച അപേക്ഷകൾ 2006 ജൂൺ 30-നു മുമ്പ് സെമിനാരി ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.

നിയമിതരായി



പരുമല സെമിനാരി ധ്യാനമന്ദിരം ഡയറക്ടറായി കളപ്പുരയ്ക്കൽ ഫാ. കെ. വി. ജോസഫിനെ പ. ബാവാ തിരുമേനി നിയമിച്ചു. കഴിഞ്ഞ പതിനൊന്നു വർഷമായി പഴയ സെമിനാരി മാനേജരായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു വരികയായിരുന്നു.



കോട്ടയം പഴയസെമിനാരി ചാപ്ലയിൻ ആയി ഫാ. ഡോ. എം. ജോൺ പണിക്കരെ പ. ബാവാ തിരുമേനി നിയമിച്ചു. വൈദിക സെമിനാരിയിലെ അദ്ധ്യാപകനും, അസി. വാർഡനുമായി സേവനം അനുഷ്ഠിക്കുന്നു. മലങ്കരസഭാ മാസിക ചീഫ് എഡിറ്ററാണ്.



പഴയസെമിനാരി മാനേജരായി കോട്ടയം ഭദ്രാസനത്തിലെ ഞാലിയാകുഴി മാർ ബസ്സേലിയോസ് ദയറാംഗമായ ഫാ. എം. സി. കുറിയാക്കോസ് മേക്കാട്ടിലിനെ പ. ബാവാ തിരുമേനി നിയമിച്ചു. കണ്ടനാട് ഭദ്രാസനത്തിലെ പാമ്പാക്കുട സെന്റ് ജോൺസ് വലിയപള്ളി ഇടവകാംഗവും മേക്കാട്ടിൽ കുടുംബാംഗവുമാണ്.

വ്യസന പൂർവ്വം... ജിനുവിന് വിട

Gwalior St. Paul's Orthodox ഇടവകയിലെ Cancer ബാധിതനായി രോഗാവസ്ഥയിലായിരുന്ന ജിനു ജേക്കബ് ഈ ദുഃഖവെള്ളിയാഴ്ച ദിനത്തിൽ കർത്താവിൽ നിദ്ര പ്രാപിച്ച വിവരം വ്യസന സമേതം അറിയിക്കുന്നു. ജിനുവിന്റെ രോഗാവസ്ഥയിൽ അനുദിന പ്രാർത്ഥനയിലും, സാമ്പത്തിക സഹായത്തിലും, ആശ്വാസ വചനങ്ങളിലും ഈ കുടുംബത്തെ സഹായിച്ച എല്ലാ ഇടവകകളോടും, സഭാ മക്കളോടുമുള്ള നന്ദി അറിയിക്കുന്നു. **സാമ്പത്തിക സഹായം ഇപ്പോഴും ലഭിച്ചുകൊണ്ടിരിക്കുന്നതിനാൽ ഇനിയും അത് തുടരേണ്ടതില്ല എന്ന് സ്നേഹപൂർവ്വം അറിയിക്കുന്നു.**

കുടുംബത്തിന് വേണ്ടി

ഇടവക വികാരി

നോക്കൂ... !

സുവർണ്ണാവസരങ്ങൾ തിരികെ വരാറില്ല...

പേപ്പറിന്റെ വില ഉയർന്ന സാഹചര്യത്തിൽ മിക്ക മാധ്യമങ്ങളും തങ്ങളുടെ വരിസംഖ്യ ഉയർത്തിക്കഴിഞ്ഞു. നിലവിലുള്ള നിരക്കിൽ വരിക്കാരാകാനുള്ള സുവർണ്ണാവസരം ഇപ്പോഴിതാ...

'മലങ്കരസഭ' മാസിക...

ദേവലോകത്തു നിന്നും പണ്ഡിത കേസരിയായ പ. ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവ ശ്രദ്ധാപൂർവ്വം തുടക്കമിട്ട വിശ്വാസ പരിപാലന യജ്ഞത്തിന്റെ സന്തതി...

പൈങ്കിളി വാരികകൾ അരങ്ങു തകർക്കുന്ന ഈ യുഗത്തിൽ പ. സഭയുടേതായ ആത്മിക സ്പർശം നിങ്ങളുടെ ഭവനത്തിലെത്തുവാൻ അനുവദിച്ചാലും.

To,

The Managing Editor
MALANKARA SABHA MAGZINE
Devalokam P.O., Kottayam - 686 038

Respected Sir,

I wish to be a subscriber of the **MALANKARA SABHA.**

I want to Subscribe for ....Years paying Rs..................
Please send the Magazine regularly. [1 year Rs. 75/-, 2 years Rs. 150/-, 4 Years Rs. 300/-, 10 Years Rs. 750/-].

Yours Sincerly

(Signature)

My Address ....
....
....
....
....Pin ....

പിൻകോടു സഹിതം വിശദമായി പൂരിപ്പിച്ച ഈ ഫോം DD യോടൊപ്പം അയയ്ക്കുക അല്ലെങ്കിൽ MO അയയ്ക്കുക.

പ്രിയ വായനക്കാരാ...

താങ്കൾക്ക് ചെയ്യാവുന്ന ഒരു ഉപകാരമുണ്ട്,

ദയവായി ഈ കോളം മറ്റൊരാൾക്ക് ഇന്ന് തന്നെ പരിചയപ്പെടുത്തുക



വി. കുമ്പസാരം നമ്മുടെ സഭയിൽ...

10-ാം പേജിൽ നിന്നു തുടർച്ച...

അനുഭവിപ്പാൻ പ്രേരിപ്പിക്കണം. Roman catholic സ്വാധീനമാണ് വി. കുമ്പസാരം കഴിക്കാതെ വി. കുർബ്ബാന അനുഭവിപ്പാൻ പാടില്ല എന്നുള്ള ചിന്ത വരുത്തിയത്. അതുമൂലം ആളുകൾ വി. കുർബ്ബാനാനുഭവത്തിൽ നിന്നും പിന്നോക്കം പോയി. അത് പിന്നെ പെസഹായിൽ, ആണ്ടിൽ ഒന്നായി ചുരുങ്ങി. വി. കുർബ്ബാന അനുഭവിക്കുന്നതിന് എല്ലാ വിശ്വാസിക്കും യോഗ്യതയുണ്ട്. അവർ സ്വയ പരിശോധന നടത്തി വി. കുമ്പസാരം ആവശ്യമെങ്കിൽ നടത്തണമെന്ന് ബോധ്യപ്പെടുത്തി വി. കുർബ്ബാന നൽകണം. വി. കുമ്പസാരത്തിന്റെ ആവശ്യമില്ല എന്നു ബോധ്യമുള്ളവർക്ക് വ്യക്തിപരമായ ഹൂസോയോ പ്രാർത്ഥനയ്ക്ക് പകരം പരസ്യമായ ഒരു പ്രാർത്ഥന നടത്തി വി. കുർബ്ബാന അനുഭവിപ്പാൻ അനുവദിക്കണം. വി. കുർബ്ബാനയിൽ തന്നെ മനോഹരമായ ഹൂസോയോ പ്രാർത്ഥനയുണ്ട്. വി. കുർബ്ബാനാനുഭവം തന്നെ കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനുമായിട്ടാണ്. വി. കുർബ്ബാനാനുഭവത്തിനുള്ള ഒരുക്കത്തോടൊപ്പം അധികം ശ്രദ്ധ വി. കുർബ്ബാനയ്ക്കു ശേഷമുള്ള ജീവിതത്തിനും ആവശ്യമെന്ന് പഠിപ്പിക്കണം. ഇതിന് വിശ്വാസികൾക്ക് വേണ്ട പാഠങ്ങൾ നൽകണം.

3) വി. കുമ്പസാരം പൊതുയോഗത്തിൽ ഇരിക്കുന്നതിന് മാനദണ്ഡമായി കാണുന്ന രീതി നീക്കം ചെയ്യണം അതുപോലെ ആളുകൾ കൂട്ടമായി പെസഹായുടെ തലേദിവസം കുമ്പസാരിക്കുവാൻ വരുന്ന പ്രവണതയും മാറ്റണം. പാപബോധമുള്ളവർക്കും അനുതാപമുണ്ട് എന്ന് പട്ടക്കാരന് ബോധം ഉള്ളവർക്ക് മാത്രം absolution നൽകണം.

4) ഒരു പട്ടക്കാരനും കൂട്ടമായി ആളുകൾ വരുമ്പോൾ രണ്ട് മൂന്ന് മിനിറ്റുകൾകൊണ്ട് അർത്ഥവത്തായി വി. കുമ്പസാരം നൽകുവാൻ കഴിയില്ല. ചിലയാളുകൾക്ക് പട്ടക്കാരനിലുള്ള വിശ്വാസക്കുറവും വ്യക്തിപരമായ കുമ്പസാരത്തിൽ നിന്ന് വിമുഖതയുണ്ടാകുന്നു. അതുപോലെ കൗൺസലിംഗിലുള്ള പരിചയക്കുറവുമൂലം നല്ല കുമ്പസാര പിതാവ് ആകുവാൻ പല പട്ടക്കാർക്കും കഴിയുന്നില്ല. ഇതിന് പട്ടക്കാർക്ക് പ്രത്യേകം പരിശീലനം ഈ രംഗത്ത് നൽകേണ്ടതുണ്ട്. ഭദ്രാസനതലത്തിലെങ്കിലും ഒരു മുഴുവൻ സമയ കൗൺസലറായി ഒരു പട്ടക്കാരനെ വേർതിരിക്കാൻ കഴിയണം.

ഒരു വീണ്ടെടുക്കപ്പെട്ട സമൂഹമായി നമ്മുടെ സഭയെ നിലനിർത്തുന്നതിനും ക്രൈസ്തവ ലക്ഷ്യമായ വിശുദ്ധീകരണത്തിലേക്ക് നയിക്കുന്നതിനും വി. കുമ്പസാരം ഒഴിച്ചു കൂടാൻ പാടില്ലാത്ത ഒരു കൂദാശയാണ്. അത് ഏറ്റവും അർത്ഥവത്തായി കൈകാര്യം ചെയ്യാൻ സഭയ്ക്ക് ബാധ്യതയുണ്ട്. കൗദാശിക ജീവിതത്തിലെ അർത്ഥവത്തായ പങ്കാളിത്തത്തിൽക്കൂടിയുള്ള ആത്മിക നവോത്ഥാനത്തിനായിരിക്കണം സഭ ഊന്നൽ നൽകേണ്ടത്. ശരിയായി വി. കുമ്പസാരം നടത്തുകയും മാനസാന്തരത്തിന്റെ ഫലം പുറപ്പെടുവിക്കയും ചെയ്യുന്ന സഭാ മക്കളായി നാം തീരുമ്പോൾ നമ്മുടെ സഭ ജീവനും ചൈതന്യവുമുള്ള സമൂഹമായി വളരും. ❖

അപേക്ഷകൾ ക്ഷണിക്കുന്നു

കുവൈറ്റ് സെന്റ് ഗ്രിഗോറിയോസ് ഇൻഡ്യൻ ഓർത്തഡോക്സ് ഇടവകയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി **വിദ്യാഭ്യാസം, വിവാഹം, ഭവന നിർമ്മാണം, സ്വയം തൊഴിൽ കണ്ടെത്തൽ, രോഗ ചികിത്സ** എന്നിവയ്ക്കു ഈ വർഷവും സാമ്പത്തിക സഹായത്തിനായി അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. സഹായം അർഹിക്കുന്നവർ, ഇടവക വികാരിയുടേയും, അതാതു ഭദ്രാസന മെത്രാപ്പോലീത്തായുടേയും ശുപാർശയോടുകൂടിയ അപേക്ഷകൾ 2006 ജൂൺ മാസം 30-നു മുൻപ് ലഭിക്കത്തക്ക വിധം താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ അയച്ചു തരണമെന്നു അറിയിക്കുന്നു.

Box No. 501
മലങ്കരസഭ മാസിക
ദേവലോകം അരമന
കോട്ടയം-686038

ഗൾഫ് യൂത്ത് കോൺഫറൻസ്

ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ പ്രഥമ ഗൾഫ് യൂത്ത് കോൺഫ്രൻസ്, മാർച്ച് 2, 3, തീയതികളിൽ ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ നടന്നു.

സൗദി അറേബ്യ, ഒമാൻ, കുവൈറ്റ്, ഖത്തർ, ബഹ്റൈൻ, എന്നീ ഗൾഫ് രാജ്യങ്ങളിൽ നിന്നും, യു.എ.ഇ. യിലെ വിവിധ എമിറേറ്റുകളിൽ നിന്നുമായി യുവതി, യുവാക്കളുൾപ്പെടെ എഴുന്നൂറിൽപരം പ്രതിനിധികൾ കോൺഫറൻസിൽ സംബന്ധിച്ചു. ഡൽഹിയിൽ നിന്നും കേരളത്തിൽ നിന്നും പ്രതിനിധികൾ പങ്കെടുക്കയുണ്ടായി.

അഭി. ഗീവർഗീസ് മാർ കൂറിലോസ്, അഭി. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്, അഭി. ഔഗേൻ മാർ ദിവന്നാസ്യോസ്, അഭി. ഡോ. തോമസ് മാർ അത്താനാസ്യോസ്, അഭി. ഡോ. യൂഹാനോൻ മാർ മിലിത്തിയോസ് എന്നീ മെത്രാപ്പോലീത്താമാർ വിവിധ സ്ഥലങ്ങളിൽ നടന്ന സെമിനാറുകൾക്ക് നേതൃത്വം നൽകി. ഡോ. സുകുമാർ അഴീക്കോട്, ഡോ. ജോർജ് ഓണക്കൂർ, ശ്രീ. എം. ജി. രാധാകൃഷ്ണൻ തുടങ്ങിയവർ പ്രഭാഷണങ്ങൾ നടത്തി. ഫാ. നൈനാൻ കുര്യാക്കോസ്, ശ്രീ. പോൾ മണലിൽ എന്നിവർ പ്രതിനിധികളായി പങ്കെടുത്തു "മത സൗഹാർദ്ദം സംരക്ഷിക്കുന്നതിൽ മാധ്യമങ്ങളുടെ പങ്ക്" എന്ന വിഷയത്തിൽ യു.എ.ഇ. യിലെ പത്രപ്രവർത്തകരെ സംഘടിപ്പിച്ചുകൊണ്ട് നടത്തിയ മാധ്യമ സെമിനാർ ശ്രദ്ധേയമായിരുന്നു.

സ്ക്കൂൾ വർഷാരംഭ ധ്യാനവും ക്ലാസും

അഖില മലങ്കര പ്രാർത്ഥനാ യോഗത്തിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി നടത്തിവരുന്ന മാർഗ്ഗനിർദ്ദേശക ക്ലാസും മദ്ധ്യസ്ഥ പ്രാർത്ഥനയും ധ്യാനവും ഈ വർഷവും മെയ് 28–ാം തീയതി ഞായറാഴ്ച രാവിലെ 10.30 മുതൽ പരുമല പള്ളിയിൽ വച്ച് നടത്തപ്പെടുന്നു. പ്രസിഡന്റ് അഭിവന്ദ്യ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ ഫാ. ഡോ. ജോൺ പണിക്കർ ധ്യാനത്തിനും ക്ലാസിനും നേതൃത്വം നൽകും.

കൈപ്പറ്റി

കുന്നംകുളം കാവടിക്കേസ്: അഡ്വ. പി. സി. മാത്യു പുലിക്കോട്ടിൽ എഴുതിയ പുസ്തകം കൈപ്പറ്റി.

ക്രൂശിത സത്യങ്ങൾ : വേദപുസ്തകാടിസ്ഥാനത്തിൽ രചിക്കപ്പെട്ട 41 കവിതകൾ. രാജു പാമ്പാടിയുടെ ആത്മനിഷ്ഠമായ രചനകൾ. ക്രിസ്തുവിന്റെ സഹനത്തിന് മുൻതൂക്കം നല്കിക്കൊണ്ട് ലോകത്തെ അവതരിപ്പിക്കുന്ന കവിതകൾ. വിലാസം:- അയ്യമ്പറമ്പിൽ, പൊത്തൻപുറം പി.ഓ., പാമ്പാടി, കോട്ടയം, വില 40 രൂപ.

ഡോക്ടറേറ്റ് ലഭിച്ചു



യുവജനപ്രസ്ഥാനം കേന്ദ്രകമ്മറ്റിയംഗവും മുൻ കോട്ടയം ഭദ്രാസന സെക്രട്ടറിയും ആയ ജേക്കബ് മണ്ണുംമൂടിന് മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് ലഭിച്ചു. പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് മലയാളം റിസേർച്ച് സെന്ററിൽ, സി. അന്തപ്പായിയുടെ കൃതികളെക്കുറിച്ചു നടത്തിയ പഠനത്തിനാണ് പി.എച്ച്.ഡി. ലഭിച്ചത്. വാകത്താനം ജെറുസലേം മൗണ്ട് ഹയർസെക്കണ്ടറി സ്ക്കൂൾ അദ്ധ്യാപകനാണ്. കേരളാ പ്രൈവറ്റ് ഹയർസെക്കണ്ടറി സ്ക്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ സംസ്ഥാന സെക്രട്ടറി. ഡോ. ലിസാ ജേക്കബാണ് ഭാര്യ, മക്കൾ: ആഷ്മാ ലിയാ ജേക്കബ്, റോഷ് എബൻ ജേക്കബ്.

റാങ്ക് നേടി



മലങ്കര ഓർത്തഡോക്സ് സൺഡേ സ്ക്കൂൾ അസ്സോസിയേഷൻ 2005–ൽ നടത്തിയ 10–ാം ക്ലാസ് പരീക്ഷയിൽ (SSFC) Outside Kerala region –ൽ നിന്നും ഒന്നാം റാങ്കു കരസ്ഥമാക്കിയ ബിൻസി ബാബു. മുംബയ് ഭദ്രാസനത്തിൽ മുള്ളണ്ട് സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവക അംഗമായ ബാബു ജോർജിന്റെയും തങ്കമ്മ ബാബുവിന്റെയും മകളാണ്.



ഈ വർഷത്തെ അഖില മലങ്കര സൺഡേസ്ക്കൂൾ പരീക്ഷയിൽ 10–ാം ക്ലാസ്സിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ കുമാരി അനു ജോസ് കോട്ടയം ഭദ്രാസനത്തിൽ ഉൾപ്പെട്ട മുണ്ടത്താനം സെന്റ് ജോൺസ് ഇടവകാംഗവും കടുത്താറ്റ് ജോസ് ഇട്ടിയുടേയും മിനി ജോസിന്റെയും മകളുമാണ്.



റ്റീനാ ബാബു (2-ാം റാങ്ക്)



റ്റിറ്റി ബാബു (3-ാം റാങ്ക്)

സൺഡേസ്ക്കൂൾ പ്രസ്ഥാനം 2005–ൽ നടത്തിയ മൽസര പരീക്ഷയിൽ പത്താംക്ലാസിൽ യഥാക്രമം 2 ഉം 3 ഉം റാങ്ക് നേടിയ റ്റീനാ ബാബുവും, റ്റിറ്റി ബാബുവും. കൈപ്പട്ടൂർ സെ. ഇഗ്നേഷ്യസ് പള്ളി അംഗങ്ങളാണ്.

ബിരുദം നേടി



പ്രമുഖ പത്രപ്രവർത്തകനും (എഡിറ്റർ –ന്യൂസ് കോർഡിനേഷൻ, യു.എൻ.ഐ., ന്യൂഡെൽഹി) ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മറ്റിയംഗവുമായ ജോർജ് വർഗീസിന് അമേരിക്കയിലെ ബൈബിൾ റിസേർച്ച് ഓപ്പൺ യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടർ ഓഫ് ഡിവിനിറ്റി ബിരുദം ലഭിച്ചു. ഡൽഹിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മീഡിയാ സ്റ്റഡീസ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി ചെയർമാൻ, ലോക മലയാളി കൗൺസിൽ ഡൽഹി പ്രവിശ്യാ ചെയർമാൻ, ന്യൂഡൽഹി വൈ.എം.സി.എ. വൈസ് പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിക്കുന്നു. റാന്നി സെന്റ് തോമസ് കോളജ് അധ്യാപകനായിരുന്ന ജോർജ് വർഗീസ് മൂന്നര ദശാബ്ദമായി ഡൽഹിയിൽ പത്രപ്രവർത്തകനാണ്. തുമ്പമൺ വലിയ വീട്ടിൽ ബഥാന്യയിൽ പരേതനായ വി. ജി. ജോർജിന്റെ പുത്രനാണ്.

തെരഞ്ഞെടുത്തു



കേരളത്തിലെ സി.ബി.എസ്.ഇ. സ്ക്കൂളുകളുടെ പൊതുവേദിയായ 14 സഹോദയാ സംഘങ്ങളുടെ സംയുക്ത സംരംഭമായ കോൺഫെഡറേഷൻ ഓഫ് കേരളാ സഹോദയാ കോംപ്ലെക്സസ് പ്രസിഡണ്ടായി തെങ്ങണ ഗുഡ്ഷെപ്പേർഡ് പബ്ലിക് സ്ക്കൂൾ ആന്റ് ജൂണിയർ കോളജ് സീനിയർ പ്രിൻസിപ്പൽ പ്രൊഫ. പി. സി. ഏലിയാസ് തെരഞ്ഞെടുക്കപ്പെട്ടു.



അമേരിക്കൻ ഭദ്രാസന മർത്തമറിയം സമാജത്തിന്റെ ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുത്ത ശ്രീമതി ഷൈനി രാജു. staten Island St. George (NewYork) ഇടവകാംഗമാണ്. NewJersy esses country college അദ്ധ്യാപികയായും സേവനം അനുഷ്ഠിക്കുന്നു.

കലഹണ്ടിയിൽ കല്മഴ
ആദിവാസികൾക്ക് മലങ്കര മക്കളുടെ സാന്ത്വനം

കലഹണ്ടി: മാർച്ച് മാസം 7–ാം തീയതി കലഹണ്ടിയിലെ ഭവാനി പട്ടണത്തിലും അതിന്റെ പ്രാന്ത പ്രദേശങ്ങളിലും ഉണ്ടായ കൽമഴയിലും, കാറ്റിലും കുഗ്രാമത്തിൽ താമസ്സിക്കുന്ന മനുഷ്യരുടെ ഭവനങ്ങളുടെ മേൽക്കൂരയും, മേച്ചിലും പൂർണ്ണമായി നഷ്ടമായി. കൂടാതെ കൃഷികൾ, പക്ഷികൾ, വളർത്തു മൃഗങ്ങൾ എന്നിവയ്ക്കും വൻനാശം സംഭവിച്ചു.

'നാർസോക്' മുഖേന അരിയും, പരിപ്പും നൽകുകയും പുരകെട്ടി മേയുവാനായി 250 ഭവനങ്ങൾക്ക് സാമ്പത്തിക സഹായം നൽകി സഹായിക്കുകയും ചെയ്തു.

മിഷൻ ഡയറക്ടർ വന്ദ്യ ഫീലിപ്പോസ് റമ്പാച്ചൻ പ്രോജക്ട് മാനേജർ റവ. ഫാ. ജി. തോമസ് തുടങ്ങിയവർ നേതൃത്വം നൽകി.

ഉദ്ഘാടനം ചെയ്തു



കിഴക്കൻ മേഖലാ ഓർത്തഡോക്സ് കൺവൻഷൻ പ. ദിദിമോസ് പ്രഥമൻ കാതോലിക്കബാവ ഉദ്ഘാടനം ചെയ്യുന്നു. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഫാ. റോയി എം. ജോയി, ഫാ. യോഹന്നാൻ ശങ്കരത്തിൽ, ഫാ. ടൈറ്റസ് ജോർജ്ജ്, ഫാ. രാജു ദാനിയേൽ, ഫാ. സഖറിയാ ശാമുവേൽ, ഫാ. ഷിജു ജോൺ എന്നിവർ സമീപം.

സെന്റ് ബേസിൽ ടീമിന് വെബ്സൈറ്റ്

തുമ്പമൺ ഭദ്രാസന അരമന കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പത്തനംതിട്ട സെന്റ് ബേസിൽ ഗോസ്പൽ ടീമിന്റെ വെബ്സൈറ്റ്, രക്ഷാധികാരി അഭിവന്ദ്യ ഫീലിപ്പോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. www.stbasilgospelteam.com എന്ന സൈറ്റ് സന്ദർശിക്കുന്നവർക്ക് ഗാനങ്ങൾ ആസ്വദിച്ചുകൊണ്ട് ടീമിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് കൂടുതൽ അറിയുന്നതിനും പ്രാർത്ഥനാ വിഷയങ്ങൾ സമർപ്പിക്കുന്നതിനും പ്രോഗ്രാം ബുക്ക് ചെയ്യുന്നതിനും സാധിക്കും. ഫോൺ: 9447118884, 04682211622

ശില്പശാല

കൊല്ലം ഭദ്രാസന കരിയർ ഗൈഡൻസ് സെല്ലിന്റെയും മാർ ദീവന്നാസ്യോസ് എഡ്യുക്കേഷൻ കരിയർ ഗൈഡൻസ് ചാരിറ്റബിൾ ട്രസ്റ്റിന്റെയും ആഭിമുഖ്യത്തിൽ പ്ലസ്ടു കഴിഞ്ഞ വിദ്യാർത്ഥികൾക്കായി കരിയർ ഗൈഡൻസ് ശില്പശാല സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താല്പര്യമുള്ളവർ മെയ് 19–നു മുമ്പ് ഫാ. എസ്. വി. മാത്യു തുവയൂർ, ഫോൺ: 9447370744; മാർ എപ്പിഫാനിയോസ് സെന്റർ, അടൂർ, ഫോൺ: 04734227117 എന്നി നമ്പരുകളിൽ ബന്ധപ്പെടുക.

നെടുമാവ് പള്ളിക്കൂദാശ

നെടുമാവ് സെന്റ് പോൾസ് പള്ളിയുടെ കൂദാശ ഈ മാസം 25, 26 തീയതികളിൽ നടക്കുന്നു 21–ന് ജ്യോതി പ്രയാണം, 25–ന് കൂദാശ ഒന്നാം ഭാഗവും 26–ന് രാവിലെ രണ്ടാം ഭാഗവും വി. കുർബ്ബാനയും. പ. ബസ്സേലിയോസ് ദിദിമോസ് പ്രഥമൻ ബാവാ മുഖ്യ കാർമ്മികനായിരിക്കും.

For Favours Received












M. A. Philip, Kozhencherry







Joy & Family, Vennikulam

Mariamma Mammen, Othera West







A. Mathai, Bhubaneswar

Suby Kulanada

Mathew, Chengaroor







A Well Wisher, U.S.A.

P.J. Jolly, Panackal

A Well Wisher, Konni

K. J. Varghese, Kurichy

THE MALANKARA SABHA,
CATHOLICATE OFFICE, KOTTAYAM-686 038

Licence No. 475, 11th April 1946. Registered No.KL/CR/KTM/ 236/2006-08
Licence No. KL/CR/KTM/WPP-049/2006-08.
Licenced to Post Without Pre-payment

PRINTED AND PUBLISHED BY FR. T.A. EDAYADI FOR ORTHODOX VISWASA PARIPALANA SAMITHY, KOTTAYAM.
PRINTED AT MAYUR PRINTERS, KOTTAYAM FOR CATHOLICATE PRESS KOTTAYAM-38; CHIEF EDITOR FR. DR. JOHN PANICKER. RS. 7/-